# നാല്

## ഇമാമുകളുടെയും വിശ്വാസം

## اعتقاد الأئمة الأربعة



ഡോ. മുഹമ്മദ്
അബ്ദു റഹ്മാൻ അൽ-ഖമീസ്

**നാല് ഇമാമുമാരുടെയും വിശ്വാസം**
**(ഖുർആനിലും നബിചര്യയിലും വന്നതുപോലെ)**
ഗ്രന്ഥകർത്താവ്
**ഡോ. മുഹമ്മദ് അബ്ദുർറഹ്മാൻ അൽഖമീസ്**


شركاء التنفيذ:

المحتوى الإسلامي رواد الترجمة جمعية الربوة دار الإسلام



يتاح طباعة هذا الإصدار ونشره بأي وسيلة مع
الالتزام بالإشارة إلى المصدر وعدم التغيير في النص.



Telephone: +966114454900
ceo@rabwah.sa
P.O.BOX: 29465
RIYADH: 11557
www.islamhouse.com

## നാല് ഇമാമുകളുടെയും വിശ്വാസം

بسم الله الرحمن الرحيم

## ആമുഖം

ലോകരക്ഷിതാവായ അല്ലാഹുവിനാണ് സർവ സ്തുതിയും. നാം അവനെ വാഴ്ത്തുന്നു. അവനോട് സഹായം തേടുന്നു. അവനോട് പാപമോചനം തേടുന്നു. നമ്മുടെ തിന്മകളിൽ നിന്നും നമ്മുടെ പ്രവൃത്തികളുടെ തിന്മകളിൽ നിന്നും നാം അല്ലാഹുവിനോട് അഭയം തേടുന്നു.

അവൻ നേർമാർഗത്തിലാക്കുന്നവരെ വഴിപിഴപ്പിക്കാനാർക്കുമാകില്ല. അവൻ വഴിതെറ്റിക്കുന്നവരെ നേർമാർഗത്തിലാക്കാനുമാവില്ല. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും മുഹമ്മദ് ﷺ അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ﴾ [آل عمران: ١٠٢]

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്'." (ആലു ഇംറാൻ: 102)

﴿يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا﴾ [النساء: ١]

"മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽനിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു." (നിസാഅ്:1)

## നാല് ഇമാമുകളുടെയും വിശ്വാസം

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَنْ يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا﴾ [الأحزاب: ٧٠، ٧١]

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു.” (അഹ്സാബ്:70, 71)

“മതത്തിന്റെ മൗലിക തത്വങ്ങൾ ഇമാം അബൂഹനീഫ ﷺ യുടെ വീക്ഷണത്തിൽ" എന്ന വിഷയത്തെ ആസ്പദിച്ച് ഡോക്ടറേറ്റ് നേടുന്നതിന് വേണ്ടി വിശാലമായൊരു ഗവേഷണപ്രബന്ധം ഞാൻ തയ്യാറാക്കിയിരുന്നു. അതിന്റെ മുഖവുരയിൽ മാലിക്, ശാഫിഈ, അഹ്മദ് എന്നീ മൂന്നു ഇമാമുകളുടെയും വിശ്വാസപാഠങ്ങളുടെ ഒരു സംഗ്രഹം ഉൾകൊള്ളിച്ചിരുന്നു.

ചില മാന്യസുഹൃത്തുക്കൾ ഈ മൂന്നു ഇമാമുകളുടെയും വിശ്വാസപാഠങ്ങൾ വേർതിരിച്ച് അവതരിപ്പിക്കാൻ എന്നോട് ആവശ്യപ്പെട്ടു. 'നാല് ഇമാമുകളുടെയും വിശ്വാസങ്ങൾ' എന്ന വിഷയപൂർത്തീകരണത്തിനായി എന്റെ ഗവേഷണപഠനത്തിൽ തൗഹീദിലും, ഖദ്റിലും, ഈമാനിലും, സ്വഹാബത്തിലും; ഇമാം അബൂഹനീഫക്കുള്ള വിശ്വാസങ്ങൾ, വചനശാസ്ത്ര വിജ്ഞാനത്തോടുള്ള അദ്ദേഹത്തിന്റെ നിലപാട് എന്നിവയെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിരുന്നതിന്റെ ഒരു ചുരുക്ക വിവരണം കൂടി ആ മുഖവുരയിലേക്ക് കൂട്ടിചേർത്തിരിക്കുകയാണ്.

ഈ കൃത്യം മുഖേന അല്ലാഹുവിന്റെ പ്രീതി മാത്രമാണ് ഞാൻ കാംക്ഷിക്കുന്നത്. അവന്റെ ഗ്രന്ഥമായ ഖുർആനിൽ നിന്നും സന്മാർഗം സ്വീകരിക്കാനും തിരുദൂതരുടെ ചര്യയിൽ സഞ്ചരിക്കാനും നമ്മെയെല്ലാം അവൻ അനുഗ്രഹിക്കട്ടെ. ഈ ലക്ഷ്യത്തിനു പിന്നിൽ അല്ലാഹുവാണ്. അവൻ നമുക്ക് മതിയായവനും ഏറ്റവും നല്ല കാര്യസ്ഥനുമാണ്.

وآخر دعوانا أن الحمد لله رب العالمين.

**ഡോ. മുഹമ്മദ് അബ്ദുർറഹ്മാൻ അൽഖമീസ്**

## നാല് ഇമാമുകളുടെയും വിശ്വാസം

# ഈമാനിന്റെ കാര്യത്തിൽ ഒഴികെ, മതത്തിന്റെ മൗലികവിഷയങ്ങളിലെല്ലാം നാലു ഇമാമീങ്ങളുടെയും വിശ്വാസം ഒന്നുതന്നെ

ഇമാം അബൂഹനീഫ ﵀, ഇമാം മാലിക് ﵀, ഇമാം ശാഫിഈ ﵀, ഇമാം അഹ്മദ് ﵀ എന്നീ നാല് ഇമാമീങ്ങളുടെയും വിശ്വാസം ഖുർആനും സുന്നത്തും അറിയിച്ചതും, സ്വഹാബികളും അവരെ നല്ല നിലയിൽ പിന്തുടർന്ന താബിഉകളും നില കൊണ്ടിരുന്നത് തന്നെയാണ്. ഇമാമുമാർക്കിടയിൽ മതത്തിന്റെ അടിസ്ഥാന വിഷയങ്ങളിൽ യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടായിരുന്നില്ല. (അൽഹംദുലില്ലാഹ്).

എന്നുമാത്രമല്ല, അല്ലാഹുവിന്റെ വിശേഷണങ്ങളിലുള്ള വിശ്വാസം, ഖുർആൻ അല്ലാഹുവിന്റെ വചനമാണ്; സൃഷ്ടിയല്ല, ഹൃദയവും നാവും വിശ്വാസത്തെ സത്യപ്പെടുത്തണം... എന്നീ വിഷയങ്ങളിൽ അവർ ഏകാഭിപ്രായക്കാരാണ്. അതിനുപുറമെ, ഗ്രീക് തത്വശാസ്ത്രവും വചനശാസ്ത്ര ചിന്താധാരകളും സ്വാധീനിച്ചിരുന്ന, ജഹ്മിയാക്കളും മറ്റുമടങ്ങിയ വചന ശാസ്ത്ര വക്താക്കളെ ഇമാമീങ്ങൾ അതിരൂക്ഷമായി വിമർശിക്കുകയും ചെയ്തിരുന്നു.

ശൈഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ ﵀ പറയുന്നു: “ജഹ്മികളായ വചനശാസ്ത്രക്കാർ ഖുർആനിന്റെയും, ഈമാനിന്റെയും, അല്ലാഹുവിന്റെ സ്വിഫാത്തുകളുടെയും വിഷയങ്ങളിൽ നടത്തിയ വാദമുഖങ്ങളെ സമുദായത്തിൽ സൽകീർത്തിയുണ്ടായിട്ടുള്ള നാല് ഇമാമീങ്ങളെ പോലുള്ളവരും മറ്റും നിശിതമായി എതിർത്തിരുന്നു എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. പരലോകത്ത് അല്ലാഹുവിനെ വിശ്വാസികൾ ദർശിക്കുന്നതാണ്, ഖുർആൻ അല്ലാഹുവിന്റെ വചനമാണ്; സൃഷ്ടിയല്ല, നാവുകൊണ്ടും ഹൃദയം കൊണ്ടും സത്യപ്പെടുത്തൽ ഈമാനിന്റെ ഭാഗമാണ് എന്നിങ്ങനെ സലഫുകൾക്കുണ്ടായിരുന്ന നിലപാടുകളിൽ ഏകോപിച്ചിരുന്നു.” (അൽഈമാൻ: 350, 351)

അദ്ദേഹം തന്നെ പറയുന്നു: ''പ്രസിദ്ധരായ എല്ലാ ഇമാമുകളും അല്ലാഹുവിന്റെ സ്വിഫാതുകളെ (വിശേഷണങ്ങളെ) സ്ഥാപിക്കുന്നവരാണ്. 'ഖുർആൻ അല്ലാഹുവിന്റെ വചനമാണ്-സൃഷ്ടിയല്ല എന്നും, പരലോകത്ത് അല്ലാഹുവിനെ ദർശിക്കുമെന്നും അവർ പറഞ്ഞിരുന്നു. സ്വഹാബത്തിന്റെയും അഹ്ലുൽബൈതിൽ നിന്നും മറ്റുമുള്ള അവരുടെ ശരിയായ പിൻഗാമികളുടെയും വീക്ഷണവും ഇതുതന്നെ.

## നാല് ഇമാമുകളുടെയും വിശ്വാസം

മാലിക് ബ്നു അനസ് ﵀, സുഫ്യാൻ അഥൗരി ﵀, ലൈഥു ബ്നുസഅദ് ﵀, ഔസാഈ ﵀, അബൂഹനീഫ ﵀, ശാഫിഈ ﵀, അഹമദ്﵀ തുടങ്ങിയ സ്വീകാര്യയോഗ്യരായ ഇമാമുകളുടെ വീക്ഷണവും അതാണ്." (മിൻഹാജുസുന്ന: 2/ 106)

ശാഫിഈ ഇമാമിന്റെ ﵀ വിശ്വാസത്തെ കുറിച്ച് ചോദിച്ചതിന് ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ ﵀ ഇങ്ങനെ മറുപടി നൽകി: "ഫുളൈൽബിൻ ഇയാദ്വ് ﵀, അബൂസുലൈമാൻ അദ്ദാറാനി ﵀, സഹലുബ്നു അബ്ദില്ലാ അതസ്തുരി ﵀ തുടങ്ങിയ അനുകരണീയരായ മഹത്തുക്കളുടെ വിശ്വാസം തന്നെയാണ് ഇമാം ശാഫിഈ ﵀ യുടെ വിശ്വാസവും. ഈ സമുദായത്തിലെ പൂർവ്വ സൂരികളായ ഇമാം മാലിക് ﵀, സുഫ്യാൻ അഥൗരി ﵀, ഔസാഈ ﵀, ഇബ്നു മുബാറക് ﵀, അഹമദുബിൻ ഹമ്പൽ ﵀, ഇസ്ഹാഖു ബിനുറാഹവൈഹി ﵀ പോലുള്ളവരുടെ വിശ്വാസവും അതുതന്നെ. ഈ ഇമാമുകൾക്കിടയിലോ ഇവരെപോലുള്ളവർക്കോ മതത്തിന്റെ അടിസ്ഥാനകാര്യങ്ങളിൽ യാതൊരുവിധ ഭിന്നതയുമില്ല.

ഇമാം അബൂഹനീഫ﵀യുടെ കാര്യവും അങ്ങനെ തന്നെ. തൗഹീദ്, ഖദ്ർ തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹത്തിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടുള്ളതെല്ലാം മറ്റു ഇമാമുകളുടെ വിശ്വാസത്തോട് യോജിക്കുന്നു. അവരുടെ വിശ്വാസമാകട്ടെ, ഖുർആനും സുന്നത്തും അറിയിച്ചതും, സ്വഹാബികളും ഏറ്റവും നല്ല രൂപത്തിൽ അവരെ പിന്തുടർന്ന താബിഉകളും നില കൊണ്ടിരുന്നതുമായിരുന്നു." (മജ്മൂഉൽ ഫതാവാ: 5/256)

മഹാപണ്ഡിതനായിരുന്ന സിദ്ദീഖ് ഹസൻ ഖാനും ﵀ ഇതേ വീക്ഷണക്കാരനാണ്. അദ്ദേഹം പറയുന്നത് കാണുക: "നമ്മുടെ ആദർശം സലഫുകളുടെ ആദർശം തന്നെയാണ്. അതായത്, അല്ലാഹുവിന്റെ വിശേഷണങ്ങളെ സാദൃശ്യപ്പെടുത്താതെ സ്ഥാപിക്കുകയും, അവയെ നിഷേധിക്കാതെ (അവ സദൃശ്യങ്ങളിൽ നിന്ന് മുക്തമാണെന്ന്) പരിശുദ്ധമാക്കുകയും ചെയ്യുക.

ഇതുതന്നെയാണ് ഇമാമീങ്ങളായ മാലിക് ﵀, ശാഫിഈ ﵀, ഥൗരി ﵀, ഇബ്നു മുബാറക് ﵀, അഹമദ് ﵀ തുടങ്ങിയ ഇസ്ലാമിക പണ്ഡിതന്മാരുടെയും ആദർശം. ഈ ഇമാമുകൾക്കിടയിലൊന്നും ദീനിന്റെ ഉസൂലുകളിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരുന്നില്ല. ഇമാം അബൂഹനീഫ ﵀ യിൽ നിന്നും സ്ഥിരപ്പെട്ടുവന്നിട്ടുള്ള വിശ്വാസപാഠങ്ങൾ മറ്റു ഇമാമുകളോട് യോജിക്കുന്നതും ഖുർആനും സുന്നത്തും മൊഴിഞ്ഞതും തന്നെയാണ്." (ഖത്വ്ഫ് ഥമർ: 47, 48)

## നാല് ഇമാമുകളുടെയും വിശ്വാസം

അബൂഹനീഫ ﵀, മാലിക് ﵀, ശാഫിഈ ﵀, അഹ്മദ് ﵀ എന്നീ അനുകരിക്കപ്പെടുന്ന നാല് ഇമാമുകളും മതത്തിന്റെ മൗലിക വിഷയങ്ങളിൽ വിശ്വസിച്ചിരുന്ന ആദർശവും വചനശാസ്ത്ര വിജ്ഞാനത്തോടുള്ള അവരുടെ സമീപനവും എന്തായിരുന്നെന്ന് അവരുടെ തന്നെ പ്രസ്താവനകളിലൂടെ ഇനി നമുക്ക് വിലയിരുത്താം.

## നാല് ഇമാമുകളുടെയും വിശ്വാസം

## ഇമാം അബൂഹനീഫ ﵀ യുടെ വിശ്വാസം

### തൗഹീദുമായി ബന്ധപ്പെട്ട ഇമാം അബൂഹനീഫ ﵀ യുടെ പ്രസ്താവനകൾ:

**1. അല്ലാഹുവിന്റെ ഏകത്വവുമായി (തൗഹീദ്) ബന്ധപ്പെട്ട വിഷയങ്ങളിൽ അദ്ദേഹത്തിന്റെ വിശ്വാസവും, ഇസ്‌ലാമികമായ തവസ്സുൽ (ഇടതേട്ടം) വിവരിച്ചതും, അനാചാരമാകുന്ന തവസ്സുൽ നിരാകരിച്ചതും.**

قال أبو حنيفة: «**لا ينبغي لأحد أن يدعو الله إلا به والدعاء المأذون فيه المأمور به ما استفيد من قوله تعالى:** ﴿وَلِلَّهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ﴾ [الأعراف: ١٨٠] ...»

1) ഇമാം അബൂഹനീഫ ﵀ പറയുന്നു: " അല്ലാഹു കൽപിക്കുകയും അനുവാദം നൽകുകയും ചെയ്ത പ്രാർത്ഥനകളല്ലാതെ, അവൻ മുഖേനയല്ലാതെ അല്ലാഹുവോട് ഒരാൾക്കും പ്രാർത്ഥിക്കാവതല്ല. ഖുർആനിൽനിന്നും ഇതു മനസ്സിലാക്കാം. അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَلِلَّهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ﴾ [الأعراف: ١٨٠]

" അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും." (അഅ്റാഫ്: 180)

قال أبو حنيفة: «**يكره أن يقول الداعي أسألك بحق فلان أو بحق أنبيائك ورسلك وبحق البيت الحرام والمشعر الحرام**»

2) ഇമാം അബൂഹനീഫ ﵀ പറയുന്നു: " നബിമാരുടെയും റസൂലുകളുടെയും ഹഖു കൊണ്ട് ഞാൻ ചോദിക്കുന്നു എന്നോ ഇന്ന വ്യക്തിയുടെ ഹഖുകൊണ്ടോ ബൈതുൽ ഹറാമിന്റെയോ മശ്അറുൽ ഹറാമിന്റെയോ ഹഖുകൊണ്ട് ചോദിക്കുന്നു, എന്നോ ഒരാൾ പ്രാർത്ഥിക്കുന്നത് വെറുക്കപ്പെട്ടതാണ്." [1]

---

[1] ശർഹു അഖീദത്തി ത്വഹാവിയ്യ: പേജ് 234, ഇത്ഹാഫു സാദതിൽ മുത്തഖീൻ: 2/ 285, ഖാരിയുടെ ശറഹുൽ ഫിഖ്ഹിൽ അക്ബർ / ഖാരീ: 198.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال أبو حنيفة: «لا ينبغي لأحد أن يدعو الله إلا به وأكره أن يقول بمعاقد العز من عرشك، أو بحق خلقك»

3) ഇമാം അബൂഹനീഫ ﵀ പറയുന്നു: "അല്ലാഹുവിനെ കൊണ്ടല്ലാതെ അല്ലാഹുവോട് ഒരാൾക്കും പ്രാർത്ഥിക്കാവതല്ല. 'സൃഷ്ടികളുടെ ഹഖ്കൊണ്ട്' എന്നോ 'നിന്റെ സിംഹാസനത്തിലെ പ്രതാപത്തിന്റെ സങ്കേതം മുഖേന' എന്നോ പറയുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല." [1]

### 2. അല്ലാഹുവിന്റെ സ്വിഫാതുകളെ സ്ഥാപിക്കുകയും ജഹ്'മികളെ ഖണ്ഡിക്കുകയും ചെയ്യുന്നു

وقال: «لا يوصف الله تعالى بصفات المخلوقين، وغضبه ورضاه صفتان من صفاته بلا كيف، وهو قول أهل السُّنَّة والجماعة وهو يغضب ويرضى ولا يقال: غضبه عقوبته ورضاه ثوابه، ونصفه كما وصف نفسه أحدٌ صمد لم يلد ولم يولد ولم يكن له كفوًا أحد، حيٌّ قادر سميع بصير عالم، يد الله فوق أيديهم ليست كأيدي خلقه ووجهه ليس كوجوه خلقه»

4) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: " സൃഷ്ടികളുടെ വിശേഷണങ്ങൾ കൊണ്ട് അല്ലാഹുവിനെ വിശേഷിപ്പിക്കരുത്. അവന്റെ കോപവും തൃപ്തിയും രൂപങ്ങൾ സങ്കൽപ്പിക്കാൻ പറ്റാത്ത വിശേഷണങ്ങളിൽ പെട്ടതാണ്. ഇതാണ് അഹ്ലുസുന്നത്തി വൽ ജമാഅത്തിന്റെ വീക്ഷണം.

അല്ലാഹു കോപിക്കും, അവൻ തൃപ്തിപ്പെടും (എന്നെല്ലാം അവർ പറയുന്നു); എന്നാൽ അവന്റെ കോപമെന്നാൽ അതിന്റെ അർത്ഥം ശിക്ഷയാണെന്നോ അവന്റെ തൃപ്തിയെന്നാൽ അർത്ഥം പ്രതിഫലമാണെന്നോ പറയാവതല്ല.

അവൻ സ്വന്തത്തെ വിശേഷിപ്പിച്ചത് മാത്രം നമ്മളും വിശേഷിപ്പിക്കുക. അവൻ ഏകനായ 'അഹദും' പരാശ്രയമുക്തനായ 'സ്വമദും' ആണ്. അവൻ ജനിച്ചതല്ല; ജനിപ്പിച്ചിട്ടുമില്ല. അവനു തുല്ല്യമായി യാതൊന്നുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനായ 'ഹയ്യും' സർവ്വശക്തനായ 'ഖാദിറും' എല്ലാം കേൾക്കുന്നവനായ 'സമീഉം' എല്ലാം കാണുന്നവനായ 'ബസ്വീറും' എല്ലാം അറിയുന്നവനായ 'അലീമും' ആണ്.

[1] അത്തവസ്സുലു വൽവസീല: 82, ശർഹു ഫിഖ്ഹിൽ അക്ബർ: 198.

## നാല് ഇമാമുകളുടെയും വിശ്വാസം

'അവന്റെ കരം അവരുടെ കരങ്ങൾക്കു മീതെയാണ്' (എന്ന് ഖുർആനിൽ പറഞ്ഞതിന്റെ ഉദ്ദേശ്യം) അത് സൃഷ്ടികളുടെ കൈകൾ പോലെയെന്നല്ല. അവന്റെ മുഖം അവന്റെ സൃഷ്ടികളുടെ മുഖങ്ങളെ പോലെയുമല്ല." [1]

وقال: «وله يد ووجه ونفس، كما ذكره الله تعالى في القرآن، فما ذكره الله تعالى في القرآن من ذكر الوجه واليد والنفس، فهو له صفات بلا كيف ولا يقال إن يده قدرته أو نعمته، لأن فيه إبطال الصفة وهو قول أهل القدر والاعتزال»

5) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: "അല്ലാഹു ഖുർആനിൽ പറയുന്നതു പോലെ അവന്ന് മുഖവും ആസ്തിത്വവും കയ്യുമുണ്ട്. അല്ലാഹു ഖുർആനിൽ പറഞ്ഞിട്ടുള്ള മുഖവും, കയ്യും, അസ്തിത്വവും രൂപം നൽകാൻ പാടില്ലാത്ത അവന്റെ വിശേഷണങ്ങളിൽപെട്ടതാണ്.

അവന്റെ കൈ ശക്തിയാണന്നോ അല്ലെങ്കിൽ അനുഗ്രഹമാണന്നോ പറയാവതല്ല. കാരണം, അത് അവന്റെ വിശേഷണത്തെ നിഷേധിക്കലാണ്. അതാകട്ടെ, ഖദ്‌രികളുടേയും മുഅ്തസിലുകളുടെയും രീതിയാണ്." [2]

وقال: «لا ينبغي لأحد أن ينطق في ذات الله بشيء بل يصفه بما وصف به نفسه ولا يقول فيه برأيه شيئًا تبارك الله وتعالى رب العالمين»

6) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: "അല്ലാഹുവിന്റെ സത്തയെ കുറിച്ച് യാതൊന്നും ഉരിയാടാൻ ഒരാൾക്കും അവകാശമില്ല. അല്ലാഹു സ്വന്തത്തെ വിശേഷിപ്പിച്ചതു മാത്രം അവനെ വിശേഷിപ്പിക്കുകയല്ലാതെ. അല്ലാഹുവിനെ കുറിച്ച് തന്റെ സ്വന്തം അഭിപ്രായം പറയുക എന്നത് പാടില്ല. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹ പൂർണ്ണനും ഔന്നത്യമുള്ളവനുമാണ്." [3]

---

[1] ഫിഖ്ഹുൽ അബ്സ്വത്വ്: 56.

[2] ഫിഖ്ഹുൽ അക്ബർ: 302.

[3] ശർഹു അഖീദതിത്വഹാവിയ്യ: 2/427, ജലാലുൽ ഐനൈനി: 368.

## നാല് ഇമാമുകളുടെയും വിശ്വാസം

ولما سُئل عن النزول الإلهي قال: «**ينزل بلا كيف**»

7) അല്ലാഹു ഏഴാം ആകാശത്തേക്ക് ഇറങ്ങുന്നതാണ് എന്നതിനെ കുറിച്ച് ചോദിച്ചപ്പോൾ ഇമാം അബൂ ഹനീഫ ﵀ പറയുന്നു: “രൂപപ്പെടുത്താനാവാത്ത വിധം അവൻ ഇറങ്ങുന്നു.” [1]

وقال أبو حنيفة: «**والله تعالى يدعى من أعلى لا من أسفل لأن الأسفل ليس من وصف الربوبية والألوهية في شيء**»

8) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: “ഉന്നതനായ അല്ലാഹുവിനെ വിളിക്കേണ്ടത് മുകൾഭാഗത്തേക്കാണ്; താഴ്ഭാഗത്തേക്കല്ല. കാരണം ആരാധനകൾക്ക് അർഹതയുള്ള ഉലൂഹിയ്യത്തിന്റെയും, സർവ്വതിന്റെയും സൃഷ്ടികർതൃത്വമുള്ള റുബൂബിയ്യത്തിന്റെയും വിശേഷണവുമായി ഒട്ടും ബന്ധമില്ലാത്തതാണ് ഇവയുള്ളവൻ (സൃഷ്ടികളുടെ) താഴെയാവുക എന്നത്.” [2]

وقال: «**وهو يغضب ويرضى ولا يقال غضبه عقوبته ورضاه ثوابه**»

9) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: “അല്ലാഹു കോപിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നു. അവന്റെ കോപമെന്നത് അവന്റെ ശിക്ഷയാണെന്നോ അവന്റെ തൃപ്തി എന്നത് അവന്റെ പ്രതിഫലമാണെന്നോ പറഞ്ഞുകൂടാ.” [3]

وقال: «**ولا يشبه شيئًا من الأشياء من خلقه ولا يشبه من خلقه لم يزل ولا يزال بأسمائه وصفاته**»

10) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: “അവന്റെ സൃഷ്ടികളുടെ വസ്തുക്കളിൽ യാതൊരു വസ്തുവുമായി അവന് സാദൃശ്യമില്ല. അവന്റെ സൃഷ്ടികളുമായും അവന് സാദൃശ്യമില്ല. അവൻ അനാദിയിൽ തന്നെ തന്റെ നാമവിശേഷണങ്ങളോടെയുള്ളവനും എന്നെന്നും നിലകൊള്ളുന്നവനുമാണ്.” [4]

---

[1] അഖീദതുസ്സലഫ് അസ്ഹാബിൽ ഹദീഥ്: 42, അസ്മാഉ വസ്വിഫാത്ത് / ബൈഹഖി: 456, ശർഹു അഖീദത്തിത്വഹ്വാവിയ: 245, ഫിഖ്ഹുൽ അക്ബർ / ഖാരീ: 60 എന്നിവ കാണുക.

[2] ഫിഖ്ഹുൽ അബ്സ്വത്വ്: 51.

[3] ഫിഖ്ഹുൽ അബ്സ്വത്വ്: 56.

[4] ഫിഖ്ഹുൽ അക്ബർ: 301.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال: «وصفاته بخلاف صفات المخلوقين يعلم لا كعلمنا، ويقدر لا كقدرتنا، ويرى لا كرؤيتنا، ويسمع لا كسمعنا، ويتكلم لا ككلامنا»

11) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: "അല്ലാഹുവിന്റെ വിശേഷണങ്ങൾ സൃഷ്ടികളുടെ വിശേഷണങ്ങളിൽനിന്നും വിഭിന്നമാണ്. അവൻ അറിയുന്നു; എന്നാൽ (അവന്റെ അറിവ്) നമ്മുടെ അറിവു പോലെയല്ല. അവന്ന് എല്ലാത്തിനും ശക്തിയുണ്ട്; എന്നാൽ (അവന്റെ ശക്തി) നമുക്കുള്ള ശക്തി പോലെയല്ല. അവൻ കാണുന്നു; പക്ഷെ (അവന്റെ കാഴ്ച്ച) നമ്മുടെ കാഴ്ച്ചപോലെയല്ല. അവൻ കേൾക്കുന്നു; എന്നാൽ (അവന്റെ കേൾവി) നമ്മുടെ കേൾവി പോലെയല്ല. അവൻ സംസാരിക്കുന്നു; എന്നാൽ (അവന്റെ സംസാരം) നമ്മുടെ സംസാരംപോലെയല്ല." [1]

وقال: «لا يوصف الله تعالى بصفات المخلوقين»

12) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: "സൃഷ്ടികളുടെ വിശേഷണങ്ങൾ കൊണ്ട് അല്ലാഹുവിനെ വിശേഷിപ്പിക്കരുത്." [2]

وقال: «ومن وصف الله بمعنى من معاني البشر فقد كفر»

13) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: "മനുഷ്യരുടെ പ്രത്യേകതകളിൽ പെട്ട എന്തെങ്കിലുമൊന്ന് കൊണ്ട് അല്ലാഹുവിനെ വിശേഷിപ്പിക്കുന്നവൻ കാഫിറായിരിക്കുന്നു." [3]

وقال: «وصفاته الذاتية والفعلية، أما الذاتية فالحياة والقدرة والعلم والكلام والسمع والبصر والإرادة، وأما الفعلية فالتخليق والترزيق والإنشاء والإبداع والصنع وغير ذلك من صفات الفعل لم يزل ولا يزال بأسمائه وصفاته»

14) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: "അല്ലാഹുവിന് സത്താപരമായ വിശേഷണങ്ങളും പ്രവർത്തനാപരമായ വിശേഷണങ്ങളും ഉണ്ട്. അല്ലാഹു ജീവൻ ഉള്ളവനാണ്, ശക്തിയും അറിവും സംസാരവും കേൾവിയും കാഴ്ചയും ഉദ്ദേശ്യവും ഉള്ളവനാണ് എന്നിവ അവന്റെ സത്തയുമായി ബന്ധപ്പെട്ട വിശേഷണങ്ങളാണ്.

[1] ഫിഖ്ഹുൽ അക്ബർ: 302.

[2] ഫിഖ്ഹുൽ അബ്സ്വത് പേജ്:56.

[3] അഖീദത്തുത്വഹാവിയ [അൽബാനിയുടെ അടിക്കുറിപ്പു സഹിതം]: 25

## നാല് ഇമാമുകളുടെയും വിശ്വാസം

സൃഷ്ടിക്കുക, ഉപജീവനം നൽകുക, (ഇല്ലായ്മയിൽ നിന്ന്) ഉണ്ടാക്കുക, മുൻ മാതൃകയില്ലാതെ പടക്കുക, നിർമ്മിക്കുക എന്നിങ്ങനെയുള്ളവ അവന്റെ പ്രവർത്തികളിൽ ആണ് ഉൾപ്പെടുക.

അവന്റെ നാമവിശേഷണങ്ങളോടെ അവൻ അനാദിയായിട്ടുള്ളവനും എന്നെന്നും നിലകൊള്ളുന്നവനുമാണ്." [1]

وقال: «ولم يزل فاعلاً بفعله والفعل صفة في الأزل والفاعل هو الله تعالى والفعل صفة في الأزل والمفعول مخلوق وفعل الله تعالى غير مخلوق»

15) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: "അവൻ അനാദിയിലേ തന്റെ പ്രവർത്തികൾ ചെയ്തു കൊണ്ടിരുന്നവൻ ആയിരുന്നു. അല്ലാഹുവിന്റെ പ്രവർത്തി എന്നത് അനാദിയായിട്ടുള്ള അവന്റെ വിശേഷണമാണ്. അത് പ്രവര്ത്തിച്ചവാൻ മഹാനായിട്ടുള്ള അല്ലാഹുവാണ്.

പ്രവർത്തി എന്നത് അനാദിയായ വിശേഷണവും, അവന്റെ പ്രവർത്തിയാൽ രൂപപ്പെട്ടത് അവന്റെ സൃഷ്ടിയുമാണ്. അല്ലാഹുവിന്റെ പ്രവർത്തി ഒരിക്കലും അവന്റെ സൃഷ്ടിയല്ല; (മറിച്ച് വിശേഷണമാണ്)." [2]

وقال: «من قال لا أعرف ربي في السماء أم في الأرض فقد كفر، وكذا من قال إنه على العرش ولا أدري العرش أفي السماء أم في الأرض»

16) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: "ആരെങ്കിലും 'എന്റെ രക്ഷിതാവ് ആകാശത്താണോ ഭൂമിയിലാണോ എന്നെനിക്കറിയില്ല' എന്നുപറഞ്ഞാൽ അവൻ കാഫിറായിരിക്കുന്നു (നിഷേധി ആയിരിക്കുന്നു). അപ്രകാരം തന്നെയാണ് 'അല്ലാഹു സിംഹാസനത്തിന്മേലാണ്; എന്നാൽ സിംഹാസനം ആകാശത്താണോ ഭൂമിയിലാണോ എന്നെനിക്കറിയില്ല' എന്നു പറയുന്നതും." [3]

---

[1] ഫിഖ്ഹുൽ അക്ബർ: 301.

[2] ഫിഖ്ഹുൽ അക്ബർ: 301.

[3] ഫിഖ്ഹുൽ അബ്സ്വത്വ്: 46, സമാനമായി മജ്മുഉൽഫതാവ / ഇബ്നു തൈമിയ്യ: 5/48, ഇജ്തിമാഉൽജുയൂശുൽ ഇസ്ലാമിയ്യ / ഇബ്നുൽ ഖയ്യിം: 139, അൽ-ഉലുവ്വ് / ദഹബി: 101-102, ഉലുവ്വ് / ഇബ്നു ഖുദ്ദാമ: 116, ശറഹുൽ ത്വഹാവി / ഇബ്നു അബിൽ ഇസ്സ്: 301 എന്നിവയിലും ഉദ്ദരിച്ചിട്ടുണ്ട്.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال للمرأة التي سألته أين إلهك الذي تعبده قال: «إن الله سبحانه وتعالى في السماء دون الأرض، فقال له رجل: أرأيت قول الله تعالى: ﴿وَهُوَ مَعَكُمْ﴾ [الحديد: ٤] قال: هو كما تكتب للرجل إني معك وأنت غائب عنه»

17) ഒരു സ്ത്രീ അബൂ ഹനീഫയോട് ചോദിച്ചു: "താങ്കൾ ആരാധിക്കുന്ന താങ്കളുടെ ആരാധ്യൻ എവിടെയാണ്?" ഇമാം അബൂ ഹനീഫ ﵀ അതിന് മറുപടിയായി പറഞ്ഞു: "മഹാ പരിശുദ്ധനായ അല്ലാഹു ഉപരിയിലാണ്; ഭൂമിയിലല്ല."

അപ്പോൾ ഒരാൾ അദ്ദേഹത്തോട് ചോദിച്ചു: "وَهُوَ مَعَكُمْ 'അവൻ (അല്ലാഹു) നിങ്ങളോടൊപ്പമുണ്ട്' (ഹദീദ്: 4) എന്ന ഖുർആനിക വചനത്തെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?" അദ്ദേഹം പറഞ്ഞു: "നീ ദൂരെയുള്ള ഒരാൾക്ക് കത്തെഴുതുമ്പോൾ 'ഞാൻ നിന്റെ കൂടെയുണ്ട്', എന്ന് എഴുതുന്നതു പോലെയാണത്." [1]

وقال كذلك: «يد الله فوق أيديهم ليست كأيدي خلقه»

18) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: "അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയാണ്' (എന്ന് ഖുർആനിൽ പറഞ്ഞിരിക്കുന്നു;) എന്നാൽ അവന്റെ കൈ സൃഷ്ടികളുടെ കൈകളെ പോലെയല്ല." [2]

وقال: «إن الله سبحانه وتعالى في السماء دون الأرض، فقال له رجل: أرأيت قول الله تعالى: ﴿وَهُوَ مَعَكُمْ﴾ [الحديد: ٤]، قال: هو كما تكتب لرجل إني معك وأنت غائب عنه»

19) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: "മഹാ പരിശുദ്ധനായ അല്ലാഹു ഉപരിയിലാണ്; ഭൂമിയിലല്ല." അപ്പോൾ ഒരാൾ അദ്ദേഹത്തോട് ചോദിച്ചു: "وَهُوَ مَعَكُمْ 'അവൻ (അല്ലാഹു) നിങ്ങളോടൊപ്പമുണ്ട്' (ഹദീദ്: 4) എന്ന ഖുർആനിക വചനത്തെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?" അദ്ദേഹം പറഞ്ഞു: "നീ ദൂരെയുള്ള ഒരാൾക്ക് കത്തെഴുതുമ്പോൾ 'ഞാൻ നിന്റെ കൂടെയുണ്ട്', എന്ന് എഴുതുന്നതു പോലെയാണത്." [3]

---

[1] അസ്മാഉവസ്സിഫാത്, പേജ്:429.

[2] ഫിഖ്ഹുൽ അബ്സ്വത്വ്: 56.

[3] അസ്മാഉവസ്സിഫാത്: 2/170.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال: «قد كان متكلمًا ولم يكن كلم موسى عليه السلام»

20) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: “അല്ലാഹു (അനാദിയായി, അവൻ ഉദ്ദേശിക്കുമ്പോൾ) സംസാരിക്കുന്നവനായിരുന്നു; മൂസാ നബി ﷺ യോട് സംസാരിക്കുന്നതിന് മുൻപും (അവൻ സംസാരിച്ചിട്ടുണ്ട്).” [1]

وقال: «ومتكلمًا بكلامه والكلام صفة في الأزل»

21) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: “അല്ലാഹു യതാർത്ഥ സംസാരം തന്നെ സംസാരിക്കുന്നവനാണ്. സംസാരം എന്നത് അനാദിയിലുള്ള അവന്റെ വിശേഷണമാണ്.” [2]

وقال: «ويتكلم لا ككلامنا»

22) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: “അല്ലാഹു സംസാരിക്കുന്നു; എന്നാൽ നമ്മുടെ സംസാരം പോലെയല്ല (അവന്റെ സംസാരം).” [3]

وقال: «وسمع موسى عليه السلام كلام الله تعالى كما قال الله تعالى: ﴿وَكَلَّمَ اللَّهُ مُوسَى تَكْلِيمًا﴾ [النساء: ١٦٤]، وقد كان الله تعالى متكلمًا ولم يكن كلم موسى عليه السلام»

23) ഇമാം അബൂ ഹനീഫ ﷺ പറയുന്നു: "മൂസാ നബി ﷺ അല്ലാഹുവിന്റെ സംസാരം കേട്ടിട്ടുണ്ട്. അപ്രകാരമാണ് അല്ലാഹു പറയുന്നത്: وَكَلَّمَ اللَّهُ مُوسَى تَكْلِيمًا "മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു." (നിസാഅ്: 164)

മൂസാﷺയോട് സംസാരിക്കുന്നതിന് മുൻപ് തന്നെ അല്ലാഹു സംസാരിക്കുന്നവനായിട്ടുള്ളവനാണ്.” [4]

---

[1] ഫിഖ്ഹുൽ അക്ബർ:302.

[2] ഫിഖ്ഹുൽ അക്ബർ: 301.

[3] ഫിഖ്ഹുൽ അക്ബർ: 302.

[4] ഫിഖ്ഹുൽ അക്ബർ: 302.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال: «والقرآن كلام الله في المصاحف مكتوب وفي القلوب محفوظ، وعلى الألسن مقروء، وعلى النبي -ﷺ-، أنزل»

24) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: "ഖുർആൻ അല്ലാഹുവിന്റെ വചനമാകുന്നു. അത് മുസ്ഹഫുകളിൽ എഴുതപ്പെട്ടതും, ഹൃദയങ്ങളിൽ മനപാഠമാക്കപ്പെട്ടതും, നാവുകളിൽ പാരായണം ചെയ്യപ്പെടുന്നതും (അവന്റെ സംസാരമാകുന്നു). നബി ﷺ ക്ക് മേൽ (ആ സംസാരം) അവതരിക്കപ്പെട്ടിരിക്കുന്നു." [1]

وقال: «والقرآن غير مخلوق»

25) ഇമാം അബൂ ഹനീഫ ﵀ പറയുന്നു: "ഖുർആൻ സൃഷ്ടിക്കപ്പെട്ടതല്ല." [2]

---

[1] ഫിഖ്ഹുൽ അക്ബർ: 301.

[2] ഫിഖ്ഹുൽ അക്ബർ: 301.

## നാല് ഇമാമുകളുടെയും വിശ്വാസം

## ഖദ്റുമായി (വിധിവിശ്വാസം) ബന്ധപ്പെട്ട ഇമാം അബൂഹനീഫയുടെ പ്രസ്താവനകൾ:

جاء رجل إلى الإمام أبي حنيفة يجادله في القدر فقال له: «**أما علمت أن الناظر في القدر كالناظر في عيني الشمس كلما ازداد نظرًا ازداد تحيرًا**»

1) ഒരു മനുഷ്യൻ ഇമാം അബൂഹനീഫﷺയുടെ അടുത്തുവന്നു ഖദ്റിന്റെ (വിധി വ്യവസ്ഥയുടെ) വിഷയത്തിൽ തർക്കിക്കാൻ തുടങ്ങി. അപ്പോൾ ഇമാമവർകൾ അയാളോട് പറഞ്ഞു:

"ഖദ്റിന്റെ വിഷയത്തിൽ ഗഹനമായ ഗവേഷണത്തിലേർപ്പെടുന്നത് സൂര്യന്റെ കണ്ണുകളിലേക്ക് നോക്കാൻ ശ്രമിക്കുന്നതു പോലെയാണ്. അതിലേക്ക് കൂടുതൽ നോക്കുന്തോറും കൂടുതൽ പരിഭ്രാന്തിയുണ്ടാകുന്നു. [1]

يقول الإمام أبو حنيفة: «**وكان الله تعالى عالمًا في الأزل بالأشياء قبل كونها**»

2) ഇമാം അബൂഹനീഫ ﷺ പറയുന്നു: " വസ്തുക്കൾ ഉണ്ടാകുന്നതിനു മുമ്പേ, അവയെക്കുറിച്ചുള്ള അനാദിയായ അറിവുള്ളവനാണ് അല്ലാഹു." [2]

وقال: «**يعلم الله تعالى المعدوم في حالة عدمه معدومًا، ويعلم أنه كيف يكون إذا أوجده، ويعلم الله تعالى الموجود في حال وجوده موجودًا ويعلم كيف يكون فناؤه**»

3) ഇമാം അബൂഹനീഫ ﷺ പറയുന്നു: " ശൂന്യമായൊരു വസ്തുവിന്റെ ശൂന്യാവസ്ഥയിൽ അത് ശൂന്യമാണെന്ന് അല്ലാഹു അറിയുന്നു. അതിനെ അവൻ ഉണ്ടാക്കുകയാണെങ്കിൽ അത് എങ്ങനെയായിരിക്കുമെന്നും അവൻ അറിയുന്നു.

നിലവിലുള്ള ഏതൊന്നിന്റെയും ഉണ്മയുടെ സ്ഥിതി അതു നിലനിൽക്കെതന്നെ അവൻ അറിയുന്നു. അത് എങ്ങനെ നാശമടയുമെന്നും അവൻ അറിയുന്നു." [3]

---

[1] ഖലാഇദു ഉഖൂദിൽ ഇഖ്യാൻ പേജ്: 77.

[2] ഫിഖ്ഹുൽ അക്ബർ പേജ്: 302, 303.

[3] ഫിഖ്ഹുൽ അക്ബർ: 302, 303.

## നാല് ഇമാമുകളുടെയും വിശ്വാസം

يقول الإمام أبو حنيفة: «**وقدره في اللوح المحفوظ**»

4) അബൂഹനീഫ ﷺ പറയുന്നു: "അവന്റെ വിധിവ്യവസ്ഥ (ഖദ്ർ) സംരക്ഷിതഫലകത്തിൽ (ലൗഹുൽ മഹ്ഫൂളിൽ) ആകുന്നു." [1]

وقال: «**ونقر بأن الله تعالى أمر بالقلم أن يكتب، فقال القلم، ماذا أكتب يا رب؟ فقال الله تعالى: اكتب ما هو كائن إلى يوم القيامة لقوله تعالى:** ﴿وَكُلُّ شَيْءٍ فَعَلُوهُ فِي الزُّبُرِ * وَكُلُّ صَغِيرٍ وَكَبِيرٍ مُسْتَطَرٌ﴾ [القمر: ٥٢-٥٣]»

5) ഇമാം അബൂഹനീഫ ﷺ പറയുന്നു: "അല്ലാഹു പേനയോട് എഴുതാൻ കൽപ്പിച്ചു. അപ്പോൾ പേന ചോദിച്ചു: "രക്ഷിതാവേ എന്താണ് ഞാൻ എഴുതേണ്ടത്?" അപ്പോൾ അല്ലാഹു പറഞ്ഞു: "അന്ത്യനാൾവരേക്കും സംഭവിക്കുന്നതെല്ലാം നീ എഴുതുക. അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَكُلُّ شَيْءٍ فَعَلُوهُ فِي الزُّبُرِ * وَكُلُّ صَغِيرٍ وَكَبِيرٍ مُسْتَطَرٌ﴾

"അവർ പ്രവർത്തിച്ച മുഴുവൻ കാര്യങ്ങളും രേഖകളിലുണ്ട്. ഏത് ചെറിയകാര്യവും വലിയ കാര്യവും രേഖപ്പെടുത്തി വെക്കപ്പെടുന്നതാണ്." (ഖമർ: 52, 53)

وقال الإمام أبو حنيفة: «**ولا يكون في الدنيا ولا في الآخرة شيء إلا بمشيئته**»

6) ഇമാം അബൂഹനീഫ ﷺ പറയുന്നു: "അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ ഇഹലോകത്തോ പരലോകത്തോ യാതൊന്നും ഉണ്ടാകുകയില്ല." [2]

ويقول الإمام أبو حنيفة: «**خلق الله الأشياء لا من شيء**»

7) ഇമാം അബൂഹനീഫ ﷺ പറയുന്നു: "യാതൊരു വസ്തുവിൽ നിന്നുമല്ലാതെ തന്നെ അല്ലാഹു പല വസ്തുക്കളെയും സൃഷ്ടിച്ചു." [3]

[1] ഫിഖ്ഹുൽ അക്ബർ: 302.

[2] ഫിഖ്ഹുൽ അക്ബർ പേജ്:302.

[3] ഫിഖ്ഹുൽ അക്ബർ: 302.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال: «وكان الله تعالى خالقًا قبل أن يخلق»

8) ഇമാം അബൂഹനീഫ ﵀ പറയുന്നു: "അല്ലാഹു സൃഷ്ടിക്കുന്നതിന് മുൻപ് തന്നെ അവൻ സൃഷ്ടാവായിരുന്നു." [1]

وقال: «نقر بأن العبد مع أعماله وإقراره ومعرفته مخلوق، فلما كان الفاعل مخلوقًا فأفعاله أولى أن تكون مخلوقة»

9) ഇമാം അബൂഹനീഫ ﵀ പറയുന്നു: "മനുഷ്യനും അവന്റെ പ്രവർത്തനങ്ങളും തീരുമാനങ്ങളും അറിവുകളും സൃഷ്ടിയാണെന്ന് നാം അംഗീകരിക്കുന്നു. പ്രവൃത്തി ചെയ്യുന്ന മനുഷ്യൻ തന്നെ സൃഷ്ടിക്കപ്പെട്ടതാണെന്ന് വരുമ്പോൾ അവന്റെ പ്രവർത്തനങ്ങൾ എന്തു കൊണ്ടും സൃഷ്ടിയായിരിക്കണമല്ലോ?!" [2]

وقال: «جميع أفعال العباد من الحركة والسكون كسبهم، والله تعالى خالقها وهي كلها بمشيئته وعلمه وقضائه وقدره»

10) ഇമാം അബൂഹനീഫ ﵀ പറയുന്നു: "സൃഷ്ടികളുടെ എല്ലാ ചെയ്തികളും –ചലനങ്ങളും നിശ്ചലതകളുമെല്ലാം- അവരുടെ പ്രവർത്തനഫലങ്ങൾ തന്നെ. എന്നാൽ അല്ലാഹുവാകുന്നു അവയുടെയെല്ലാം സ്രഷ്ടാവ്. അവയെല്ലാം തന്നെ അവന്റെ ഉദ്ദേശത്തോടെയും, അറിവോടെയും, വിധിപ്രകാരവുമാകുന്നു." [3]

قال الإمام أبو حنيفة: «وجميع أفعال العباد من الحركة والسكون كسبهم على الحقيقة والله تعالى خلقها وهي كلها بمشيئته وعلمه وقضائه وقدره، والطاعات كلها كانت واجبة بأمر الله تعالى وبمحبته وبرضاه وعلمه ومشيئته وقضائه وتقديره، والمعاصي كلها بعلمه وقضائه وتقديره ومشيئته لا بمحبته ولا برضائه ولا بأمره»

11) ഇമാം അബൂ ഹനീഫ ﵀ പറഞ്ഞു: "സൃഷ്ടികളുടെ എല്ലാ ചെയ്തികളും –ചലനങ്ങളും നിശ്ചലതകളുമെല്ലാം- യഥാർത്ഥത്തിൽ (ആലങ്കാരികമായല്ല എന്നർത്ഥം) അവരുടെ പ്രവർത്തനഫലങ്ങൾ തന്നെ. അല്ലാഹുവാണ് അവ സൃഷ്ടിച്ചത്. അവയെല്ലാം അവന്റെ ഉദ്ദേശത്തോടെയും, അവന്റെ അറിവോടെയും, അവന്റെ വിധിനിർണയപ്രകാരവുമാകുന്നു.

[1] ഫിഖ്ഹുൽ അക്ബർ: 304.

[2] അൽ-വസ്വിയ്യ മഅശറഹിഹാ: 14.

[3] ഫിഖ്ഹുൽ അക്ബർ പേജ്: 303.

(മനുഷ്യർ ചെയ്ത) നന്മകളെല്ലാം അല്ലാഹുവിന്റെ കൽപനയോടെ നിയമമായതും, അവന്റെ ഇഷ്ടത്തോടെയും, തൃപ്തിയോടെയും അറിവോടെയും, ഉദ്ദേശത്തോടെയും വിധിനിർണയ പ്രകാരവുമാണ്. പാപങ്ങളെല്ലാം അവന്റെ അറിവോടെയും വിധിയോടെയും നിർണ്ണയത്തോടെയും ഉദ്ദേശത്തോടെയുമാണെങ്കിലും അവന്റെ ഇഷ്ടത്തോടെയോ തൃപ്തിയോടെയോ കൽപനയോടെയോ അല്ല." [1]

وقال: «خلق الله تعالى الخلق سليمًا من الكفر والإيمان، ثم خاطبهم وأمرهم ونهاهم، فكفر من كفر بفعله وإنكاره وجحوده الحق بخذلان الله تعالى إياه، وآمن من آمن بفعله وإقراره وتصديقه بتوفيق الله تعالى ونصرته له»

12) ഇമാം അബൂ ഹനീഫ ﷺ പറഞ്ഞു: "അല്ലാഹു സൃഷ്ടികളെ വിശ്വാസത്തിൽ നിന്നും അവിശ്വാസത്തിൽ നിന്നും വിമുക്തമായി സൃഷ്ടിച്ചു. [2] പിന്നീട് അവരോട് അവൻ (തന്റെ സന്ദേശത്തിലൂടെ) സംസാരിക്കുകയും, (അതിലൂടെ) അവരോട് ( നന്മകൾ) കൽപിക്കുകയും, (തിന്മകൾ) വിരോധിക്കുകയും ചെയ്തു.

പിന്നീട് (അല്ലാഹുവിനെ) നിഷേധിച്ചവൻ അവന്റെ സ്വന്തം പ്രവർത്തനത്താലും സത്യത്തെ നിഷേധിക്കുകയും തിരസ്ക്കരിക്കുകയും ചെയ്തതിനാലും അല്ലാഹു കയ്യൊഴിച്ചതിന്റെ ഫലമായിട്ടാണ് അവിശ്വാസിയായത്.

എന്നാൽ വിശ്വസിച്ചവനാകട്ടെ, തന്റെ പ്രവർത്തനത്താലും സത്യം അംഗീകരിച്ചതിനാലും, സത്യത്തെ സ്വീകരിച്ചതിനാലും അല്ലാഹു അവനെ അനുഗ്രഹിച്ചതിന്റെയും സഹായിച്ചതിന്റെയും ഫലമായിട്ടാണ് വിശ്വാസിയായത്." [3]

وقال: «وأخرج ذرية آدم من صلبه على صور الذر، فجعلهم عقلاء فخاطبهم وأمرهم بالإيمان ونهاهم عن الكفر، فأقروا له بالربوبية فكان ذلك منها إيمانًا فهم يولدون على تلك الفطرة، ومن كفر بعد ذلك فقد بدّل وغيّر، ومن آمن وصدق فقد ثبت عليه وداوم»

13) ഇമാം അബൂ ഹനീഫ ﷺ പറഞ്ഞു: "അല്ലാഹു ആദമിന്റെ സന്തതികളെ അദ്ദേഹത്തിന്റെ മുതുകിൽ നിന്നും ഉറുമ്പുകളുടെ രൂപത്തിൽ പുറത്തുകൊണ്ടു

---

[1] ഫിഖ്ഹുൽ അക്ബർ: 303.

[2] അബൂഹനീഫയുടെ ഇനിയുള്ള വാക്കുകളിൽ വിവരിക്കപ്പെട്ടത് പോലെ, ഇസ്ലാമിന്റെ ശുദ്ധപ്രകൃതത്തിലാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചത് എന്ന് പറയുന്നതാണ് കൂടുതൽ ശരി.

[3] ഫിഖ്ഹുൽ അക്ബർ: 302, 303.

വരികയും, അവയെ ഗ്രാഹ്യശക്തിയുള്ളവരാക്കുകയും, എന്നിട്ടവരോട് സംബോധന നടത്തുകയും ചെയ്തു.

അവരോട് (അല്ലാഹുവിലും അവന്റെ ദൂതരിലും) വിശ്വസിക്കാൻ കൽപിക്കുകയും, (അല്ലാഹുവിനെ) നിഷേധിക്കുന്നത് വിലക്കുകയും ചെയ്തു. അല്ലാഹുവിനാണ് സർവ്വരുടെയും സൃഷ്ടികർതൃത്വം ഉള്ളത് എന്നത് അവർ അംഗീകരിക്കുകയും ചെയ്തു.

അവർ അംഗീകരിച്ച ആ വിശ്വാസത്തിൽ നിന്നാണ്, അതേ പരിശുദ്ധ പ്രകൃതത്തിൽ അവർ ജനിച്ചു കൊണ്ടിരിക്കുന്നത്. ഇനി ആരെങ്കിലും (അല്ലാഹുവിനെയും അവന്റെ ദൂതനെയും) അവിശ്വസിക്കുകയാണങ്കിൽ അവൻ (തന്റെ ശുദ്ധപ്രകൃതം) മാറ്റിത്തിരുത്തിയിരിക്കുന്നു. ഇനി ആരെങ്കിലും വിശ്വസിക്കുകയും സത്യം സ്വീകരിക്കുകയുമാണങ്കിൽ അവൻ (തന്റെ ശുദ്ധപ്രകൃതത്തിൽ) അടിയുറച്ചു നിലകൊള്ളുകയും, തുടർന്നു പോവുകയു ചെയ്തു.” [1]

وقال: «وهو الذي قدر الأشياء وقضاها ولا يكون في الدنيا ولا في الآخرة شيء إلا بمشيئته وعلمه وقضائه وقدره، وكتبه في اللوح المحفوظ»

14) ഇമാം അബൂ ഹനീഫ ﵀ പറഞ്ഞു: ″എല്ലാ വസ്തുക്കളെയും നിർണ്ണയിക്കുകയും വിധിക്കുകയും ചെയ്തിട്ടുള്ളത് അല്ലാഹുവാകുന്നു. അവന്റെ ഉദ്ദേശത്തോടെയും അറിവോടെയും വിധിനിശ്ചയത്തോടെയുമല്ലാതെ ഇഹലോകത്തോ പരലോകത്തോ ഒന്നും ഉണ്ടാകുന്നില്ല. സംരക്ഷിതഫലകത്തിൽ (ലൗഹുൽ മഹ്ഫൂളിൽ) അത് അവൻ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.” [2]

وقال: «لم يجبر أحدًا من خلقه على الكفر ولا على الإيمان، ولكن خلقهم أشخاصًا والإيمان والكفر فعل العباد، ويعلم تعالى من يكفر في حال كفره كافرًا، فإذا آمن بعد ذلك فإذا علمه مؤمنًا أحبه من غير أن يتغير علمه»

15) ഇമാം അബൂ ഹനീഫ ﵀ പറഞ്ഞു: ″തന്റെ സൃഷ്ടികളിൽ ഒരാളെയും നിഷേധം സ്വീകരിക്കുന്നതിനോ അതല്ലെങ്കിൽ വിശ്വാസം ഉൾക്കൊള്ളുന്നതിനോ അല്ലാഹു നിർബന്ധിതരാക്കിയിട്ടില്ല.

[1] ഫിഖ്ഹുൽ അക്ബർ: 302.

[2] ഫിഖ്ഹുൽ അക്ബർ: 302.

മറിച്ച്, അവരെ അവൻ വ്യക്തികളായി സൃഷ്ടിക്കുകയും, വിശ്വാസവും നിഷേധവും അവരുടെ പ്രവർത്തിയായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. സത്യനിഷേധിയുടെ നിഷേധത്താൽ അവൻ അവിശ്വാസിയാണെന്ന് അല്ലാഹു അറിയുന്നു.

ഇനി അതിനു ശേഷം അയാൾ വിശ്വാസിയായാൽ ആ അവസ്ഥയിൽ അവന്റെ വിശ്വാസവും അവൻ അറിയുന്നു. അവൻ വിശ്വാസിയാണെന്ന് അറിയുന്നതോടെ അവനെ അല്ലാഹു സ്നേഹിക്കുന്നു; ഇതിലൊന്നും അല്ലാഹുവിന് അവനെ കുറിച്ചുള്ള അറിവിൽ വ്യത്യാസമുണ്ടാകുന്നില്ല." [1]

## ഈമാനുമായി (വിശ്വാസം) ബന്ധപ്പെട്ട ഇമാം അബൂഹനീഫയുടെ പ്രസ്താവനകൾ:

قال: «**والإيمان هو الإقرار والتصديق**»

1) ഇമാം അബൂ ഹനീഫ ﷺ പറഞ്ഞു: "സത്യവിശ്വാസമെന്നത് (ഇസ്ലാം സത്യമാണെന്ന്) അംഗീകരിക്കലും (അംഗീകരിച്ച കാര്യം) സത്യപ്പെടുത്തലുമാണ്." [2]

وقال: «**الإيمان إقرار باللسان وتصديق بالجنان والإقرار وحده لا يكون إيمانًا**»، ونقله الطحاوي عن أبي حنيفة وصاحبيه.

2) ഇമാം അബൂ ഹനീഫ ﷺ പറഞ്ഞു: "ഈമാൻ എന്നാൽ നാവുകൊണ്ട് ഏറ്റു പറയലും, ഹൃദയം കൊണ്ട് സത്യപ്പെടുത്തലുമാണ്. കേവലം (ഇസ്ലാം സത്യമാണെന്ന്) അംഗീകരിച്ചത് കൊണ്ട് മാത്രം അത് ഈമാൻ ആവുകയില്ല." [3]

وقال أبو حنيفة: «**والإيمان لا يزيد ولا ينقص**»

3) ഇമാം അബൂ ഹനീഫ ﷺ പറഞ്ഞു: "ഈമാൻ കൂടുകയോ കുറയുകയോ ചെയ്യുന്നില്ല." [4]

[1] ഫിഖ്ഹുൽ അക്ബർ പേജ്: 303.

[2] ഫിഖ്ഹുൽ അക്ബർ: 304.

[3] വസിയ്യ മഅ ശറഹിഹാ: 2, അബൂഹനീഫയിൽനിന്നും അദ്ദേഹത്തിന്റെ രണ്ടു ശിഷ്യന്മാരിൽനിന്നും ഇത് ഉദ്ധരിച്ചിട്ടുണ്ട് (ശറഹുത്വഹാവിയ്യ: 360)

[4] വസിയ്യ മഅശറഹിഹാ പേജ്:3.

## നാല് ഇമാമുകളുടെയും വിശ്വാസം

ഞാൻ (ഗ്രന്ഥകർത്താവ്) പറയട്ടെ: " ഈമാൻ വർദ്ധിക്കുകയോ കുറയുകയോ ഇല്ല എന്നും, ഈമാൻ എന്നതിൽ ഹൃദയം കൊണ്ട് സത്യപ്പെടുത്തലും നാവുകൊണ്ട് ഏറ്റുപറയലും മാത്രമേ ഉൾപ്പെടുകയുള്ളൂ; (സൽകർമ്മങ്ങൾ) പ്രവർത്തിക്കുക എന്നത് ഈമാൻ എന്ന വിവക്ഷയുടെ പരിധിയിൽ പെടില്ല എന്നുമുള്ള ഇമാം അബൂ ഹനീഫയുടെ വീക്ഷണം ഇമാം മാലിക്, ഇമാം ശാഫിഈ, ഇമാം അഹ്മദ് തുടങ്ങിയവരുടെയും, ഇസ്ഹാഖ് ബ്നു റാഹ്വയ്ഹി, ഇമാം ബുഖാരി തുടങ്ങി മറ്റെല്ലാ ഇമാമീങ്ങളുടെയും വീക്ഷണത്തിന് വിരുദ്ധമാണ്. ഈ വിഷയത്തിലെ സത്യമാകട്ടെ, ആ ഇമാമുമാരോടൊപ്പമാണ് താനും.

അബൂഹനീഫയുടെ ഈ പ്രസ്താവം ശരിയിൽ നിന്ന് അകലെയാണ്. പക്ഷേ, അദ്ദേഹത്തിന്റെ വാക്ക് ശരിയായാലും തെറ്റായാലും അദ്ദേഹത്തിനു രണ്ട് പ്രതിഫലമുണ്ട്. [1]

രണ്ട് അവസ്ഥയിലും അദ്ദേഹത്തിന് പ്രതിഫലം ലഭിക്കും. ഇബ്നു അബ്ദിൽ ബർറും ഇബ്നു അബിൽ ഇസ്സും വിവരിക്കുന്നതിൽനിന്നും അബൂ ഹനീഫ തന്റെ വാദഗതികളിൽ നിന്നും പിന്നീട് പിൻവാങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കാം. [2]

അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

## സ്വഹാബികളുടെ വിഷയത്തിൽ ഇമാം അബൂഹനീഫയുടെ പ്രസ്താവനകൾ:

قال الإمام أبو حنيفة: «ولا نذكر أحدًا من صحابة رسول الله إلا بخير»

1) ഇമാം അബൂഹനീഫ ﷺ പറഞ്ഞു: "നബി ﷺ യുടെ സ്വഹാബിമാരിൽ (അനുചരന്മാരിൽ) ഒരാളെ സംബന്ധിച്ചും നല്ല രൂപത്തിലാല്ലാതെ നാം സ്മരിക്കുകയില്ല." [3]

---

[1] കാരണം അദ്ദേഹം ഗവേഷണയോഗ്യനായ മുജ്തഹിദും മഹാപണ്ഡിതനും ആയിരുന്നു; അവർക്ക് ഗവേഷണങ്ങളിൽ സംഭവിക്കുന്ന അബദ്ധങ്ങൾക്ക് പോലും ഒരു പ്രതിഫലമുണ്ട്. (വിവ.)

[2] തംഹീദ് / ഇബ്നു അബ്ദിൽബർ: 9/247, ശറഹുൽ അഖീദ ത്വഹാവിയ്യ: 395.

[3] ഫിഖ്ഹുൽ അക്ബർ: 304.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال: «ولا نتبرأ من أحد من أصحاب رسول الله -ﷺ-، ولا نوالي أحدًا دون أحد»

2) ഇമാം അബൂഹനീഫ ﵀ പറഞ്ഞു: "നബി ﷺ യുടെ സ്വഹാബിമാരിൽ ഒരാളിൽ നിന്നും നാം ബന്ധവിഛേദനം നടത്തുകയില്ല. അവരിൽ ചിലരോട് മാത്രമായി നാം ബന്ധവും അടുപ്പവും പുലർത്തുകയുമില്ല." [1]

ويقول: «مقام أحدهم مع رسول الله -ﷺ-، ساعة واحدة خير من عمل أحدنا جميع عمره وإن طال»

3) ഇമാം അബൂഹനീഫ ﵀ പറഞ്ഞു: "നബി ﷺ യുടെ സ്വഹാബിമാരിൽ ഒരാൾ അവിടുത്തോടൊപ്പം കുറച്ചുനേരം ചെലവഴിക്കുന്നത് നമ്മിൽ ഒരാൾ ആയുഷ്കാലം മുഴുവനും -അതെത്ര ദീർഘിച്ചതായി കൊള്ളട്ടെ- കർമ്മമനുഷ്ഠിക്കുന്നതിനേക്കാൾ ഉത്തമമാണ്." [2]

وقال: «ونقر بأن أفضل هذه الأمة بعد نبينا محمد -ﷺ-: أبو بكر الصديق ثم عمر ثم عثمان ثم علي رضوان الله عليهم أجمعين»

4) ഇമാം അബൂഹനീഫ ﵀ പറഞ്ഞു: "നമ്മുടെ നബിയായ മുഹമ്മദ് ﷺ ക്ക് ശേഷം ഈ സമുദായത്തിൽ ഏറ്റവും ശ്രേഷ്ഠനായിട്ടുള്ളത് അബൂബക്റും, പിന്നീട് ഉമറും, പിന്നീട് ഉഥ്മാനും, പിന്നീട് അലി ബ്നു അബീത്വാലിബും ആണെന്ന് നാം അംഗീകരിക്കുന്നു." [3]

وقال: «أفضل الناس بعد رسول الله -ﷺ-: أبو بكر وعمر وعثمان وعلي، ثم نكف عن جميع أصحاب رسول الله -ﷺ-، إلا بذكر جميل»

5) ഇമാം അബൂഹനീഫ ﵀ പറഞ്ഞു: "നബി ﷺ ക്ക് ശേഷം ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠർ അബൂബക്റും ﵁ ഉമറും ﵁ ഉഥ്മാനും ﵁ അലി ﵁ യുമാണ്. അതോടൊപ്പം, നബി ﷺ യുടെ എല്ലാ സ്വഹാബികളെ സംബന്ധിച്ചും നല്ലതല്ലാത്ത മറ്റൊന്നും നാം ഉരിയാടുകയില്ല." [4]

---

[1] ഫിഖ്ഹുൽ അക്ബർ: 40.

[2] മനാഖിബ് അബീഹനീഫ/മക്കി: 76.

[3] വസിയ്യ മഅശറഹിഹാ പേജ്:14.

[4] അന്നൂറുല്ലാമിഅ്: 119.

## നാല് ഇമാമുകളുടെയും വിശ്വാസം

## വചനശാസ്ത്രം, മതവിഷയങ്ങളിലെ തർക്കം എന്നിവയോടുള്ള ഇമാം അബൂഹനീഫയുടെ എതിർപ്പ്:

قال الإمام أبو حنيفة: «أصحاب الأهواء في البصرة كثير، ودخلتها عشرين مرة ونيفًا وربما أقمت بها سنة أو أكثر أو أقل ظانًّا أن علم الكلام أجل العلوم»

1) ഇമാം അബൂഹനീഫ ﷺ പറയുന്നു: "ബസ്വറയിൽ തന്നിഷ്ടക്കാർ വളരെകൂടുതലാണ്. ഞാൻ ഇരുപതിലധികം തവണ അവിടെ പോയിട്ടുണ്ട്. വിജ്ഞാനീയങ്ങളിൽ ഏറ്റവും മഹത്തരമായതാണ് വചനശാസ്ത്രവിജ്ഞാനമെന്ന ധാരണയിൽ ചില സന്ദർഭങ്ങളിൽ ഒരു വർഷമോ അതിൽ കൂടുതലോ കുറഞ്ഞതോ ആയ കാലം അവിടെ താമസിക്കുകയും ചെയ്തിരുന്നു." [1]

وقال: «كنت أنظر في الكلام حتى بلغت مبلغًا يشار إلي فيه بالأصابع، وكنا نجلس بالقرب من حلقة حماد بن أبي سليمان فجاءتني امرأة فقالت: رجل له امرأة أمة أراد أن يطلقها للسنة كم يطلقها؟ فلم أدر ما أقول فأمرتها أن تسأل حمادًا ثم ترجع فتخبرني فسألت حمادًا فقال: يطلقها وهي طاهر من الحيض والجماع تطليقة ثم يتركها حتى تحيض حيضتين فإذا اغتسلت فقد حلّت للأزواج، فرجعت فأخبرتني فقلت: لا حاجة لي في الكلام وأخذت نعلي فجلست إلى حماد»

2) ഇമാം അബൂഹനീഫ ﷺ പറയുന്നു: "ഞാൻ വചനശാസ്ത്രത്തിൽ തന്നെ ശ്രദ്ധവെച്ചു കഴിയുകയായിരുന്നു. അങ്ങനെ ഈ വിജ്ഞാനത്തിൽ എന്നിലേക്ക് വിരൽ ചൂണ്ടപ്പെടുന്ന പദവിയിൽ ഞാൻ എത്തി.

അന്ന് ഹമ്മാദ്ബ്നു അബീസുലൈമാന്റെ വിജ്ഞാനസദസ്സിനടുത്തായിരുന്നു ഞങ്ങൾ ഇരിക്കാറുണ്ടായിരുന്നു. അപ്പോൾ ഒരു സ്ത്രീ എന്നെ സമീപിച്ച് ഇങ്ങനെ ചോദിച്ചു: "ഒരു മനുഷ്യന് അടിമസ്ത്രീയായ ഒരു ഭാര്യയുണ്ട്. അവളെ വിവാഹമോചനം നടത്തുന്നത് പ്രവാചകചര്യയനുസരിച്ചാകാൻ അദ്ദേഹം ഉദ്ദേശിക്കുന്നു. എങ്കിൽ എത്ര മൊഴിയാണദ്ദേഹം ചൊല്ലേണ്ടത്?"

എന്താണ് അവളോട് മറുപടി പറയേണ്ടത് എന്നെനിക്ക് അറിയുമായിരുന്നില്ല. ഹമ്മാദിനോട് പോയി ഇക്കാര്യം ചോദിക്കാനും, ശേഷം അദ്ദേഹം പറയുന്ന മറുപടി എന്നെ അറിയിക്കാനും ഞാൻ അവളോട് നിർദ്ദേശിച്ചു.

[1] മനാഖിബു അബീഹനീഫ / കുർദി: 137.

## നാല് ഇമാമുകളുടെയും വിശ്വാസം

അവൾ ഹമ്മാദിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരമായിരുന്നു: "ഭാര്യയുമായി വേഴ്ച്ചയിൽ ഏർപ്പെടാത്ത, ആർത്തവത്തിൽ നിന്ന് ശുദ്ധിയുള്ള ശുദ്ധികാലത്തിൽ ഒരു തവണ അവളെ മൊഴിചൊല്ലുക. പിന്നീട് അവൾക്ക് രണ്ടു തവണ ആർത്തവം ഉണ്ടാവുകയും, അതിൽ നിന്ന് അവൾ കുളിച്ചു ശുദ്ധിയാവുകയും ചെയ്താൽ അവളെ മറ്റാർക്കും വിവാഹം ചെയ്യാം."

ചോദ്യകർത്താവായ സ്ത്രീ തിരിച്ചുവന്ന് എനിക്ക് ഇത് വിവരിച്ചുതന്നപ്പോൾ ഞാൻ പറഞ്ഞു: "എനിക്ക് ഈ വചനശാസ്ത്രവിജ്ഞാനത്തിന്റെ (ഇൽമുൽകലാമിന്റെ) യാതൊരാവശ്യവുമില്ല."

ഞാൻ എന്റെ ചെരിപ്പെടുത്തു. ഹമ്മാദിന്റെ അടുത്തു പോയി ഇരുന്നു. [1]

وقال: «لعن الله عمرو بن عبيد فإنه فتح للناس الطريق إلى الكلام فيما لا ينفعهم فيه الكلام»

3) ഇമാം അബൂഹനീഫ ﷺ പറയുന്നു: "അംറുബ്നു ഉബൈദിനെ അല്ലാഹു ശപിക്കട്ടെ. അവൻ ജനങ്ങൾക്ക് പ്രയോജനമില്ലാത്ത വചന ശാസ്ത്ര ചർച്ചകളിലേക്ക് അവർക്ക് വഴി തുറന്നിട്ടിരിക്കുന്നു. [2]

وسأله رجل وقال: «ما تقول فيما أحدثه الناس في الكلام في الأعراض والأجسام، فقال: «مقالات الفلاسفة عليك بالأثر وطريق السلف، وإياك وكل محدثة فإنها بدعة»

ഒരാൾ ഇമാം അബൂ ഹനീഫﷺയോട് ഇങ്ങനെ ചോദിച്ചു: "വിശ്വാസശാസ്ത്രത്തിൽ ആളുകൾ നൂതനമായി സൃഷ്ടിച്ചിട്ടുള്ള ഗുണങ്ങൾ, സത്തകൾ എന്നിവയെ സംബന്ധിച്ചു താങ്കൾ എന്തു പറയുന്നു?"

അദ്ദേഹം ഇങ്ങനെ മറുപടി നൽകി: "അതെല്ലാം തത്വജ്ഞാനികളുടെ ചർച്ചകളാണ്. നീ സചരിതരായ പൂർവികരുടെ (സലഫുകളുടെ) വഴിയും വിജ്ഞാനവും മുറുകെ പിടിക്കുക. എല്ലാ നൂതന നിർമ്മിതിയെയും നീ സൂക്ഷിക്കണം, അതെല്ലാം അനാചാരങ്ങളാണ്. [3]

---

[1] താരീഖു ബഗ്ദാദ്: 13/333.

[2] ദമ്മുൽ കലാം / ഹറവി: 28, 31.

[3] ദമ്മുൽ കലാം / ഹറവി: 194.

قال حماد ابن أبي حنيفة: «دخل عليّ أبي – رحمه الله – يومًا وعندي جماعة من أصحاب الكلام ونحن نتناظر في باب، قد علت أصواتنا فلما سمعت حسَّه في الدار خرجت إليه فقال لي يا حماد من عندك؟ قلت؛ فلان وفلان وفلان، سميت من كان عندي، قال: وفيم أنتم؟. قلت: في باب كذا وكذا، فقال لي: يا حماد دع الكلام.

4) അബൂഹനീഫﷺയുടെ പുത്രൻ ഹമ്മാദ് പറയുന്നു: "ഒരു ദിവസം എന്റെ പിതാവ് -അല്ലാഹു അദ്ദേഹത്തോട് കരുണ ചെയ്യട്ടെ- എന്റെയടുത്തു കടന്നുവന്നു. വചനശാസ്ത്രക്കാരായ ഒരു സംഘം അപ്പോൾ എന്റെയടുത്തുണ്ടായിരുന്നു. ഞങ്ങൾ ഒരു വിഷയത്തിൽ സംവദിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഞങ്ങളുടെ ശബ്ദം വളരെ ഉയർന്നിട്ടുമുണ്ടായിരുന്നു.

വീട്ടിൽ അദ്ദേഹത്തിന്റെ ആഗമനം മനസ്സിലാക്കി ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് ചെന്നു. അപ്പോൾ എന്നോടദ്ദേഹം ചോദിച്ചു: "ഹമ്മാദേ! ആരാണ് നിന്റെയടുത്തുള്ളവർ?"

ഞാൻ പറഞ്ഞു: "ഇന്ന ഇന്ന ആളുകൾ." എന്റെയടുത്തുള്ളവരുടെയെല്ലാം പേരുകൾ പറഞ്ഞുകൊടുത്തു.

അദ്ദേഹം ചോദിച്ചു: "നിങ്ങൾ എന്തു ചെയ്യുകയായിരുന്നു?"

ഞാൻ പറഞ്ഞു "ഞങ്ങൾ ഇന്നയിന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയായിരുന്നു."

അപ്പോൾ അദ്ദേഹം പറഞ്ഞു: "ഹമ്മാദ്! നീ വചനശാസത്രം ഉപേക്ഷിക്കുക."

قال: «ولم أعهد أبي صاحب تخليط ولا ممن يأمر بالشيء ثم ينهي عنه. فقلت له: يا أبت ألست كنت تأمرني به، قال: بلى يا بني وأنا اليوم أنهاك عنه، قلت: ولم ذاك، فقال: يا بني إن هؤلاء المختلفين في أبواب من الكلام ممن ترى كانوا على قول واحد ودين واحد حتى نزغ الشيطان بينهم فألقى بينهم العداوة والاختلاف فتباينوا...»

ഹമ്മാദ് തുടരുന്നു: "പിതാവിനെ ഒരു വിതണ്ഡവാദക്കാരനായോ, ഒരു കാര്യം കൽപിക്കുകയും പിന്നീട് അതിനെ വിരോധിക്കുകയും ചെയ്യുന്നവനായോ എനിക്ക് അനുഭവപ്പെട്ടിരുന്നില്ല."

ഞാൻ അദ്ദേഹത്തോട് പറഞ്ഞു: "അല്ലയോ പിതാവേ! നിങ്ങൾ വചനശാസ്ത്രം (പഠിക്കാൻ) എന്നോട് കൽപിച്ചതായിരുന്നല്ലോ?"

അദ്ദേഹം പറഞ്ഞു: "എന്റെ മോനേ! എന്നാൽ ഇന്ന് ഞാൻ നിന്നോടത് വില ക്കുന്നു."

ഞാൻ പറഞ്ഞു: "അതെന്തു കൊണ്ടാണ്?"

അദ്ദേഹം പറഞ്ഞു: "വചനശാസ്ത്രത്തിലെ പല വിഷയങ്ങളിലും ഭിന്നിച്ചിട്ടുള ളവരായി നീ കാണുന്ന ഇവരെല്ലാം ഒരേ വീക്ഷണത്തിൽ, ഒരേ മതനിലപാടിൽ ഉ ള്ളവരായിരുന്നു. പിന്നീട് പിശാച് (വചനശാസ്ത്രത്തിലൂടെ) അവരിൽ ദുർബോധ നം നടത്തുകയും അവർക്കിടയിൽ ശത്രുതയും ഭിന്നിപ്പും ഇട്ടുകൊടുക്കുകയും ചെയ്തു. അങ്ങനെ അവർ വിഭിന്ന മാർഗങ്ങളിലായി." [1]

قال أبو حنيفة لأبي يوسف: «**إياك أن تكلم العامة في أصول الدين من الكلام فإنهم قوم يقلدونك فيشتغلون بذلك**»

5) അബൂഹനീഫ ﷺ (തന്റെ ശിഷ്യനായിരുന്ന) അബൂയൂസുഫിനോട് പറഞ്ഞു : "ദീനിന്റെ അടിസ്ഥാന വിഷയങ്ങളിൽ സാധാരണ ജനങ്ങളോട് വചനശാസ്ത്ര ചർച്ച നടത്തുന്നത് നീ സൂക്ഷിക്കണം. കാരണം അവർ നിന്നെ അനുകരിക്കുന്നവ രാണ്; അതിനാൽ അവർ (വചനശാസ്ത്രത്തിൽ) മുഴുകിയേക്കും." [2]

ഇമാം അബൂഹനീഫﷺയുടെ വാക്കുകളിൽ ചിലതാണിത്. ഇസ്‌ലാമിന്റെ അടി സ്ഥാന (വിശ്വാസ) വിഷയങ്ങളിൽ അദ്ദേഹത്തിന്റെ വിശ്വാസാദർശവും, വചന ശാസത്രത്തോടും അതിന്റെ വക്താക്കളോടും അദ്ദേഹത്തിനുണ്ടായിരുന്ന നില പാടും അതിൽ നിന്ന് മനസ്സിലാക്കാം.

---

[1] മനാഖിബു അബീഹനീഫ / മക്കി: 183, 184.

[2] മനാഖിബു അബീഹനീഫ / മക്കി: 373.

## നാല് ഇമാമുകളുടെയും വിശ്വാസം

# ഇമാം മാലിക് ബിനു അനസി ﵀ ന്റെ വിശ്വാസം

## തൗഹീദുമായി ബന്ധപ്പെട്ട ഇമാം മാലികി ﵀ ന്റെ പ്രസ്താവനകൾ:

عن الشافعي قال: سُئل مالك عن الكلام والتوحيد، فقال مالك: «محال أن يظن بالنبي -ﷺ-، أنه علَّم أمته الاستنجاء ولم يعلمهم التوحيد، والتوحيد ما قاله النبي -ﷺ-: «**أُمرت أن أقاتل الناس حتى يقولوا لا إلٰه إلا الله**» فما عصم به المال والدم حقيقة التوحيد»

1) അല്ലാമഃ ഹറവി ﵀ ഇമാം ശാഫിഈയിൽ ﵀ നിന്നും ഉദ്ധരിക്കുന്നു: ഇമാം മാലികിനോട് ﵀ വചനശാസ്ത്രത്തെ സംബന്ധിച്ചും തൗഹീദിനെ സംബന്ധിച്ചും ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: “നബി ﷺ തന്റെ സമുദായത്തിന് ശൗച്യം ചെയ്യുന്നതിനെ സംബന്ധിച്ചു പഠിപ്പിക്കുകയും, തൗഹീദ് അവർക്ക് പഠിപ്പിച്ചു കൊടുക്കാതിരിക്കുകയും ചെയ്തു എന്ന് അവിടുത്തെ കുറിച്ച് ധരിക്കുന്നതെങ്ങനെ?! തൗഹീദെന്നാൽ നബി ﷺ പറഞ്ഞത് തന്നെ:

«**أُمرت أن أقاتل الناس حتى يقولوا لا إلٰه إلا الله**»

“ജനങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല) എന്ന് പറയുന്നത് വരെ അവരോട് യുദ്ധം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. (ബുഖാരീ, മുസ്‌ലിം) അതിനാൽ ഒരാളുടെ സമ്പത്തും ജീവനും എന്തു കൊണ്ട് സംരക്ഷിക്കപ്പെടുമോ, അത് തന്നെയാണ് യഥാർത്ഥ തൗഹീദ്. [1]

وأخرج الدارقطني عن الوليد بن مسلم قال: «**سألت مالكًا والثوري والأوزاعي والليث بن سعد عن الأخبار في الصفات فقالوا أمروها كما جاءت**»

2) വലീദുബ്നു മുസ്‌ലിം ﵀ പറയുന്നു: “ഞാൻ ഇമാം മാലികിനോടും, സുഫ്യാൻ അഥൗരിയോടും, ഇമാം ഔസായിയോടും, ഇമാം ലൈഥ്ബിൻ സഅ്ദിനോടും ﵏ അല്ലാഹുവിന്റെ വിശേഷണങ്ങളെ സംബന്ധിച്ചുള്ള ഹദീസുകളെ കുറിച്ചു ചോദിച്ചു. “അവ വന്നതു പോലെ തന്നെ വായിക്കുക” എന്നാണ് അവരെല്ലാം പറഞ്ഞത്.” [2]

---

[1] ദമ്മുൽ കലാം / ഹറവി: 210.

[2] അസ്സ്വിഫാത് / ദാറുഖുത്വനി: 75, ശരീഅ / ആജൂരീ: :314, ഇഅ്തിഖാദ് / ബൈഹഖീ: പേജ്:118, തംഹീദ് / ഇബ്നു അബ്ദിൽ ബർറ്: 7/149.

## നാല് ഇമാമുകളുടെയും വിശ്വാസം

وقال ابن عبد البر: «سُئل مالك أيُرى الله يوم القيامة؟ فقال: نعم يقول الله عز وجل:

3) ഇബ്നു അബ്ദിൽ ബർറ് ﷺ പറയുന്നു: അല്ലാഹുവിനെ അന്ത്യനാളിൽ ദർശിക്കുമോ എന്ന് മാലികിനോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: "അതെ! അല്ലാഹു പറയുന്നു:

﴿وُجُوهٌ يَوْمَئِذٍ نَاضِرَةٌ * إِلَى رَبِّهَا نَاظِرَةٌ﴾ [القيامة: ٢٢]

"ചില മുഖങ്ങൾ അന്നേദിവസം പ്രസന്നതയുള്ളതായിരിക്കും അവയുടെ രക്ഷിതാവിലേക്ക് നോക്കികൊണ്ടിരിക്കും." (ഖിയാമ: 22)

മറ്റൊരു വിഭാഗത്തെ കുറിച്ച് അല്ലാഹു പറയുന്നു:

﴿كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ﴾ [المطففين: ١٥]»

"അല്ല; തീർച്ചയായും അവർ അന്നേദിവസം അവരുടെ രക്ഷിതാവിൽ നിന്ന് മറക്കപ്പെടുന്നവരാകുന്നു." (മുത്വഫ്ഫിഫീൻ:15)

عن ابن نافع وأشهب قالا: وأحدهم يزيد على الآخر يا أبا عبد الله: ﴿وُجُوهٌ يَوْمَئِذٍ نَاضِرَةٌ * إِلَى رَبِّهَا نَاظِرَةٌ﴾ ينظرون إلى الله؟ قال: «**نعم بأعينهم هاتين**»؛ فقلت له: فإن قومًا يقولون لا ينظر إلى الله، إن ناظرة بمعنى منتظرة إلى الثواب، قال: «**كذبوا! بل ينظر إلى الله، أما سمعت قول موسى عليه السلام: ﴿رَبِّ أَرِنِي أَنْظُرْ إِلَيْكَ﴾ [الأعراف: ١٤٣]، أفترى موسى سأله ربه محالاً؟ فقال الله: ﴿لَنْ تَرَانِي﴾ [الأعراف: ١٤٣] أي في الدنيا لأنها دار فناء، ولا ينظر ما يبقى بما يفنى، فإذا صاروا إلى دار البقاء نظروا بما يبقى إلى ما يبقى وقال الله: ﴿كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ﴾ [المطففين: ١٥]**»

ഇബ്നു നാഫിഅ് ﷺ, അശ്ഹബ് ﷺ എന്നിവർ നിവേദനം; അവർ (ഇമാം മാലികിനോട് പറഞ്ഞു): "അല്ലയോ (ഇമാം മാലിക്) അബൂഅബ്ദില്ലാ!

﴿وُجُوهٌ يَوْمَئِذٍ نَاضِرَةٌ * إِلَى رَبِّهَا نَاظِرَةٌ﴾

"ചില മുഖങ്ങൾ അന്നേദിവസം പ്രസന്നതയുള്ളതായിരിക്കും അവയുടെ രക്ഷിതാവിലേക്ക് നോക്കികൊണ്ടിരിക്കും." എന്ന ആയത്തിന്റെ ഉദ്ദേശ്യം അല്ലാഹുവിലേക്ക് അവർ നോക്കുമെന്നാണോ?"

അദ്ദേഹം പറഞ്ഞു: "അതെ! അവരുടെ ഈ രണ്ടു കണ്ണുകൾ കൊണ്ടുതന്നെ."

## നാല് ഇമാമുകളുടെയും വിശ്വാസം

അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: "ചില ആളുകൾ പറയുന്നത് അല്ലാഹുവിനെ കാണുകയില്ല; ഇവിടെ 'നോക്കി നിൽക്കുക' എന്നതിന്റെ വിവക്ഷ 'പ്രതിഫലം കാത്തിരിക്കുക' എന്നതാണെന്നാണ്."

അദ്ദേഹം പറഞ്ഞു: "കളവാണ് അവർ പറയുന്നത്! എന്നാൽ അല്ലാഹുവിനെ കാണുക തന്നെ ചെയ്യും. മൂസാ നബി ﷺ പറയുന്നത് നിങ്ങൾ കേട്ടിട്ടില്ലേ?

﴿رَبِّ أَرِنِي أَنْظُرْ إِلَيْكَ﴾

"എന്റെ രക്ഷിതാവേ! നിന്നെ എനിക്കൊന്നു കാണിച്ചു തന്നാലും. ഞാൻ നിന്നെയൊന്ന് കാണട്ടേ." (അഅ്റാഫ് 143)

മൂസാ നബി ﷺ അസംഭവ്യമായൊരു കാര്യം ഇവിടെ ചോദിക്കുകയാണെന്ന് നീ കരുതുന്നുണ്ടോ?

അല്ലാഹു (അതിന് മറുപടിയായി) പറഞ്ഞു:

﴿لَنْ تَرَانِي﴾

''നീ എന്നെ കാണുകയില്ല." (അഅ്റാഫ്: 143)

നശ്വരഭവനമായ ഈ ലോകത്ത് വെച്ച് കാണുകയില്ല എന്നാണ് ഈ പറഞ്ഞതിന്റെ ഉദ്ദേശം. നശിച്ചു പോകുന്ന ഒരു വസ്തുകൊണ്ട് ശാശ്വതമായ ഒന്നിനെ കാണുക സാധ്യമല്ല. മനുഷ്യരെല്ലാം അനശ്വരമായ പരലോകത്ത് എത്തിയാൽ, നശിക്കാത്ത (കണ്ണു) കൊണ്ട് എന്നെന്നും നിലനിൽക്കുന്നത് അവർ കാണുന്നതാണ്.

അല്ലാഹു ﷻ പറയുന്നു:

﴿كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ﴾ [المطففين: ١٥].

"അല്ല; തീർച്ചയായും അവർ അന്നേദിവസം അവരുടെ രക്ഷിതാവിൽ നിന്ന് മറക്കപ്പെടുന്നവരാകുന്നു." (മുത്വഫ്ഫിഫീൻ: 15) [1]

---

[1] തർതീബുൽമദാരിക് / ഖാദ്വി ഇയാദ്വ്: (2/42.

## നാല് ഇമാമുകളുടെയും വിശ്വാസം

عن جعفر بن عبد الله قال: «كنا عند مالك بن أنس فجاءه رجل فقال: يا أبا عبد الله، الرحمن على العرش استوى، كيف استوى؟ فما وجد مالك من شيء ما وجد من مسألته. فنظر إلى الأرض وجعل ينكت بعود في يده حتى علاه الرحضاء – يعني العرق – ثم رفع رأسه ورمى بالعود وقال: الكيف غير معقول، والاستواء منه غير مجهول، والإيمان به واجب، والسؤال عنه بدعة وأظنك صاحب بدعة وأمر به فأخرج»

4) ജഅ്ഫറുബ്നു അബ്ദില്ല ﷺ നിവേദനം: ഞങ്ങൾ മാലികുബ്നു അനസിന്റെയടുത്തായിരുന്നു. അപ്പോൾ ഒരാൾ അദ്ദേഹത്തെ സമീപിച്ച് ചോദിച്ചു: "അബൂ അബ്ദില്ല (ഇമാം മാലിക്)! റഹ്മാനായ അല്ലാഹു സിംഹാസനത്തിൽ ആരോഹിതനായി (എന്ന് ഖുർആനിൽ പറയുന്നു); എങ്ങനെയാണ് അവൻ ഉപവിഷ്ടനായത്?"

അദ്ദേഹത്തിന്റെ ചോദ്യം മുഖേന മാലികിനുണ്ടായ രോഷം പോലെ മറ്റൊരു വിഷയത്തിലും അദ്ദേഹം രോഷാകുലനായിട്ടില്ല. അദ്ദേഹം നിലത്തേക്ക് നോക്കി, തന്റെ കയ്യിലുണ്ടായിരുന്ന വടി ചലിപ്പിച്ചു കൊണ്ടിരുന്നു. പിന്നീട് അദ്ദേഹം തന്റെ ശിരസ്സ് ഉയർത്തി; അദ്ദേഹത്തിന്റെ മേൽ വിയർപ്പ് പൊടിഞ്ഞിരുന്നു.

**"(അല്ലാഹുവിന്റെ സിംഹാസനാരോഹണം); അതിന്റെ രൂപം ചിന്തനീയമല്ല. അല്ലാഹു ആരോഹിതനാകും എന്നത് (ഭാഷയിലോ പ്രമാണങ്ങളിലോ) അജ്ഞാതവുമല്ല. അതിൽ വിശ്വസിക്കേണ്ടത് നിർബന്ധവും, (അതിന്റെ രൂപം) ചോദിക്കുന്നത് ബിദ്അത്തുമാണ് (പുത്തനാചാരം)."**

നീ ഒരു പുത്തനാശയക്കാരനാണെന്ന് ഞാൻ കരുതുന്നു. അങ്ങനെ അയാളെ മസ്ജിദിൽ നിന്ന് പുറത്താക്കാൻ ഇമാം കൽപ്പിക്കുകയും, അയാളെ പുറത്താക്കുകയും ചെയ്തു. [1]

عن يحيى بن الربيع قال: «كنت عند مالك بن أنس ودخل عليه رجل فقال يا أبا عبد الله، ما تقول فيمن يقول القرآن مخلوق؟ فقال مالك: زنديق، فاقتلوه، فقال: يا أبا عبد الله إنما أحكي كلامًا سمعته، فقال: لم أسمعه من أحد إنما سمعته منك، وعظم هذا القول»

5) യഹ്‌യ ബ്നു റബീഅ് ﷺ പറയുന്നു: "ഞാൻ ഇമാം മാലികിന്റെ സമീപത്തായിരുന്നു. അപ്പോൾ ഒരാൾ അദ്ദേഹത്തെ സമീപിച്ച് ഇങ്ങനെ ചോദിച്ചു. "ഓ അബൂ

[1] ഹിൽയ / അബൂ നുഐം: 6/325, 326, അഖീദതു സ്സലഫ് അസ്ഹാബിൽ ഹദീഥ് / സ്വാബൂനി: 17, 18, തംഹീദ് / ഇബ്നു അബ്ദിൽ ബർ: 7/151, അസ്മാഉവസ്സിഫാത് / ബൈഹഖി: 408, ഫത്ഹുൽ ബാരീ / ഇബ്നു ഹജർ: 13/406, 407.

അബ്ദില്ലാ, ഖുർആൻ സൃഷ്ടിക്കപ്പെട്ടതാണെന്ന് പറയുന്ന വ്യക്തിയെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?" അപ്പോൾ മാലിക് ﵀ പറഞ്ഞു: "ഇവൻ നിർമ്മതവാദിയാണ്. ഇവനെ വധിച്ചു കളയുക."

അദ്ദേഹം പറഞ്ഞു: "അബൂഅബ്ദില്ലാ, ഞാൻ കേട്ട ഒരു വാചകം ഉദ്ധരിക്കുക മാത്രമാണ് ചെയ്തത്." അപ്പോൾ അദ്ദേഹം പറഞ്ഞു: "വേറെ ഒരാളിൽനിന്നും ഞാൻ ഇതു കേട്ടിട്ടില്ല. നിന്നിൽനിന്നു മാത്രമാണ് കേൾക്കാൻ ഇടയായത്. ഇതെത്ര ഗൗരവമുള്ള ഒരു വാക്കാണ്!" [1]

عن عبد الله بن نافع قال: «**كان مالك بن أنس يقول من قال القرآن مخلوق يوجع ضربًا ويحبس حتى يتوب**»

6) അബ്ദുല്ലാഹിബ്നിൻ നാഫിഅ് ﵀ പറയുന്നു: "ഖുർആൻ സൃഷ്ടിയാണെന്ന് പറയുന്നവന് വേദനിക്കുന്ന പ്രഹരം നൽകുകയും, അതിൽ നിന്ന് അവൻ പശ്ചാത്തപിക്കുന്നതു വരെ തടവിലാക്കുകയും വേണമെന്ന് മാലിക് ബിനു അനസ് ﵀ പറഞ്ഞിരിക്കുന്നു." [2]

عن عبد الله بن نافع قال: «**قال مالك: الله في السماء وعلمه في كل مكان**»

7) അബ്ദുല്ലാഹിബ്നിൻ നാഫിഅ് ﵀ പറയുന്നു: ഇമാം മാലിക് ﵀ പറഞ്ഞു: "അല്ലാഹു ആകാശത്താണ് അവന്റെ അറിവാകട്ടെ എല്ലായിടത്തുമുണ്ട്." [3]

## ഖദ്റുമായി (വിധിവിശ്വാസം) ബന്ധപ്പെട്ട ഇമാം മാലികിന്റെ പ്രസ്താവനകൾ:

عن ابن وهب قال: «**سمعت مالكًا يقول لرجل: سألتني أمس عن القدر؟ قال: نعم، قال: إن الله تعالى يقول: ﴿وَلَوْ شِئْنَا لَآتَيْنَا كُلَّ نَفْسٍ هُدَاهَا وَلَكِنْ حَقَّ الْقَوْلُ مِنِّي لَأَمْلَأَنَّ جَهَنَّمَ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ﴾ [السجدة: ١٣]، فلا بد أن يكون ما قال الله تعالى**»

[1] ഹിൽയ / അബൂ നുഐം 6/325, ശറഹുഉസ്വൂലു ഇഅ്തിഖാദി അഹ്ലുസുന്നത്തി വൽജമാഅ / ലാലകാഈ: 1/249 തർതീബുൽമദാരിക് / ഖാദ്വി ഇയാദ്വ്: 244.

[2] അൽ ഇൻതിഖാഅ് / ഇബ്നു അബ്ദിൽ ബർ: പേജ്:35.

[3] മസാഇലുൽ ഇമാം അഹ്മദ് / അബൂദാവൂദ്: 263, അസ്സുന്ന / അബ്ദുല്ലാഹിബ്നു അഹ്മദ്: 11, തൗഹീദ് / ഇബ്നു അബ്ദിൽബർറ്: 7/138.

## നാല് ഇമാമുകളുടെയും വിശ്വാസം

1) ഇബ്നു വഹബ് ﷺ പറയുന്നു: ഇമാം മാലിക് ﷺ ഒരാളോട് ചോദിക്കുന്നത് ഞാൻ കേട്ടു: "ഇന്നലെ നീ എന്നോട് ഖദ്റിനെ കുറിച്ച് ചോദിച്ചിരുന്നില്ലേ?"

അയാൾ പറഞ്ഞു: "അതെ."

അദ്ദേഹം പറഞ്ഞു: "അല്ലാഹു പറയുന്നു:

﴿وَلَوْ شِئْنَا لَآتَيْنَا كُلَّ نَفْسٍ هُدَاهَا وَلَٰكِنْ حَقَّ الْقَوْلُ مِنِّي لَأَمْلَأَنَّ جَهَنَّمَ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ﴾ [السجدة: ١٣]

"നാം ഉദ്ദേശിച്ചിരുന്നെങ്കിൽ ഓരോ ആൾക്കും തന്റെ സന്മാർഗം നാം നൽകുമായിരുന്നു. എന്നാൽ ജിന്നുകൾ, മനുഷ്യർ എന്നീ രണ്ടു വിഭാഗത്തെക്കൊണ്ട് ഞാൻ നരകം നിറക്കുകതന്നെ ചെയ്യും എന്ന എന്റെ പക്കൽനിന്നുളള വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു." (സജദ: 13)

അല്ലാഹു പറഞ്ഞത് ഉറപ്പായും സംഭാവിക്കാതിരിക്കില്ല." (ഹിൽയ / അബൂനുഐം: 6/326)

وقال القاضي عياض: «سُئل الإمام مالك عن القدرية: مَن هم؟ قال: من قال: ما خلق المعاصي، وسُئل كذلك عن القدرية؟ قال: هم الذين يقولون إن الاستطاعة إليهم إن شاءوا أطاعوا وإن شاءوا عصوا»

2) ഖാദ്വി ഇയാദ്വ് ﷺ പറയുന്നു: "(വിധിവിശ്വാസത്തെ നിഷേധിക്കുന്നവരായ) 'ഖദരിയാക്കൾ' ആരാണെന്ന് ഇമാം മാലികിനോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: "തിന്മകളെ അല്ലാഹു സൃഷ്ടിച്ചതല്ല എന്ന് പറയുന്നവരാണവർ."

മറ്റൊരിക്കൽ അദ്ദേഹം പറയുകയുണ്ടായി: "പ്രവർത്തിക്കുക എന്നത് നമ്മുടെ മാത്രം കാര്യമാണ്. തങ്ങൾ ഉദ്ദേശിക്കുമ്പോൾ പുണ്യം ചെയ്യാനും, തങ്ങൾ ഉദ്ദേശിക്കുമ്പോൾ തിന്മ ചെയ്യാനും കഴിയും എന്ന് വാദിക്കുന്നവരാണവർ." [1]

عن سعيد بن عبد الجبار قال: «سمعت مالك بن أنس يقول: رأيي فيهم أن يستتابوا فإن تابوا وإلا قتلوا – يعني القدرية –»

3) സഈദ്ബ്നു അബ്ദിൽ ജബ്ബാർ ﷺ പറഞ്ഞു: മാലിക്ബ്നു അനസ് 'ഖദരിയാക്കളെ' കുറിച്ച് ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: അവരോട് പശ്ചാതപിക്കാ

[1] തർതീബുൽ മദാരിക് 2/48, ശർഹുഉസ്വൂലു ഇഅ്തിഖാദി അഹ്ലിസുന്നത്തി വൽ ജമാഅ 2/701ലും നോക്കുക.

ൻ ആവശ്യപ്പെടണം. അങ്ങനെ അവർ പശ്ചാതപിച്ചാൽ (അവരെ വെറുതെ വിടുക). ഇല്ലെങ്കിൽ അവരെ വധിക്കണം എന്നാണ് എന്റെ വീക്ഷണം.” [1]

قال ابن عبد البر: «**قال مالك: ما رأيت أحدًا من أهل القدر إلا أهل سخافة وطيش وخفة**»

4) ഇബ്നു അബ്ദിൽബർറ് ﷺ പറഞ്ഞു: “മാലിക് പറയുകയുണ്ടായി: “അസംബന്ധവാദികളും വായാടികളും അൽപത്വക്കാരുമായിട്ടല്ലാതെ അല്ലാഹുവിന്റെ വിധിനിർണ്ണയത്തെ നിഷേധിക്കുന്നവരെ ഞാൻ കണ്ടിട്ടില്ല.” [2]

عن مروان بن محمد الطاطري قال: «**سمعت مالك بن أنس يسأل عن تزويج القدري؟ فقرأ: ﴿وَلَعَبْدٌ مُؤْمِنٌ خَيْرٌ مِنْ مُشْرِكٍ﴾ [البقرة: ٢٢١]...**»

5) മർവാൻബ്നു മുഹമ്മദ് ത്വാത്വരി ﷺ പറയുന്നു: “വിധിവിശ്വാസത്തെ നിഷേധിക്കുന്നവന് വിവാഹം കഴിച്ച് കൊടുക്കുന്നതിനെ കുറിച്ച് മാലികിനോട് ചോദിച്ചത് ഞാൻ കേട്ടു. അദ്ദേഹം അപ്പോൾ ഈ വചനം ഓതിക്കൊടുത്തു:

﴿وَلَعَبْدٌ مُؤْمِنٌ خَيْرٌ مِنْ مُشْرِكٍ﴾

“തീർച്ചയായും സത്യവിശ്വാസിയായ ഒരടിമയാണ് മുശ്രികിനെക്കാൾ ഉത്തമമായത്.” (ബഖറ:221) [3]

وقال القاضي عياض: «**قال مالك: لا تجوز شهادة القدري الذي يدعو، ولا الخارجي والرافضي**»

6) ഖാദ്വി ഇയാദ്വ് ﷺ പറഞ്ഞു: ഇമാം മാലിക് ﷺ പറഞ്ഞിരിക്കുന്നു: (അല്ലാഹുവിന്റെ വിധിനിർണ്ണയത്തെ നിഷേധിക്കുന്നതിലേക്ക്) പ്രബോധനം നടത്തുന്ന ‘ഖദരികളുടെയും’ (പിഴച്ച കക്ഷികളായ) ഖവാരിജിന്റെയും റാഫിദ്വിയുടേയും സാക്ഷ്യം (സ്വീകരിക്കുന്നത്) അനുവദനീയമല്ല.” [4]

---

[1] ഇബ്നുഅബീ ആസ്വിമിന്റെ അസ്സുന്നയിൽ 1/87, 88 ലും അബൂനുഐമിന്റെ ഹിൽയ 6/326 ലും ഉദ്ധരിച്ചത്.

[2] ഇൻതിഖാഅ് പേജ്:34.

[3] അസ്സുന്ന / ഇബ്നു അബീ ആസ്വിം: 1/88ലും, ഹിൽയ 6/326.

[4] തർതീബുൽ മദാരിക് 2/47.

## നാല് ഇമാമുകളുടെയും വിശ്വാസം

قال القاضي عياض: «سُئل مالك عن أهل القدر أنكف عن كلامهم؟ قال: نعم إذا كان عارفًا بما هو عليه، وفي رواية أخرى قال: لا يصلي خلفهم ولا يقبل عنهم الحديث وإن وافيتموهم في ثغر فأخرجوهم منه»

7) ഖാദ്വി ഇയാദ്വ് ﷺ തന്നെ പറയുന്നു: “ഞങ്ങൾ അല്ലാഹുവിന്റെ വിധിനിർണ്ണയാത്തെ നിഷേധിക്കുന്ന ‘ഖദരികളോട്’ സംസാരിക്കുന്നതിൽനിന്നും വിട്ടുനിൽക്കേണ്ടതുണ്ടോ എന്ന് മാലികിനോട് ﷺ ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: “അതെ! അറിഞ്ഞു കൊണ്ടുതന്നെയാണ് അയാൾ അതിൽ നിലകൊള്ളുന്നതെങ്കിൽ.”

മറ്റൊരു റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞതായി വന്നിട്ടുള്ളത് ഇപ്രകാരമാണ്: “ അവരുടെ പിന്നിൽ നമസ്കരിക്കരുത്. അവരിൽനിന്നും ഹദീസുകൾ സ്വീകരിക്കാനും പാടില്ല. അതിർത്തികളിൽ നിങ്ങളവരെ കണ്ടെത്തുകയാണെങ്കിൽ അവരെ പുറംതള്ളുകയും ചെയ്യണം.” [1]

## ഈമാനുമായി (വിശ്വാസം) ബന്ധപ്പെട്ട ഇമാം മാലികിന്റെ പ്രസ്താവനകൾ:

عن عبد الرزاق بن همام قال: «سمعت ابن جريج وسفيان الثوري ومعمر بن راشد وسفيان بن عيينة ومالك بن أنس يقولون: الإيمان قول وعمل يزيد وينقص»

1) അബ്ദുൽറസാഖ് ബിൻ ഹമ്മാം പറയുന്നു: “ഇബ്നു ജുറൈജ്, സുഫ്യാൻ അഥൗരി, മഅ്മർ ബിൻ റാഷിദ്, സുഫ്യാൻബ്നു ഉയൈയ്ന, മാലികുബ്നു അനസ് ﷺ തുടങ്ങിയവർ പറയുന്നു: “ഈമാൻ എന്നാൽ വാക്കും പ്രവർത്തിയും കൂടിയതാണ്. അത് കൂടുകയും കുറയുകയും ചെയ്യും.” [2]

عن عبد الله بن نافع قال: «كان مالك بن أنس يقول: الإيمان قول وعمل»

2) അബ്ദുല്ലാഹിബിനു നാഫിഅ് ﷺ പറയുന്നു: “ഇമാം മാലിക് ﷺ പറയാറുണ്ടായിരുന്നു: “ഈമാൻ എന്നാൽ വാക്കും പ്രവർത്തിയും കൂടിയുള്ളതാണ്.” [3]

[1] തർതീബുൽ മദാരിക്: 2/47.

[2] അൽ ഇൻതിഖാഅ് / ഇബ്നു അബ്ദിൽ ബർ: 34.

[3] ഹിൽയ / അബൂ നുഐം: 6/327.

## നാല് ഇമാമുകളുടെയും വിശ്വാസം

عن أشهب بن عبد العزيز قال: «قال مالك: فقام الناس يصلون نحو بيت المقدس ستة عشر شهرًا، ثم أمروا بالبيت الحرام فقال الله تعالى:﴿وَمَا كَانَ اللَّهُ لِيُضِيعَ إِيمَانَكُمْ﴾ [البقرة:١٤٣] أي صلاتكم إلى بيت المقدس، قال مالك: وإني لأذكر بهذه قول المرجئة: إن الصلاة ليست من الإيمان»

3) അശ്ഹുബ് ബ്നു അബ്ദുൽ അസീസ് ﷺ പറയുന്നു: "ഇമാം മാലിക് ﷺ (നബി ﷺ യുടെ കാലഘട്ടത്തിൽ ഖിബ്-ല മാറിയതിനെ കുറിച്ച് വിവരിക്കവേ) ഇപ്രകാരം പറഞ്ഞു: "അങ്ങനെ പതിനാറ് മാസത്തോളം സ്വഹാബികൾ ബൈതുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. പിന്നീട് മസ്ജിദുൽ ഹറാമിലേക്ക് തിരിയാൻ അവരോട് കൽപ്പിക്കപ്പെട്ടു. അല്ലാഹു പറഞ്ഞു:

﴿وَمَا كَانَ اللَّهُ لِيُضِيعَ إِيمَانَكُمْ﴾ [البقرة:١٤٣]

"നിങ്ങളുടെ വിശ്വാസത്തെ (അതായത് ബൈതുൽ മുഖദ്ദസിലേക്കുള്ള നിങ്ങളുടെ നിസ്കാരത്തെ) അല്ലാഹു പാഴാക്കിക്കളയുന്നതല്ല." (ബഖറ: 143)

ഇമാം മാലിക് ﷺ പറയുന്നു: "നിസ്കാരം ഈമാനിൽ പെട്ടതല്ല എന്ന (പിഴച്ച കക്ഷിയായ) മുർജിആക്കളുടെ വാദത്തിനുള്ള (മറുപടിയാണ്) ഞാൻ ഇതിലൂടെ സൂചിപ്പിക്കുന്നത്. [1]

## സ്വഹാബികളുടെ വിഷയത്തിൽ ഇമാം മാലികിന്റെ പ്രസ്താവനകൾ:

عن عبد الله العنبري قال: «قال مالك بن أنس: من تنقص أحدًا من أصحاب رسول الله -ﷺ-، أو كان في قلبه عليهم غل، فليس له حق في فيء المسلمين، ثم تلا قوله تعالى: ﴿وَالَّذِينَ جَاءُوا مِنْ بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا﴾ [الحشر: ١٠]. فمن تنقصهم أو كان في قلبه عليهم غل، فليس له في الفيء حق»

1) അബ്ദുല്ലാഹിൽ അൻബരി ﷺ പറയുന്നു: "മാലികുബ്നു അനസ് ﷺ പറഞ്ഞു: "ആരെങ്കിലും റസൂലുല്ലാഹി ﷺ യുടെ സ്വഹാബികളിൽ ഒരാളെയെങ്കിലും അധിക്ഷേപിക്കുകയോ, അല്ലെങ്കിൽ അവന്റെ ഹൃദയത്തിൽ അവരോട് വിദ്വേഷം വെച്ച്പുലർത്തുകയോ ആണെങ്കിൽ മുസ്ലിംകൾക്കുള്ള യുദ്ധാർജിത സ്വത്തിൽ (ഫൈഇൽ) അയാൾക്ക് ഒരു അവകാശവും വകവെച്ച് കൊടുക്കരുത്.

[1] അൽ ഇൻതിഖാഅ് പേജ്:34.

## നാല് ഇമാമുകളുടെയും വിശ്വാസം

(അതിന് തെളിവായി യുദ്ധാർജ്ജിത സ്വത്ത് വിതരണം ചെയ്യേണ്ടത് ആർക്കാണെന്ന് വിശദീകരിക്കുന്ന) അല്ലാഹുവിന്റെ ഈ വചനം അദ്ദേഹം പാരായണം ചെയ്തു:

﴿وَالَّذِينَ جَاءُوا مِنْ بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا﴾ [الحشر: ١٠]

"(മുഹാജിറുകളും അൻസ്വാറുകളുമായ സ്വഹാബികൾ;) അവരുടെ ശേഷം വന്നവർക്കും (ആ യുദ്ധാർജ്ജിത സ്വത്ത് നൽകണം).

അവർ (സ്വഹാബികൾക്ക് ശേഷമുള്ളവർ) പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ! സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു." (ഹശ്ർ: 10)

"അതിനാൽ ആരെങ്കിലും നബി ﷺ യുടെ അനുചരരെ അധിക്ഷേപിക്കുകയോ, അല്ലെങ്കിൽ തന്റെ ഹൃദയത്തിൽ അവരോട് വിദ്വേഷം വെച്ച്പുലർത്തുകയോ ആണെങ്കിൽ മുസ്ലിംകൾക്കുള്ള യുദ്ധാർജിത സ്വത്തിൽ (ഫൈഇൽ) അയാൾക്ക് ഒരു അവകാശവുമില്ല." [1]

عن رجل من ولد الزبير قال: «كنا عند مالك فذكروا رجلاً يتنقص أصحاب رسول الله -ﷺ-، فقرأ مالك هذه الآية: ﴿مُحَمَّدٌ رَسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاءُ﴾ - حتى بلغ - ﴿يُعْجِبُ الزُّرَّاعَ لِيَغِيظَ بِهِمُ الْكُفَّارَ﴾ [الفتح: ٢٩]. فقال مالك: «من أصبح في قلبه غيظ على أحد من أصحاب رسول الله -ﷺ-، فقد أصابته الآية»»

2) സുബൈർ ബ്നുൽ അവ്വാമിന്റെ സന്തതിപരമ്പരകളിൽ പെട്ട ഒരാൾ [2] പറയുന്നു: "ഞങ്ങൾ ഇമാം മാലികിൻറെ കൂടെയായിരുന്നു. അപ്പോൾ നബി ﷺ യുടെ

---

[1] ഹിൽയ / അബൂ നുഐം: 6/327.

[2] ഇമാം മാലികിന്റെ ശിഷ്യന്മാരിൽ പെട്ട അബ്ദുല്ലാഹിബിനു നാഫിഅ്, മിസ്അബ്ബിൻ അബ്ദില്ലാഹിബിൻ മിസ്അബ് എന്നീ രണ്ടു പേരിൽ ഒരാൾ; കാരണം ഇവർ രണ്ടു പേരും സുബൈർ ബ്നുൽ അവ്വാമിന്റെ സന്തതിപരമ്പരയിൽ പെട്ടവരായിരുന്നു.

## നാല് ഇമാമുകളുടെയും വിശ്വാസം

സഹാബികളെ ഇകഴ്ത്തുന്ന ഒരാളെക്കുറിച്ച് അദ്ദേഹത്തോട് പറയപ്പെട്ടു. ഇത് കേട്ടപ്പോൾ ഇമാം മാലിക് ഈ ആയത്ത് പാരായണം ചെയ്തു:

﴿مُحَمَّدٌ رَسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاءُ﴾

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തിന്റെ കൂടെയുള്ളവരാകട്ടെ, സത്യനിഷേധികളോട് കർക്കശമായി വർത്തിക്കുന്നവരാകുന്നു." (ആ ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പറയുന്നു:)

﴿يُعْجِبُ الزُّرَّاعَ لِيَغِيظَ بِهِمُ الْكُفَّارَ﴾

"അവർ (സ്വഹാബികൾ) മൂലം (അല്ലാഹുവിനെയും അവന്റെ ദൂതരെയും) നിഷേധിച്ചവരെ അരിശം പിടിപ്പിക്കുവാൻ വേണ്ടിയാകുന്നു (അല്ലാഹു സ്വഹാബികളെ വളർത്തി കൊണ്ടുവന്നത്)." (ഫത്ഹ്: 29)

ശേഷം മാലിക് പറഞ്ഞു: "ആരുടെയെങ്കിലും ഹൃദയത്തിൽ നബി ﷺ യുടെ അനുചരന്മാരിൽ ഒരാളോടെങ്കിലും വിദ്വേഷം ഉണ്ടായിത്തീർന്നിട്ടുണ്ടെങ്കിൽ അവന് ഈ ആയത്ത് അവനും ബാധകമായിരിക്കുന്നു." [1]

عن أشهب بن عبد العزيز قال: «كنا عند مالك إذ وقف عليه رجل من العلويين وكانوا يقبلون على مجلسه فناداه: يا أبا عبد الله فأشرف له مالك، ولم يكن إذا ناداه أحد يجيبه أكثر من أن يشرف برأسه، فقال له الطالبي: إني أريد أن أجعلك حجة فيما بيني وبين الله، إذا قدمت عليه فسألني، قلت له: مالك قال لي، فقال له: قُل، فقال: من خير الناس بعد رسول الله -ﷺ- ؟ قال: أبو بكر، قال العلوي: ثم من؟ قال مالك: ثم عمر. قال العلوي: ثم من؟ قال: الخليفة المقتول ظلمًا، عثمان. قال العلوي: والله لا أجالسك أبدًا، قال له مالك: فالخيار إليك»

3) അശ്ഹുബ് ബിൻ അബ്ദുൽ അസീസ് പറയുന്നു: "ഞങ്ങൾ ഇമാം മാലികിന്റെ കൂടെയിരിക്കുമ്പോൾ അലവിയാക്കളിൽ [2] നിന്നുള്ള ഒരാൾ അദ്ദേഹത്തിന്റെ അടുത്തു വന്നു. അവർ സാധാരണ അദ്ദേഹത്തിന്റെ സദസ്സിൽ വരാറുണ്ട്.

---

[1] ഹിൽയ / അബൂ നുഐം: 6/327.

[2] നാലാം ഖലീഫ അലി ബ്നു അബീ ത്വാലിബിന്റെ കാര്യത്തിൽ അതിര് കവിയുകയും, മൂന്നാം ഖലീഫ ഉഥ്മാൻ ബ്നു അഫ്ഫാനോട് ദേഷ്യം പുലർത്തുകയും ചെയ്യുന്ന കൂട്ടരാണ് അവർ.

## നാല് ഇമാമുകളുടെയും വിശ്വാസം

ആഗതൻ വിളിച്ചു: "ഓ അബൂഅബ്ദുല്ലാ!"

ഉടനെ മാലിക് തലയുയർത്തി നോക്കി. ആരെങ്കിലും അദ്ദേഹത്തെ വിളിക്കുകയാണെങ്കിൽ തല ഉയർത്തിനോക്കുന്നതിൽ കൂടുതലൊന്നും അദ്ദേഹം പ്രതികരിക്കാറില്ല.

അപ്പോൾ അയാൾ പറഞ്ഞു: "എനിക്കും അല്ലാഹുവിനും ഇടയിൽ താങ്കളെ ഒരു സാക്ഷിയാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു." ഞാൻ അവന്റെയടുത്തു ചെല്ലുകയും എന്നോടവൻ ചോദിക്കുകയുമാണെങ്കിൽ ഞാൻ പറയും 'മാലികാണ് എന്നോട് ഇതു പറഞ്ഞത്' എന്ന്."

ഇമാം മാലിക് പറഞ്ഞു: "നീ ചോദിച്ചോളൂ."

അയാൾ ചോദിച്ചു: "റസൂൽ ﷺ ക്ക് ശേഷം ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്?"

ഇമാം മാലിക് പറഞ്ഞു: "അബൂബക്ർ ﵁."

അയാൾ ചോദിച്ചു: "ശേഷം ആരാണ്?"

ഇമാം മാലിക് പറഞ്ഞു: "ഉമർ ﵁."

അയാൾ ചോദിച്ചു: "ശേഷം ആരാണ്?"

മാലിക്: "അക്രമകരമായി വധിക്കപ്പെട്ട ഖലീഫ, ഉഥ്മാൻ ﵁."

അയാൾ പറഞ്ഞു: "ഇനി ഒരിക്കലും ഞാൻ താങ്കളുടെ കൂടെയിരിക്കുകയില്ല."

ഇമാം മാലിക് പറഞ്ഞു: "അത് നിനക്ക് തീരുമാനിക്കാം." [1]

[1] തർതീബുൽ മദാരിക് / ഖാദ്വീ ഇയാദ്വ്: 2/44, 45.

## നാല് ഇമാമുകളുടെയും വിശ്വാസം

### വചനശാസ്ത്രം, മതവിഷയങ്ങളിലെ തർക്കം എന്നിവയോടുള്ള ഇമാം മാലികിനുള്ള എതിർപ്പ്:

عن مصعب بن عبد الله الزبيري قال: «كان مالك بن أنس يقول: الكلام في الدين أكرهه ولم يزل أهل بلدنا يكرهونه وينهون عنه، نحو الكلام في رأى جهم والقدر وكل ما أشبه ذلك، ولا يحب الكلام إلا فيما تحته عمل، فأما الكلام في دين الله وفي الله عزّ وجل فالسكوت أحب إلي لأني رأيت أهل بلدنا ينهون عن الكلام في الدين إلا فيما تحته عمل»

1) മിസ്അബ്ബിൻ അബ്ദില്ലാ സുബൈരി ﵀ പറയുന്നു: "മാലിക്ബിൻ അനസ് പറയുമായിരുന്നു: "മതവിഷയങ്ങളിൽ തർക്കം കൊണ്ടു വരുന്നത് ഞാൻ വെറുക്കുന്നു. നമ്മുടെ നാട്ടിലുള്ളവരെല്ലാം (അതായത്, മദീനയിലുള്ളവർ) അതിനെ വെറുക്കുകയും വിരോധിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു; ഉദാഹരണത്തിന് (പിഴച്ച ചിന്താഗതിക്കാരനായ) ജഹ്മിന്റെ വീക്ഷണങ്ങളെ സംബന്ധിച്ചും വിധി വിശ്വാസത്തെ കുറിച്ചും സമാനമായ വിഷയങ്ങളിലുമുള്ള തർക്കങ്ങൾ.

എന്തെങ്കിലുമൊരു സൽകർമ്മം ഉൾകൊള്ളുന്ന വിഷയത്തിലുള്ള സംസാരം മാത്രമേ പ്രിയങ്കരമാകേണ്ടതുള്ളൂ. അതല്ലാതെ, അല്ലാഹുവിന്റെ മതത്തെ സംബന്ധിച്ചും, അല്ലാഹുവിനെ സംബന്ധിച്ചുമെല്ലാം തർക്കം നടത്തുക എന്നതിനേക്കാൾ മൗനമവലംബിക്കുന്നതാണ് എനിക്ക് ഏറ്റവും പ്രിയങ്കരമായിട്ടുള്ളത്.

കാരണം ഒരു കർമവും ഉൾക്കൊള്ളാത്ത മതത്തെ സംബന്ധിച്ച ചർച്ചകളെ നമ്മുടെ നാട്ടുകാർ വിരോധിക്കുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്." [1]

عن عبد الله بن نافع قال: «سمعت مالكًا يقول: لو أن رجلاً ركب الكبائر كلها بعد ألا يشرك بالله ثم تخلى من هذه الأهواء والبدع – وذكر كلامًا – دخل الجنة»

2) അബ്ദില്ലാഹിബിൻ നാഫിഅ് ﵀ പറയുന്നു: ഇമാം മാലിക് ﵀ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ഏതൊരാളും അല്ലാഹുവിൽ പങ്കുചേർക്കാതിരിക്കുകയും ( ശിർക്ക് ഒഴികെ) മറ്റെല്ലാ വൻപാപങ്ങളും ചെയ്തിരുന്നാലും, അയാൾ ഈ പിഴച്ച ചിന്തകളെയും ബിദ്അത്തുകളെയും –അക്കൂട്ടത്തിൽ അദ്ദേഹം ചിലത് എടുത്തു

[1] ജാമിഉ ബയാനിൽ ഇൽമി വഫള്ലിഹി / ഇബ്നു അബ്ദിൽ ബർ: പേജ്:415.

പറഞ്ഞു- ഉപേക്ഷിക്കുകയാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്." [1]

عن إسحاق بن عيسى قال: «قال مالك: من طلب الدين بالكلام تزندق، ومن طلب المال بالكيمياء أفلس، ومن طلب غريب الحديث كذب»

3) ഇസ്ഹാഖ്ബിൻ ഈസാ ﵀ പറയുന്നു: ഇമാം മാലിക് ﵀ പറഞ്ഞു: "വചന ശാസ്ത്രത്തിലൂടെ ആരെങ്കിലും മതത്തെ അന്വേഷിക്കുകയാണെങ്കിൽ അവൻ മതനിഷേധിയാകും. ആരെങ്കിലും രസതന്ത്രം മുഖേന സമ്പാദിക്കാൻ ശ്രമിച്ചാൽ അവൻ പാപ്പരാകും. [2] അപരിചിതമായ ഹദീസുകൾ തേടുന്നവൻ കള്ളം പറയും." (ദമ്മുൽ കലാം / ഹറവി: 173)

عن إسحاق بن عيسى قال: «سمعت مالك بن أنس يعيب الجدال في الدين ويقول: كلما جاءنا رجل أجدل من رجل أرادنا أن نرد ما جاء به جبريل إلى النبي -ﷺ-»

4) ഇസ്ഹാഖുബിൻ ഈസാ ﵀ പറയുന്നു: "മതകാര്യങ്ങളിൽ തർക്കിക്കുന്നതിനെ മാലിക്ബ്നു അനസ് ﵀ ആക്ഷേപിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം പറയുമായിരുന്നു: "ഒരാളേക്കാൾ തർക്കിക്കാൻ ശേഷിയുള്ള മറ്റൊരാൾ വരുന്നതിന് അനുസരിച്ച് ജിബ്രീൽ ﵇ മുഖേന നബി ﷺ ക്ക് വന്നെത്തിയ സന്ദേശം നാം ഉപേക്ഷിക്കാനാണ് ഇക്കൂട്ടർ ഉദ്ദേശിക്കുന്നത്." [3]

عن عبد الرحمن بن مهدي قال: «دخلت على مالك وعنده رجل يسأله فقال: لعلك من أصحاب عمرو بن عبيد، لعن الله عمرو بن عبيد فإنه ابتدع هذه البدعة من الكلام، ولو كان الكلام علمًا لتكلم فيه الصحابة والتابعون كما تكلموا في الأحكام والشرائع»

---

[1] ഹിൽയ / അബൂ നുഐം: 6/325.

[2] ഇമാം മാലികിന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന ഒരു സാമൂഹിക സ്ഥിതിയെ കുറിച്ചാണ് അദ്ദേഹം പറയുന്നത്. എല്ലാ കാലഘട്ടത്തിലേക്കും ബാധകമായ ഒരു വിധിയോ നിരീക്ഷണമോ അല്ല ഇത്. (വിവ)

[3] ശറഹു അസ്വ്ഹാബിൽ ഹദീസ് / ഖത്വീബ്: പേജ്:5.

## നാല് ഇമാമുകളുടെയും വിശ്വാസം

5) അബ്ദുറഹ്മാൻബിൻ മഹ്ദി ﷺ പറയുന്നു: "ഒരിക്കൽ ഞാൻ ഇമാം മാലികിനെ ﷺ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെയടുക്കൽ ഒരാൾ ചോദ്യങ്ങൾ ചോദിച്ചു നിൽക്കുന്നുണ്ടായിരുന്നു.

ഇമാം മാലിക് ﷺ അയാളോട് പറഞ്ഞു: നീ (പിഴച്ച വാദക്കാരനായ) അംറ്ബിൻ ഉബൈദിന്റെ കൂട്ടാളികളിൽ പെട്ടവനാണെന്ന് ഞാൻ കരുതുന്നു. അംറ് ബിൻ ഉബൈദിനെ അല്ലാഹു ശപിക്കട്ടെ! അവനാണ് ഈ വചനശാസ്ത്രമെന്ന നൂതനാശയം പടച്ചുണ്ടാക്കിയത്.

വചനശാസ്ത്രം (ഉപകാരപ്രദമായ) വിജ്ഞാനമായിരുന്നെങ്കിൽ മതവിധികളിലും ഇസ്‌ലാമിക നിയമങ്ങളിലും സ്വഹാബികളും താബിഉകളും ചർച്ചകൾ നടത്തിയ പോലെ അതിലും ചർച്ച നടത്തുമായിരുന്നു." [1]

**عن أشهب بن عبد العزيز قال: «سمعت مالكًا يقول: إياكم والبدع، قيل يا أبا عبد الله، وما البدع؟ قال: أهل البدع الذين يتكلمون في أسماء الله وصفاته وكلامه وعلمه وقدرته ولا يسكتون عمّا سكت عنه الصحابة والتابعون لهم بإحسان»**

6) അശ്ഹുബു ഇബ്നു അബ്ദിൽ അസീസ് ﷺ പറയുന്നു: ഇമാം മാലിക് ﷺ പറഞ്ഞതായി ഞാൻ കേട്ടു: "നിങ്ങൾ ബിദ്അത്തുകളെ (നൂതനാശയങ്ങളെ) സൂക്ഷിക്കുക." അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: "ഓ അബൂഅബ്ദുല്ലാ! എന്താണ് ബിദ്അത്തുകൾ?

അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും അവന്റെ സംസാരത്തിലും അറിവിലും കഴിവിലും തർക്കങ്ങൾ നടത്തുകയും, എന്നാൽ സ്വഹാബിമാരും അവരെ ശരിയാംവണ്ണം പിന്തുടർന്ന പിൻഗാമികളും മൗനം ദീക്ഷിച്ച കാര്യങ്ങളിൽ മൗനമവലംബിക്കാതിരിക്കുകയും ചെയ്യുന്നവരാണ് ബിദ്അത്തിന്റെ ആളുകൾ." (ദമ്മുൽകലാം / ഹറവി: 173)

**عن الشافعي قال: «كان مالك بن أنس إذا جاءه بعض أهل الأهواء قال: أما إني على بينة من ربي وديني، وأما أنت فشاكٌّ فاذهب إلى شاكٍّ فخاصمه»**

7) ഇമാം ശാഫിഈ ﷺ പറയുന്നു: "ബിദ്അത്തുകാരിൽ പെട്ട ആരെങ്കിലും മാലിക് ബ്നു അനസിന്റെയടുത്ത് വരുമ്പോൾ അദ്ദേഹം അവരോട് പറഞ്ഞിരുന്നു:

[1] ദമ്മുൽകലാം / ഹറവി: 173.

## നാല് ഇമാമുകളുടെയും വിശ്വാസം

“ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുമുള്ള വ്യക്തമായ തെളിവിലും എന്റെ മതത്തിലുമാണ് നിലകൊള്ളുന്നത്. നീയാകട്ടെ, നിന്റെ ആദർശത്തിൽ സംശയമുള്ളവനാണ്. അതിനാൽ സംശയത്തിലിരിക്കുന്ന ഒരാളുടെ അടുത്ത് പോയി തർക്കിച്ചു കൊള്ളുക.” [1]

قال مالك: «لا تجوز الإجارات في شيء من كتب الأهواء والبدع والتنجيم -وذكر كتبًا- ثم قال: وكتب أهل الأهواء والبدع عند أصحابنا هي كتب أصحاب الكلام من المعتزلة وغيرهم وتفسخ إجارة في ذلك»

8) ഇമാം മാലിക് ﵀ പറഞ്ഞു: ” തന്നിഷ്ടക്കാരുടെയും ബിദ്അത്തുകാരുടെയും ജ്യോതിഷികളുടെയും ഗ്രന്ഥങ്ങൾ ഒന്നും തന്നെ വാടകക്കുനൽകൽ അനുവദനീയമായതല്ല. ശേഷം ചില ഗ്രന്ഥങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു.

ഇമാം മാലികിന്റെ ഈ വാക്ക് നൽകിയ ശേഷം ഈജിപ്തുകാരനായ മാലികീ പണ്ഡിതൻ മുഹമ്മദ്ബിൻ അഹ്മദ്ബിൻ ഖുവൈസ് പറയുന്നു: “മാലികീ മദ്ഹബിലെ വീക്ഷണപ്രകാരം തന്നിഷ്ടക്കാരുടേയും ബിദ്അത്തുകാരുടെയും ഗ്രന്ഥങ്ങൾ എന്നാൽ വചനശാസ്ത്രക്കാരിൽ പെട്ട മുഅ്തസിലികളുടെയും മറ്റും ഗ്രന്ഥങ്ങളാണ്. ഇവയിൽ വാടകഇടപാടുകൾ നടത്തിയാൽ പ്രസ്തുത കച്ചവടം അസാധുവാണ്.” [2]

തൗഹീദ്, സ്വഹാബത്ത്, ഈമാൻ, ഇൽമുൽകലാം (വചനശാസ്ത്രം) തുടങ്ങിയുള്ള വിഷയങ്ങളിൽ ഇമാം മാലികിന്റെ സമീപനങ്ങളിലേക്കും വാക്കുകളിലേക്കുമുള്ള ഒരു എത്തിനോട്ടം മാത്രമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

---

[1] ഹിൽയ / അബൂ നുഐം: 6/324.

[2] ജാമിഅ് ബയാനുൽ ഇൽമി വഫള്ലിഹി / ഇബ്നു അബ്ദിൽ ബർ: 416, 417 ഈ പ്രസ്താവന നൽകിയിട്ടുണ്ട്.

**നാല് ഇമാമുകളുടെയും വിശ്വാസം**

## ഇമാം ശാഫിഈ ﵀ യുടെ വിശ്വാസം

### തൗഹീദുമായി ബന്ധപ്പെട്ട ഇമാം ശാഫിഈ ﵀ യുടെ പ്രസ്താവനകൾ:

عن الربيع بن سليمان قال: «قال الشافعي: من حلف بالله أو باسم من أسمائه فحنث فعليه الكفارة، ومن حلف بشيء غير الله مثل أن يقول الرجل: والكعبة وأبي وكذا وكذا ما كان، فحنث فلا كفارة عليه، ومثل ذلك قوله لعمري ... لا كفارة عليه ويمين بغير الله فهي مكروهة منهي عنها من قبل قول الرسول -ﷺ-: «إن الله عزّ وجل نهاكم أن تحلفوا بآبائكم، فمن كان حالفًا فليحلف بالله أو ليسكت»

1) റബീഅഃ ഇബ്നു സുലൈമാൻ പറയുന്നു: ഇമാം ശാഫിഈ ﵀ പറഞ്ഞു: "ഒരാൾ അല്ലാഹുവിനെ കൊണ്ടോ അല്ലെങ്കിൽ അവന്റെ നാമങ്ങളിൽനിന്നുമുള്ള ഒരു നാമം കൊണ്ടോ സത്യം ചെയ്യുകയും പിന്നീടത് ലംഘിക്കുകയുമാണെങ്കിൽ പ്രായശ്ചിത്തം ചെയ്യേണ്ടത് അവന് നിർബന്ധമായിത്തീരുന്നു.

എന്നാൽ ഒരാൾ അല്ലാഹു ഒഴികെയുള്ള ഏതൊരു വസ്തുകൊണ്ടും സത്യം ചെയ്താലും -ഉദാഹരണത്തിന് കഅ്ബാലയം തന്നെ സത്യം, എന്റെ പിതാവാണ് സത്യം എന്നിങ്ങനെ മറ്റെന്തൊന്നു കൊണ്ട് സത്യം ചെയ്താലും-, അത് ലംഘിക്കുന്ന പക്ഷം പ്രായശ്ചിത്തം ചെയ്യൽ അവന്റെ മേൽ നിർബന്ധമില്ല. എന്റെ ആയുസ്സ് തന്നെ സത്യം എന്ന് പറയുന്നതും ഇത് പോലെ തന്നെ...

അല്ലാഹു ഒഴികെ ഏതൊന്നുകൊണ്ടും ശപഥം ചെയ്യുന്നത് വെറുക്കപ്പെട്ടതും, നബി ﷺ യുടെ വചനങ്ങളിലൂടെ വിരോധിക്കപ്പെട്ടിട്ടുള്ളതുമാണ്. അവിടുന്ന് അരുളി: "നിങ്ങളുടെ പിതാക്കന്മാരെ കൊണ്ട് ശപഥം ചെയ്യുന്നത് അല്ലാഹു ﷻ വിരോധിച്ചിരിക്കുന്നു. അതിനാൽ ആരെങ്കിലും സത്യം ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്യട്ടെ. അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ." [1] [2]

---

[1] ബുഖാരി: ശപഥങ്ങളും നേർച്ചകളും എന്ന അദ്ധ്യായത്തിലും, മുസ്‌ലിം: ശപഥങ്ങൾ എന്ന അദ്ധ്യായത്തിലും ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്.

[2] മനാഖിബു ശാഫിഈ / ബയ്ഹഖി: 1/405.

## നാല് ഇമാമുകളുടെയും വിശ്വാസം

മേൽ പറഞ്ഞതിനുള്ള കാരണമായി ഇമാം ശാഫിഈ വിവരിച്ചത് അല്ലാഹുവിന്റെ നാമങ്ങളൊന്നും സൃഷ്ടിയല്ല എന്നതാണ്. അതിനാൽ അല്ലാഹുവിന്റെ ഏതു പേരിലും സത്യം ചെയ്ത ശേഷം അത് ലംഘിച്ചാൽ പ്രായശ്ചിത്തം നിർബന്ധമാണ്. [1]

٢- وأورد ابن القيم في اجتماع الجيوش عن الشافعي أنه قال: «القول في السنة التي أنا عليها ورأيت أصحابنا عليها أهل الحديث الذين رأيتهم وأخذت عنهم مثل سفيان ومالك وغيرهما الإقرار بشهادة أن لا إله إلا الله، وأن محمدًا رسول الله وأن الله تعالى على عرشه في سمائه يقرب من خلقه كيف شاء وأن الله تعالى ينزل إلى سماء الدنيا كيف شاء»([١٠٧]).

2) ഇമാം ശാഫിഈ ﵀ പറയുന്നു: "ഞാൻ നിലകൊള്ളുന്ന അഹ്ലുസ്സുന്നത്തിന്റെ വീക്ഷണവും, ഞാൻ കണ്ടവരും ദീൻ സ്വീകരിച്ചവരുമായ അഹ്ലുൽ ഹദീഥിന്റെ വക്താക്കളായ സുഫ്യാൻ അഥൗരിയേയും ഇമാം മാലികിനെയും പോലുള്ളവരെ ഞാൻ കണ്ടതും ഈ വീക്ഷണത്തിലാണ്:

'ലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല), മുഹമ്മദുൻ റസൂലുല്ലാഹ് (മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണ്) എന്ന സാക്ഷ്യവചനം അംഗീകരിക്കുകയും, അല്ലാഹു അവന്റെ സിംഹാസനത്തിന് മേൽ ആരോഹിതനാണെന്നും, തന്റെ സൃഷ്ടികളിലേക്ക് അവൻ ഉദ്ദേശിക്കുന്ന വിധത്തിൽ അടുക്കുന്നതാണെന്നും, അല്ലാഹു അവൻ ഉദ്ദേശിക്കുന്ന വിധത്തിൽ ഏറ്റവും താഴെയുള്ള ആകാശത്തിലേക്ക് ഇറങ്ങുന്നതാണെന്നും അംഗീകരിക്കുകയും ചെയ്യുക." [2]

عن المزني قال: «قلت: إن كان أحد يخرج ما في ضميري وما تعلق به خاطري في أمر التوحيد فالشافعي؛ فصرت إليه وهو في مسجد مصر، فلما جثوتُ بين يديه قلت: هجس في ضميري مسألة في التوحيد فعلمت أن أحدًا لا يعلم علمك فما الذي عندك؟ فغضب ثم قال: أتدري أين أنت؟ قلت: نعم. قال: هذا الموضع الذي أغرق الله فيه فرعون، أبلغك أن رسول الله - ﷺ-، أمر بالسؤال عن ذلك؟ قلت: لا. قال: هل تكلم فيه الصحابة؟ قلت: لا، قال: تدري كم نجمًا في السماء؟ قلت: لا،

---

[1] ആദാബുശാഫിഈ / ഇബ്നു അബീഹാതിം: 193, ഹിൽയ / അബൂനുഐം: 9/112-113, സുനനുൽ കുബ്റാ / ബൈഹഖി: 10/28, അസ്മാഉവസ്സിഫാത് പേജ്:255-256 ലും നോക്കുക.

[2] ഇജ്തിമാഉൽ ജുയൂശുൽ ഇസ്ലാമിയ്യ / ഇബ്നുൽ ഖയ്യിം: 165, ഇഥ്ബാത് സ്വിഫതിൽ ഉലുവ്വ്: 124, മജ്മൂഉൽഫതാവാ / ഇബ്നുൽ ഖയ്യിം: 4/181-183, ഉലുവ്വ് / ദഹബി:120, അൽബാനി സംഗ്രഹിച്ചത്:176.

## നാല് ഇമാമുകളുടെയും വിശ്വാസം

قال: فكوكب منها تعرف جنسه، طلوعه، أفوله، مم خُلق؟ قلت: لا، قال: فشيء تراه يعينك من الخلق لست تعرفه تتكلم في علم خالقه؟

3) അല്ലാമഃ മുസ്നി ﷺ പറയുന്നു: "ഞാൻ (മുസനി) പറയുന്നു: 'തൗഹീദിനെ സംബന്ധിച്ചുള്ള വിഷയത്തിൽ എന്റെ ഹൃദയത്തിലുള്ളതും എന്റെ മനസ്സിൽ പറ്റി പ്പിടിച്ചിട്ടുള്ളതുമായ എന്തെങ്കിലും പുറത്തെടുക്കാൻ ആർക്കെങ്കിലും സാധിക്കു മെങ്കിൽ അത് ഇമാം ശാഫിഈ ﷺ ക്കായിരുന്നു. ആയതിനാൽ ഞാൻ അദ്ദേഹ ത്തിന്റെ അടുത്തേക്ക് പോയി. ഈജിപ്തിലെ പള്ളിയിലായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന് മുൻപിൽ ഇരുന്നപ്പോൾ ഞാൻ ചോദിച്ചു: 'തൗഹീദിനെ സംബ ന്ധിച്ച ഒരു വിഷയം എന്റെ മനസ്സിൽ ഉടലെടുത്തിരിക്കുന്നു. താങ്കൾക്കുള്ള അറി വ് മറ്റൊരാൾക്കുമില്ലെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇതു സം ബന്ധമായി താങ്കൾ എന്താണ് പറയുക എന്നറിയണം."

അപ്പോൾ കോപിഷ്ടനായി അദ്ദേഹം പറഞ്ഞു: നീ എവിടെയാണെന്ന് നിനക്ക റിയുമോ? ഞാൻ പറഞ്ഞു: അതെ.

അദ്ദേഹം പറഞ്ഞു: "ഫിർഔനിനെ അല്ലാഹു മുക്കിക്കൊന്ന സ്ഥലമാണിത്. ഈ വിഷയത്തിൽ ചോദ്യമുന്നയിക്കുവാൻ നബി ﷺ കൽപ്പിച്ചത് താങ്കൾ കേട്ടിട്ടു ണ്ടോ?" ഞാൻ പറഞ്ഞു: "ഇല്ല."

അദ്ദേഹം പറഞ്ഞു: "നബി ﷺ യുടെ സ്വഹാബിമാർ ഈ വിഷയത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ?" ഞാൻ പറഞ്ഞു: "ഇല്ല."

അദ്ദേഹം ചോദിച്ചു: "ആകാശത്ത് എത്ര നക്ഷത്രങ്ങളുണ്ടെന്ന് നിനക്ക് അറി യുമോ?" ഞാൻ പറഞ്ഞു: "ഇല്ല."

അദ്ദേഹം ചോദിച്ചു: "അതിന്റെ ഒരു നക്ഷത്രത്തിന്റെയെങ്കിലും വർഗമോ, ഉദയ മോ, അസ്തമയമോ, എന്തിൽനിന്നും സൃഷ്ടിക്കപ്പെട്ടതാണെന്നോ നിനക്കറിയാ മോ?" ഞാൻ പറഞ്ഞു: "ഇല്ല."

അദ്ദേഹം പറഞ്ഞു: "നിന്റെ നഗ്നനേത്രം കൊണ്ട് നീ കാണുന്ന സൃഷ്ടിപ്രപഞ്ച ത്തിലെ ഒരു കാര്യത്തെ സംബന്ധിച്ചുതന്നെ നിനക്കറിയില്ല എന്നിരിക്കെ, അതി ന്റെ സ്രഷ്ടാവിന്റെ ജ്ഞാനത്തെ കുറിച്ചാണോ നീ തർക്കിക്കുന്നത്?!"

## നാല് ഇമാമുകളുടെയും വിശ്വാസം

ثم سألني عن مسألة في الوضوء فأخطأت فيها ففرعها على أربعة أوجه فلم أُصِبْ في شيء منه فقال: شيء تحتاج إليه في اليوم خمس مرات تدع علمه وتتكلف علم الخالق إذا هجس في ضميرك ذلك فارجع إلى قول الله تعالى: ﴿وَإِلَٰهُكُمْ إِلَٰهٌ وَاحِدٌ لَا إِلَٰهَ إِلَّا هُوَ الرَّحْمَٰنُ الرَّحِيمُ * إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ﴾ [البقرة: ١٦٣، ١٦٤]. فاستدل بالمخلوق على الخالق ولا تتكلف على ما لم يبلغه عقلك.

പിന്നീട് അദ്ദേഹം വുദുവിനെ സംബന്ധിച്ചുള്ള ഒരു വിഷയം എന്നോട് ചോദിച്ചു: "അതിൽ എനിക്ക് അബദ്ധം പിണഞ്ഞു. അദ്ദേഹം ആ വിഷയത്തിന്റെ നാല് വശങ്ങൾ കൂടി ചോദിച്ചു; അതിൽ ഒന്നിൽ പോലും എനിക്ക് ശരിയുത്തരമുണ്ടായിരുന്നില്ല."

അപ്പോൾ അദ്ദേഹം പറഞ്ഞു: "ഒരു ദിവസത്തിൽ അഞ്ച് തവണയും നിനക്കാവശ്യമായ വിഷയത്തെക്കുറിച്ചുള്ള അറിവ് നീ ഉപേക്ഷിക്കുന്നു. എന്നിരിക്കെ, സ്രഷ്ടാവായ അല്ലാഹുവിനെ കുറിച്ചുള്ള അറിവിൽ നീ വേണ്ടതില്ലാത്ത വിഷയങ്ങളിൽ അന്വേഷണം നടത്തുകയും ചെയ്യുന്നു.

ഇത്തരം കാര്യങ്ങൾ നിന്റെ ഹൃദയത്തിൽ പൊട്ടിമുളച്ചാൽ അല്ലാഹുവിന്റെ ഈ വചനങ്ങളിലേക്ക് നീ മടങ്ങുക:

﴿وَإِلَٰهُكُمْ إِلَٰهٌ وَاحِدٌ لَا إِلَٰهَ إِلَّا هُوَ الرَّحْمَٰنُ الرَّحِيمُ * إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ﴾

"നിങ്ങളുടെ ആരാധ്യൻ (ഇലാഹ്) ഏകനായ ആരാധ്യൻ മാത്രമാകുന്നു. അവനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല. അവൻ സർവ്വ വിശാലമായ കാരുണ്യമുള്ളവനും അതിയായി കരുണ ചൊരിയുന്നവനുമാണ്." (ശേഷം അല്ലാഹു പറയുന്നു:)

"ആകാശഭൂമികളുടെ സൃഷ്ടിപ്പിലും ... (ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.)" (ബഖറ: 163-164)

സൃഷ്ടികളിൽ നിന്ന് നീ സ്രഷ്ടാവിനെ അറിയുക; നിന്റെ ബുദ്ധിക്ക് എത്തിപ്പിടിക്കുക സാധ്യമല്ലാത്ത കാര്യങ്ങളിൽ നീ അനാവശ്യമായ പരിശ്രമം നടത്തേണ്ടതില്ല." [1]

---

[1] സിയറു അഅ്ലാമുന്നുബലാഅ് / ദഹബി: 10/31.

## നാല് ഇമാമുകളുടെയും വിശ്വാസം

عن يونس بن عبد الأعلى قال: «سمعت الشافعي يقول: إذا سمعت الرجل يقول الاسم غير المسمى أو الشيء غير الشيء فاشهد عليه بالزندقة»

4) യൂനുസ് ഇബ്നു അബ്ദിൽ അഅ്ലാ ﷺ പറയുന്നു: ഇമാം ശാഫിഈ ﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "(അല്ലാഹുവിന്റെ) നാമവും നാമകരണം ചെയ്യപ്പെട്ടവനായ (അല്ലാഹുവും) വേറെവേറെയാണെന്നോ, ഒരു വസ്തുവിന്റെ നാമവും ആ വസ്തുവും വേറെവേറെയാണെന്നോ ആരെങ്കിലും പറയുന്നത് കേട്ടാൽ അയാൾ മതനിർമ്മതവാദിയാണെന്ന് നീ സാക്ഷ്യം വഹിച്ചുകൊള്ളുക." [1] [2]

وقال الشافعي في كتابه الرسالة: «والحمد لله ... الذي هو كما وصف به نفسه وفوق ما يصفه به خلقه»

5) ഇമാം ശാഫിഈ ﷺ തന്റെ 'രിസാല' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "അല്ലാഹുവിന്നാണ് സർവ്വസ്തുതിയും ... അവൻ സ്വയം വിശേഷിച്ച പോലെത്തന്നെയാകുന്നു അവൻ. അവന്റെ സൃഷ്ടികൾ അവനെ വിശേഷിപ്പിക്കുന്നതിനെല്ലാം ഉപരിയായുള്ളവനുമാണ്." [3]

عن الشافعي أنه قال: «نثبت هذه الصفات التي جاء بها القرآن ووردت بها السنة وننفي التشبيه عنه كما نفى عن نفسه فقال: ﴿لَيْسَ كَمِثْلِهِ شَيْءٌ﴾ [الشورى: ١١]»

---

[1] 'അൽ-ഇസ്മു വൽ മുസമ്മാ' (الإسم والمسمى) എന്ന പേരിൽ പ്രസിദ്ധമായ ചർച്ചയിലേക്കാണ് ഇമാം ശാഫിഈയുടെ ഈ വാക്ക് ശ്രദ്ധ ക്ഷണിക്കുന്നത്. അല്ലാഹുവിന്റെ നാമങ്ങൾ സൃഷ്ടിയാണെന്ന് വാദിച്ച പുത്തൻവാദികൾ 'നാമമല്ല നാമകരണം ചെയ്യപ്പെട്ട വസ്തു' എന്ന വാദം പറഞ്ഞു. അതിനുള്ള മറുപടിയാണ് ഇമാമവർകൾ ഇവിടെ പറഞ്ഞത്. ഈ വിഷയത്തിൽ അല്ലാഹു പറഞ്ഞതിൽ ഒതുങ്ങി നിൽക്കലാണ് ഏറ്റവും സുരക്ഷിതം. 'അല്ലാഹുവിന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്' എന്ന് ഖുർആനിൽ വന്നതു പോലെ നമുക്കും പറയാം. അല്ലാഹു അഅ്ലം. (മജ്മൂഉൽ ഫതാവാ: 6/185-203)

[2] ഇൻതിഖാഅ് / ഇബ്നു അബ്ദിൽ ബർറ്:79, മജ്മൂഉൽഫതാവാ 6/187, ത്വബഖാതുശ്ശാഫിഇയ്യ / ഇബ്നു ഹിദായതുല്ല: 28.

[3] അൽ-രിസാല: 7-8.

## നാല് ഇമാമുകളുടെയും വിശ്വാസം

6) ഇമാം ശാഫിഇൗ ﵀ പറയുന്നു: "ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ള (അല്ലാഹുവിന്റെ) ഈ വിശേഷണങ്ങളെയെല്ലാം നാം സ്ഥാപിക്കുന്നു. (ഈ വിശേഷണങ്ങളെ സൃഷ്ടികളോട്) സമപ്പെടുത്തുന്നതിനെ നാം നിരാകരിക്കുന്നു.

അല്ലാഹു തന്നെ അക്കാര്യം സ്വയം നിഷേധിച്ചിരിക്കുന്നു. അവൻ പറയുന്നു:

﴿لَيْسَ كَمِثْلِهِ شَيْءٌ﴾ [الشورى: ١١]»

"അവനു തുല്ല്യമായി യാതൊന്നുമില്ല." (ശൂറാ: 11) [1]

عن الربيع بن سليمان قال: «سمعت الشافعي يقول في قول الله عز وجل: ﴿كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ﴾ [المطففين: ١٥]. أعلمنا بذلك أن ثم قومًا غير محجوبين ينظرون إليه لا يضامون في رؤيته»

7) റബീഅ ഇബ്നു സുലൈമാൻ പറയുന്നു:

﴿كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ﴾

"അല്ല; തീർച്ചയായും അവർ (അതിക്രമികൾ) അന്നേ ദിവസം അവരുടെ രക്ഷിതാവിൽ നിന്ന് മറക്കപ്പെടുന്നവരാകുന്നു." (മുത്വഫ്ഫിഫീൻ: 15) അല്ലാഹുവിന്റെ ഈ വചനം വിശദീകരിച്ചു കൊണ്ട് ഇമാം ശാഫിഇൗ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്:

"പ്രസ്തുത വചനത്തെ സംബന്ധിച്ച് ഇമാം ശാഫിഇൗ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: (അല്ലാഹുവിനെ കാണുന്നതിൽ നിന്ന്) മറക്കപ്പെടാത്ത ഒരു വിഭാഗം ആളുകളുമുണ്ടെന്നാണ് ഈ വചനത്തിലൂടെ അല്ലാഹു നമ്മെ അറിയിക്കുന്നത്. അവർ അവനിലേക്ക് നോക്കിക്കൊണ്ടിരിക്കും. അവനെ കാണുന്നതിൽ അവർക്ക് യാതൊരു തടസ്സവുമുണ്ടാകുന്നതല്ല." [2]

عن الربيع بن سليمان قال: «حضرت محمد بن إدريس الشافعي جاءته رقعة من الصعيد فيها: ما تقول في قوله تعالى: ﴿كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ﴾ قال الشافعي: فلما حجبوا هؤلاء في السخط كان هذا دليلاً على أنهم يرونه في الرضا قال الربيع: قلت: يا أبا عبد الله وبه تقول؟ قال: نعم به أدين الله»

---

[1] സിയർ / ദഹബി: 20/341.

[2] ഇൻതിഖാഅ് / ഇബ്നു അബ്ദിൽ ബർ: 79.

## നാല് ഇമാമുകളുടെയും വിശ്വാസം

8) റബീഅ ഇബ്നു സുലൈമാൻ പറയുന്നു: "ഞാൻ (ഇമാം) മുഹമ്മദ് ബ്നു ഇദ്‌രീസ് ശാഫിഇ ﵀ യുടെ അടുത്ത് സന്നിഹിതനായിരുന്നു. അദ്ദേഹത്തിന് അപ്പോൾ ഈജിപ്തിൽനിന്നും ഒരു എഴുത്ത് വന്നു; അതിൽ ഇങ്ങനെ ഉണ്ടായിരുന്നു:

﴿كَلَّا إِنَّهُمْ عَنْ رَبِّهِمْ يَوْمَئِذٍ لَمَحْجُوبُونَ﴾

"അല്ല; തീർച്ചയായും അവർ അന്നേദിവസം അവരുടെ രക്ഷിതാവിൽ നിന്ന് മറക്കപ്പെടുന്നവരാകുന്നു." എന്ന അല്ലാഹുവിന്റെ ഖുർആനിലെ വചനത്തെ കുറിച്ച് താങ്കൾ എന്ത് പറയുന്നു?

ഇമാം ശാഫിഈ ﵀ പറഞ്ഞു: " അല്ലാഹു കോപിച്ചതിന്റെ ഫലമായി അവർക്ക് അവനിൽ നിന്ന് മറയിടപ്പെടും എന്ന് പറഞ്ഞതിൽ നിന്ന് അല്ലാഹു അവരെ തൃപ്തിപ്പെട്ടിരുന്നെങ്കിൽ അവർക്ക് അവനെ കാണാം എന്ന് മനസ്സിലാക്കാം."

ഞാൻ (റബീഅ) പറഞ്ഞു: "ഓ അബൂ അബ്ദില്ലാ! ഇതാണോ താങ്കളുടെ വീക്ഷണം?"

അദ്ദേഹം പറഞ്ഞു: "അതെ! അല്ലാഹുവിങ്കൽ ഞാൻ എന്റെ ദീനായി സ്വീകരിക്കുന്ന (എന്റെ വിശ്വാസമാണത്). [1]

عن الجارودي قال: «ذكر عند الشافعي إبراهيم بن إسماعيل ابن علية فقال: أنا مخالف له في كل شيء وفي قول لا إله إلا الله لست أقول كما يقول، أنا أقول: لا إله إلا الله الذي كلّم موسى عليه السلام تكليمًا من وراء حجاب وذلك يقول لا إله إلا الله الذي خلق كلامًا أسمعه موسى من وراء حجاب»

[1] ശറഹു ഉസ്വൂലിൽ ഇഅ്തിഖാദ് / ലാലകാഇൗ: 2/506.

## നാല് ഇമാമുകളുടെയും വിശ്വാസം

9) ജാറൂദീ ﷺ [1] പറയുന്നു: "ഇബ്റാഹീം ഇബ്നു ഇസ്മാഈൽ ഇബ്നു അലിയ [2] എന്ന വ്യക്തിയെ കുറിച്ച് ഇമാം ശാഫിഈ ﷺ യുടെ മുമ്പിൽ പരാമർശിക്കുകയുണ്ടായി. അപ്പോൾ ഇമാം ശാഫിഈ ﷺ പറഞ്ഞു:

" ഞാൻ അയാളോട് എല്ലാ വിഷയത്തിലും എതിരാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വചനം പോലും അയാൾ പറയുന്നത് പോലെയല്ല ഞാൻ പറയുന്നത്.

ഞാൻ പറയുന്നത്: മൂസാﷺയോട് മറക്ക് പിന്നിൽ നിന്ന് നേരിട്ട് സംസാരിച്ചവനായ അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നാണ്.

അവൻ പറയുന്നത്: മൂസാﷺയെ മറക്കു പിന്നിൽ നിന്ന് കേൾപ്പിച്ച വചനത്തെ സൃഷ്ടിച്ച അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ലാ എന്നാണ്. [3]

عن الربيع بن سليمان، قال الشافعي: «من قال القرآن مخلوق فهو كافر»

10) റബീഅ ഇബ്നു സുലൈമാൻ ﷺ പറയുന്നു: ഇമാം ശാഫിഈ ﷺ പറഞ്ഞിരിക്കുന്നു: "ആരെങ്കിലും വിശുദ്ധഖുർആൻ സൃഷ്ടിക്കപ്പെട്ടതാണെന്ന് പറഞ്ഞാൽ അവൻ കാഫിറായിരിക്കുന്നു." [4]

---

[1] മൂസാബിൻ അബിൽ ജാറൂദിയെ ആയിരിക്കാം ഇവിടെ ഉദ്ദേശിക്കുന്നത്. ഇദ്ദേഹത്തെ കുറിച്ച് ഇമാം നവവി ﷺ പറയുന്നു. ഇമാം ശാഫിഈ ﷺ യിൽ നിന്നും പഠിക്കുകയും ഹദീഥ് നിവേദനം നടത്തുകയും ചെയ്ത ശിഷ്യഗണങ്ങളിലൊരാളാണ് അദ്ദേഹം. ഇബ്നു ഹിബതുല്ലാ പറയുന്നു: അദ്ദേഹം മക്കയിൽ ശാഫിഈ മദ്ഹബനുസരിച്ച് മതവിധി നൽകിയിരുന്നു. മരണതീയ്യതി അറിയില്ല. (തഹ്ദീബുൽ അസ്മാ ഇവല്ലുഗാത്: 2/120, ത്വബഖാത്തു ശാഫിഈ / ഇബ്നു ഹിദായത്തുല്ലാ: 29)

[2] ഇദ്ദേഹത്തെ കുറിച്ച് ഇമാം ദഹബി പറയുന്നു: "ഇയാൾ നശിച്ചവനായ ജഹ്മിയ്യ വാദക്കാരിൽ പെട്ടവനാണ്. (തന്റെ പിഴച്ചവാദം സ്ഥാപിക്കാൻ) വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു. ഖുർആൻ സൃഷ്ടിയാണെന്ന് വാദിച്ചിരുന്നു. ഹിജ്റ 218 ൽ മൃതിയടഞ്ഞു. (മീസാനുൽ ഇഅ്തിദാൽ: 1/20, ലിസാനുൽ മീസാൻ 1/34, 35)

[3] ഇൻതിഖാഅ് / ഇബ്നു അബ്ദിൽ ബർറ്: 79, ഫദ്വാഇലുശാഫിഈ / ബൈഹഖിയിൽ നിന്ന് ഹാഫിദ് ഇബ്നു ഹജറും ഈ സംഭവം ഉദ്ധരിച്ചിട്ടുണ്ട്. ലിസാനുൽ മീസാൻ: 1/35 കാണുക.

[4] ശറഹു ഉസ്വൂലിൽ ഇഅ്തിഖാദ് / ലാലകാഈ: 1/252.

## നാല് ഇമാമുകളുടെയും വിശ്വാസം

عن أبي محمد الزبيري قال: «قال رجل للشافعي أخبرني عن القرآن خالق هو؟ قال الشافعي: اللَّهُمَّ لا. قال: فمخلوق؟ قال الشافعي: اللَّهُمَّ لا. قال: فغير مخلوق؟ قال الشافعي: اللَّهُمَّ نعم. قال: فما الدليل على أنه غير مخلوق؟ فرفع الشافعي رأسه وقال: تُقر بأن القرآن كلام الله، قال: نعم. قال الشافعي: سبقت في هذه الكلمة قال الله تعالى ذكره: ﴿وَإِنْ أَحَدٌ مِنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّى يَسْمَعَ كَلَامَ اللَّهِ﴾ [التوبة: ٦]، ﴿وَكَلَّمَ اللَّهُ مُوسَى تَكْلِيمًا﴾ [النساء: ١٦٤].

11) അബൂ മുഹമ്മദ് അസ്സുബൈരി പറയുന്നു: "ഇമാം ശാഫിഇൗ ﷬ യോട് ഒരാൾ പറഞ്ഞു: "ഖുർആനിനെ കുറിച്ച് എനിക്കു വിവരിച്ചു തരൂ; അത് സ്രഷ്ടാവാണോ?"

ഇമാം ശാഫിഇൗ ﷬ പറഞ്ഞു: "അല്ലാഹുവേ! [1] ഒരിക്കലുമല്ല."

അദ്ദേഹം തുടർന്നു: "എങ്കിൽ പിന്നെ അത് സൃഷ്ടിയല്ലേ?"

ശാഫിഇൗ ﷬ പറഞ്ഞു: "അല്ലാഹുവേ, അല്ല."

അദ്ദേഹം പറഞ്ഞു: "അപ്പോൾ സൃഷ്ടിയല്ലെന്നാണോ?"

ശാഫിഇൗ ﷬ പറഞ്ഞു: "അല്ലാഹുവേ, അതെ."

അദ്ദേഹം പറഞ്ഞു: "അത് സൃഷ്ടിയല്ലാ എന്നുള്ളതിന് എന്താണ് തെളിവ്?"

അപ്പോൾ ഇമാം ശാഫിഇൗ തലയുയർത്തികൊണ്ട് ഇങ്ങനെ ചോദിച്ചു: "ഖുർആൻ അല്ലാഹുവിന്റെ വചനമാണെന്ന് നീ അംഗീകരിക്കുന്നുണ്ടോ?"

അദ്ദേഹം പറഞ്ഞു: "അതെ."

ശാഫിഇൗ ﷬ പറഞ്ഞു: "ഇതോടെ നീ പരാജിതനായിരിക്കുന്നു. കാരണം അല്ലാഹു ﷻ പറഞ്ഞിരിക്കുന്നു:

[1] ചോദ്യകർത്താവിന് ഉത്തരം നൽകുമ്പോൾ 'അല്ലാഹുവേ' എന്ന അർത്ഥം വരുന്ന പദം പ്രയോഗിക്കുന്നത് അറബികളുടെ രീതിയിൽ പെട്ടതാണ്. താൻ നൽകുന്ന ഉത്തരത്തിന്റെ ദൃഢത ബോധ്യപ്പെടുത്താനാണ് ഈ ശൈലി പ്രയോഗിക്കുന്നത്. ഈ പറയുന്ന ഉത്തരത്തിന് അല്ലാഹു സാക്ഷിയാണെന്ന് സൂചിപ്പിക്കുന്നത് പോലെയാണ് അതിന്റെ അർത്ഥം. (ഉംദഃ / അയ്നീ: 2/21)

## നാല് ഇമാമുകളുടെയും വിശ്വാസം

﴿وَإِنْ أَحَدٌ مِنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّى يَسْمَعَ كَلَامَ اللَّهِ﴾

"ബഹുദൈവവിശ്വാസികളിൽ ഒരാൾ നിന്റെയടുക്കൽ അഭയം തേടിവന്നാൽ അല്ലാഹുവിന്റെ വചനം അവന് കേട്ട് ഗ്രഹിക്കാൻ വേണ്ടി അവന് അഭയം നൽകുക." (തൗബ:6)

﴿وَكَلَّمَ اللَّهُ مُوسَى تَكْلِيمًا﴾

"മൂസായോട് അല്ലാഹു (യഥാർത്ഥത്തിൽ) സംസാരിക്കുകയും ചെയ്തു." (നിസാഅ്: 164)

قال الشافعي: فتقر بأن الله كان وكان كلامه؟ أو كان الله ولم يكن كلامه؟ فقال الرجل: بل كان الله وكان كلامه. قال: فتبسم الشافعي وقال: يا كوفيون إنكم لتأتوني بعظيم من القول إذا كنتم تقرون بأن الله كان قبل القبل وكان كلامه فمن أين لكم الكلام: إن الكلام الله، أو سوى الله، أو غير الله، أو دون الله؟ قال: فسكت الرجل وخرج»

ശാഫിഇൗ ﷺ പറഞ്ഞു: "എങ്കിൽ അല്ലാഹു എന്നേ ഉള്ളവനായിരുന്നു എന്നും, അവന്റെ സംസാരവും എന്നേ ഉണ്ടായിരുന്നൂ എന്നും നീ അംഗീകരിക്കുന്നുണ്ടോ ? അതല്ല, അല്ലാഹു എന്നേ ഉണ്ടായിരുന്നു; പക്ഷേ അവന്റെ സംസാരം ഉണ്ടായിരുന്നില്ല എന്നാണോനീ പറയുന്നത്?"

അപ്പോൾ ആ മനുഷ്യൻ പറഞ്ഞു: "അങ്ങനെയല്ല! അല്ലാഹു എന്നേ ഉള്ളവനായിരുന്നു. അവന്റെ സംസാരവും എന്നേ ഉണ്ടായിരുന്നു."

അപ്പോൾ ഇമാം ശാഫിഇൗ ﷺ പുഞ്ചിരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "അല്ലയോ കൂഫക്കാരേ! [1] നിങ്ങൾ അതിഭയങ്കരമായ സംസാരവുമായാണ് എന്റെയടുക്കൽ വന്നെത്തുന്നത്.

എന്നേക്കെന്നേ (അനാദിയായി) അല്ലാഹുവും അവന്റെ സംസാരവും ഉണ്ടായിരുന്നു എന്ന് നിങ്ങൾ സമ്മതിക്കവെ എങ്ങനെയാണ് അല്ലാഹുവിന്റെ സംസാരം തന്നെയാണ് അല്ലാഹു എന്ന് നിങ്ങൾ വാദിക്കുക? അതല്ലെങ്കിൽ, അല്ലാഹുവിന്റെ

[1] ഖുർആൻ അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന വാദം ഇറാഖിലെ കൂഫയിൽ പടർന്നു പിടിച്ചിരുന്നു; അതാണ് ഇമാം ശാഫിഇൗ അവരെ പ്രത്യേകം അഭിസംബോധന ചെയ്തത്.

സംസാരം അവന് പുറമേയുള്ളതാണെന്നോ, അല്ലാഹു അല്ലാത്തതാണെന്നോ, അല്ലാഹുവിന് താഴെയുള്ളതാണെന്നോ എങ്ങനെയാണ് നിങ്ങൾ പറയുക?!

ഉടനെ ആ മനുഷ്യൻ മൗനിയായി സ്ഥലം വിട്ടു.” [1]

وفي جزء الاعتقاد المنسوب للشافعي – من رواية أبي طالب العشاري – ما نصّه قال: وقد سُئل عن صفات الله عز وجل وما ينبغي أن يؤمن به، فقال: «لله تبارك وتعالى أسماء وصفات جاء بها كتابه وأخبر بها نبيه -ﷺ- أمته، لا يسع أحدًا من خلق الله عز وجل قامت لديه الحجة إن القرآن نزل به وصحيح عنده قول النبي -ﷺ-، فيما روى عنه العدل خلافه، فإن خالف ذلك بعد ثبوت الحجة عليه فهو كافر بالله عز وجل، فأما قبل ثبوت الحجة عليه من جهة الخبر فمعذور بالجهل، لأن علم ذلك لا يدرك بالعقل ولا بالدراية والفكر.

12) ഇമാം ശാഫിഇയുടേത് എന്ന് പറയപ്പെട്ട ‘വിശ്വാസസംഗ്രഹത്തിൽ’ (الاعتقاد المنسوب للشافعي) ഇപ്രകാരം കാണാം: “അല്ലാഹുവിന്റെ വിശേഷണങ്ങളെ കുറിച്ചും അവനെ സംബന്ധിച്ചും വിശ്വസിക്കേണ്ടത് എന്താണെന്ന് ഇമാം ശാഫിഈയോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു:

“വിശുദ്ധ ഖുർആനിൽ വന്നതും, നബി ﷺ അറിയിച്ചതുമായ നാമങ്ങളും വിശേഷണങ്ങളും അല്ലാഹുവിനുണ്ട്. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒരാൾക്കും തന്നെ, അയാളുടെ പക്കൽ ഖുർആൻ അവതരിച്ചതിലൂടെയും പ്രവാചകന്റെ തിരുമൊഴി നീതിമാനായ റിപ്പോർട്ടറിലൂടെ സ്ഥിരപ്പെട്ട് കിട്ടിയതിലൂടെയും തെളിവ് വ്യക്തമായിരിക്കെ, അതിന് എതിരെ നിലകൊള്ളാൻ പാടുള്ളതല്ല.

ഇനി തെളിവ് സ്ഥിരപ്പെട്ടു കിട്ടിയതിനു ശേഷവും അവൻ അതിന് എതിരാവുകയാണെങ്കിൽ അവൻ അല്ലാഹുവിനെ നിഷേധിച്ചതിലൂടെ കാഫിറായിരിക്കുന്നു. എന്നാൽ തെളിവ് സ്ഥിരപ്പെട്ടിട്ടില്ല എങ്കിൽ അയാൾക്ക് അറിവില്ലാതെ സംഭവിച്ചതിനാൽ അജ്ഞതയുടെ ഇളവ് നൽകേണ്ടതാണ്. കാരണം ഈ വിഷയം ഒരിക്കലും ബുദ്ധികൊണ്ടോ ചിന്ത കൊണ്ടോ മനനം ചെയ്തെടുക്കാവുന്നതല്ല.

ونحو ذلك إخبار الله عز وجل أنه سميع وأن له يدين بقوله عزّ وجل: ﴿بَلْ يَدَاهُ مَبْسُوطَتَانِ﴾ [المائدة: ٦٤]، وأن له يمينًا بقوله عز وجل: ﴿وَالسَّمَاوَاتُ مَطْوِيَّاتٌ بِيَمِينِهِ﴾ [الزمر: ٦٧]، وإن له وجهًا بقوله عز وجل: ﴿كُلُّ شَيْءٍ هَالِكٌ إِلَّا وَجْهَهُ﴾ [القصص: ٨٨]، وقوله: ﴿وَيَبْقَى وَجْهُ رَبِّكَ ذُو الْجَلَالِ وَالْإِكْرَامِ﴾ [الرحمن: ٢٧]، وأن له قدمًا بقوله -ﷺ-: «حتى يضع الرب عز وجل فيها

[1] മനാഖിബു ശാഫിഈ / ബയ്ഹഖി: 1/407, 408.

## നാല് ഇമാമുകളുടെയും വിശ്വാസം

قدمه» يعني جهنم لقوله -ﷺ-، للذي قتل في سبيل الله عز وجل أنه: «لقي الله عز وجل وهو يضحك إليه» وأنه يهبط كل ليلة إلى السماء الدنيا بخبر رسول الله -ﷺ-، بذلك وأنه ليس بأعور لقول النبي -ﷺ- إذ ذكر الدجال فقال: «إنه أعور وإن ربكم ليس بأعور»

ഈ പറഞ്ഞതിൽ പെട്ട ചിലത് ഇനി പറയാം:

അല്ലാഹു എല്ലാം കേൾക്കുന്നവനാണെന്നും അവന്ന് ഇരു കരങ്ങളുണ്ടെന്നും അവൻ പറയുന്നു:

﴿بَلْ يَدَاهُ مَبْسُوطَتَانِ﴾ [المائدة: ٦٤]

"എന്നാൽ അവന്റെ ഇരു കരങ്ങളും നിവർത്തപ്പെട്ടവയാകുന്നു." (മാഇദ: 64)

അവന്ന് വലത് കൈ ഉണ്ട് എന്നും (അറിയിച്ചിരിക്കുന്നു):

﴿وَالسَّمَاوَاتُ مَطْوِيَّاتٌ بِيَمِينِهِ﴾ [الزمر: ٦٧]

"ആകാശങ്ങൾ അവന്റെ വലതുകയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും." (സുമർ: 67)

അവന്ന് മുഖമുണ്ടെന്നും അല്ലാഹു അറിയിക്കുന്നു.

﴿كُلُّ شَيْءٍ هَالِكٌ إِلَّا وَجْهَهُ﴾ [القصص: ٨٨]

"അവന്റെ തിരുമുഖമൊഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്." (ഖസ്വസ്: 88)

﴿وَيَبْقَى وَجْهُ رَبِّكَ ذُو الْجَلَالِ وَالْإِكْرَامِ﴾ [الرحمن: ٢٧]

"മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്." (റഹ്മാൻ:27)

## നാല് ഇമാമുകളുടെയും വിശ്വാസം

അല്ലാഹുവിന് പാദമുണ്ടെന്ന് നബി ﷺ പറഞ്ഞിരിക്കുന്നു: "അല്ലാഹു തന്റെ പാദം അതിൽ (നരകതീയ്യിൽ) വെക്കുന്നത് വരെ." [1]

അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടയാളെ കുറിച്ച് നബി ﷺ പറഞ്ഞു: "അല്ലാഹു അവനോട് ചിരിക്കുന്ന നിലയിലാണ് അവൻ അല്ലാഹുവിനെ കണ്ടുമുട്ടുക." [2]

അല്ലാഹു എല്ലാ രാത്രിയും ഏറ്റവും താഴെയുള്ള ആകാശത്തേക്ക് ഇറങ്ങുമെന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്.

ദജ്ജാലിനെ കുറിച്ച് പരാമർശിക്കവെ അല്ലാഹു ഒറ്റക്കണ്ണനല്ലെന്ന് നബി ﷺ അറിയിച്ചു: "ദജ്ജാൽ ഒറ്റക്കണ്ണനാണ്. നിങ്ങളുടെ രക്ഷിതാവ് ഒറ്റക്കണ്ണനല്ല." [3]

وإن المؤمنين يرون ربهم عز وجل يوم القيامة بأبصارهم كما يرون القمر ليلة البدر.

"തീർച്ചയായും സത്യവിശ്വാസികൾ മഹാനായ അവരുടെ രക്ഷിതാവിനെ പൂർണ്ണചന്ദ്രനിലാവിൽ ചന്ദ്രനെ ദർശിക്കുന്നതു പോലെ അന്ത്യനാളിൽ അവരുടെ ദൃഷ്ടികൾ കൊണ്ട് ദർശിക്കുമെന്ന്" നബി ﷺ പറഞ്ഞിട്ടുണ്ട്.

وإن له أصبعًا بقوله -ﷺ-: «ما من قلب إلا هو بين أصبعين من أصابع الرحمن عز وجل»

അവന് വിരലുണ്ടെന്നും നബി ﷺ അരുളിയിട്ടുണ്ട്: "ഏതൊരു ഹൃദയവും ഉന്നതനും പ്രതാപിയുമായ പരമകാരുണ്യകന്റെ വിരലുകളിലെ രണ്ടു വിരലുകൾക്കിടയിലല്ലാതെ ഇല്ല തന്നെ." [4]

وإن هذه المعاني التي وصف الله عز وجل بها نفسه ووصفه بها رسوله -ﷺ-، لا يدرك حقه ذلك بالفكر والدراية ولا يكفر بجهلها أحد إلا بعد انتهاء الخبر إليه وإن كان الوارد بذلك خبرًا يقوم في الفهم مقام المشاهدة في السماع «وجبت الدينونة» على

[1] ബുഖാരി: 8/594, മുസ്‌ലിം: 4/2187.
[2] ബുഖാരി: 6/39, മുസ്‌ലിം: 4/2248.
[3] ബുഖാരി: 13/91, മുസ്‌ലിം: 4/2248.
[4] അഹ്മദ്, ഇബ്നു മാജ, ഹാകിം, ഇബ്നു മൻദഹ് എന്നിവർ ഉദ്ധരിച്ചത്.

## നാല് ഇമാമുകളുടെയും വിശ്വാസം

سامعه بحقيقته والشهادة عليه كما عاين وسمع من رسول الله – صلى الله عليه وسلم –، ولكن نثبت هذه الصفات وننفي التشبيه كما نفى ذلك عن نفسه تعالى ذكره فقال: ﴿لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ﴾ [الشورى: ١١] ... آخر الاعتقاد.

അല്ലാഹു ﷻ സ്വന്തത്തെതന്നെ വിശേഷിപ്പിച്ചിട്ടുള്ളതും അവന്റെ തിരുദൂതർ ﷺ അവനെ വിശേഷിപ്പിച്ചിട്ടുള്ളതുമായ ഈ വിശേഷണങ്ങളുടെ യാഥാർത്ഥ്യം (രൂപം ) ബുദ്ധിയോ ചിന്തയോ കൊണ്ട് മനസ്സിലാക്കുക സാധ്യമല്ല. ഈ വിഷയങ്ങൾ അറിഞ്ഞില്ല എന്നതിന്റെ പേരിൽ ഒരാൾ കാഫിറാണെന്ന് പറയുക പാടില്ല; അയാൾക്ക് ഈ വിഷയം (തെളിവുകളോടെ) വന്നെത്തിയാലല്ലാതെ.

നേരിട്ടു കേട്ടത് പോലെ ഉറപ്പുള്ള വിധത്തിൽ ഒരാൾക്ക് ഈ തെളിവുകൾ വന്നെത്തിയാൽ അതിന്റെ യാഥാർഥ്യം ദീനായി ഉൾക്കൊള്ളുക എന്നതും, അക്കാര്യം വിശ്വസിച്ചതായി സാക്ഷ്യം വഹിക്കലും അത് കെട്ടവന്റെ മേൽ നിർബന്ധമാണ് .

എന്നാൽ ഈ വിശേഷണങ്ങൾ അല്ലാഹുവിന് ഉണ്ട് എന്ന് സ്ഥിരപ്പെടുത്തുന്നതോടൊപ്പം അതിൽ അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നതിനെ നാം നിരാകരിക്കുകയും ചെയ്യുന്നു. അല്ലാഹു തന്നെ സ്വയം അതു നിഷേധിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞിട്ടുണ്ടല്ലോ:

﴿لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ﴾ [الشورى: ١١]

“അവനു തുല്യമായി യാതൊന്നുമില്ല; അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു.” (ശൂറാ:11) [1]

[1] ഇത്രയും ഞാൻ ഉദ്ധരിച്ചത് ഹോളണ്ടിലെ ലേഡൻ യൂണിവേഴ്സിറ്റിയിലെ സെൻട്രൽ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ജുസ്ഉൽ ഇഅ്തിഖാദിന്റെ ഒർജിനൽ കയ്യെഴുത്ത് പ്രതിയുടെ ഫോട്ടോസ്റ്റാറ്റ് പകർപ്പിൽ നിന്നാണ്. (ഗ്രന്ഥകർത്താവ്)

## ഖദ്റുമായി (വിധിവിശ്വാസം) ബന്ധപ്പെട്ട ഇമാം ശാഫിഈയുടെ പ്ര സ്താവനകൾ:

عن الربيع بن سليمان، قال: «سُئل الشافعي عن القدر فقال:

ما شئتَ كان وإن لم أَشَأ    وما شئتُ إن لم تَشأ لم يكنِ
خلقتَ العباد على ما علمتَ    ففي العلم يجري الفتى والمُسِنِ
على ذا مننتَ وهذا خذلتَ    وهذا أعنتَ وذا لم تُعنِ
فمنهم شقي ومنهم سعيد    ومنهم قبيح ومنهم حسن

1) റബീഅ് ഇബ്നു സുലൈമാൻ പറഞ്ഞതായി ബൈഹഖി ഉദ്ധരിക്കുന്നു: ശാഫിഈയോട് ഖദ്റിനെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

"നീ ഉദ്ദേശിച്ചതെന്തോ അതുണ്ടാകുന്നു, ഞാൻ ഉദ്ദേശിച്ചില്ലെങ്കിലും ശരി. ഞാൻ ഇച്ഛിക്കുന്നത് നീ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഉണ്ടാകുന്നതല്ല.

നിന്റെ ജ്ഞാനത്തിനനുസൃതം ദാസരെ നീ സൃഷ്ടിച്ചു. യുവാവും വൃദ്ധനും നിന്റെ ജ്ഞാനത്തിനു വിധേയമായി നീങ്ങുന്നു.

ഒരുവന് നീ നന്മ ചെയ്തു; മറ്റൊരുവനെ നീ കയ്യൊഴിഞ്ഞു; ഒരാൾക്ക് സഹായമേകിയെങ്കിൽ മറ്റൊരാളെ നീ സഹായിച്ചതില്ല.

അവരിൽ ദൗർഭാഗ്യവാനും സൗഭാഗ്യവാനും, സുന്ദരനും വിരൂപനുമെല്ലാമുണ്ടായി. [1]

وعن الشافعي أنه قال: «إن مشيئة العبادة هي إلى الله تعالى ولا يشاءون إلا أن يشاء الله رب العالمين، فإن الناس لم يخلقوا أعمالهم وهي خلق من خلق الله تعالى أفعال العباد وإن القدر خيره وشره من الله عز وجل، وإن عذاب القبر حق، ومساءلة أهل القبور حق، والبعث حق، والحساب حق، والجنة والنار حق، وغير ذلك مما جاءت به السنن»

---

[1] മനാഖിബു ശാഫിഈ / ബയ്ഹഖി: 1/412-413, ശർഹു ഉസൂലിൽ ഇഅ്തിഖാദ്: 2/702.

## നാല് ഇമാമുകളുടെയും വിശ്വാസം

2) ഇമാം ശാഫിഈ ﷺ പറയുന്നു: "അടിമകളുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന് കീഴിലാണ്. ലോക രക്ഷിതാവായ അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ അവർ ഉദ്ദേശിക്കുന്നില്ല.

കാരണം ജനങ്ങളല്ല അവരുടെ പ്രവർത്തനങ്ങളെ സൃഷ്ടിച്ചത്. നേരെമറിച്ച് അടിമകളുടെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ സൃഷ്ടിയാണ്. അല്ലാഹുവിന്റെ വിധിയിലെ നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണ്.

ഖബർശിക്ഷ സത്യമാണ്. ഖബറാളികളെ ചോദ്യം ചെയ്യുമെന്നുള്ളതും സത്യമാണ്. (അല്ലാഹു അടിമകളെ) ഉയിർത്തെഴുന്നേൽപ്പിക്കുമെന്നത് സത്യമാണ്. വിചാരണ സത്യമാണ്. സ്വർഗവും നരകവും യഥാർത്ഥ്യമാണ്. ഇതു പോലെ, നബി ﷺ യുടെ സുന്നത്തുകളിൽ വന്നതെല്ലാം വാസ്തവമാണ്." [1]

عن المزني قال: «قال الشافعي: تدري ما القدري؟ الذي يقول إن الله لم يخلق الشيء حتى عمل به»

3) അല്ലാമഃ മുസ്നി പറയുന്നു: ഇമാം ശാഫിഈ ﷺ പറഞ്ഞു: "ആരാണ് (പിഴച്ചവിഭാഗക്കാരിൽ പെട്ട) ഖദരി (ഖദറിനെ നിഷേധിക്കുന്നവൻ) എന്ന് നിനക്കറിയുമോ?! അവൻ പ്രവർത്തിക്കുന്നത് വരെ യാതൊന്നും സൃഷ്ടിക്കാത്തവനാണ് അല്ലാഹു എന്ന് വാദിക്കുന്നവനാണ് അവൻ." [2]

عن الشافعي حيث قال: «القدرية الذين قال رسول الله -ﷺ-: «هم مجوس هذه الأمة» الذين يقولون إن الله لا يعلم المعاصي حتى تكون»

4) ഇമാം ശാഫിഈ ﷺ പറയുന്നു: "ഈ സമുദായത്തിലെ മജൂസികൾ (അഗ്നിയാരാധകർ)" [3] എന്ന് നബി ﷺ വിശേഷിപ്പിച്ച ഖദ്റിയാക്കൾ (ഖദ്റിനെ നിഷേധിക്കുന്നവർ) എന്നാൽ 'പാപങ്ങൾ ഒരാൾ പ്രവർത്തിക്കുന്നത് വരെ അല്ലാഹു അത് അറിയുകയില്ല' എന്ന് വാദിക്കുന്ന കൂട്ടരാണ്." [4]

---

[1] മനാഖിബുശാഫിഈ / ബൈഹഖി: 1/415.

[2] ശറഹു ഉസൂലിൽ ഇഅ്തിഖാദ് / ലാലകാഈ: 2/701.

[3] അബൂ ദാവൂദ്: 5/66, മുസ്തദറക് / ഹാകിം: 1/85.

[4] മനാഖിബുശാഫിഈ 1/413.

## നാല് ഇമാമുകളുടെയും വിശ്വാസം

عن الربيع بن سليمان عن الشافعي أنه كان يكره الصلاة خلف القدري.

5) റബീഅ് ഇബ്നു സുലൈമാൻ പറയുന്നു: "ഖദറിനെ (അല്ലാഹുവിന്റെ വിധി നിർണയത്തെ) നിഷേധിക്കുന്ന ഖദരിയുടെ പിറകിൽ തുടർന്നു നമസ്കരിക്കുന്നത് ഇമാം ശാഫിഈ ഇഷ്ടപ്പെട്ടിരുന്നില്ല." [1]

### ഈമാനുമായി (വിശ്വാസം) ബന്ധപ്പെട്ട ഇമാം ശാഫിഈയുടെ പ്രസ്താവനകൾ:

**عن الربيع قال: «سمعت الشافعي يقول: «الإيمان قول وعمل واعتقاد بالقلب، ألا ترى قول الله عز وجل: ﴿وَمَا كَانَ اللَّهُ لِيُضِيعَ إِيمَانَكُمْ﴾ [البقرة: ١٤٣]، يعني صلاتكم إلى بيت المقدس فسمى الصلاة إيمانًا وهي قول وعمل وعقد»»**

1) റബീഅ് ഇബ്നു സുലൈമാൻ പറയുന്നു: ഇമാം ശാഫിഈ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: "ഈമാൻ എന്നത് വാക്കും പ്രവർത്തിയും ഹൃദയം കൊണ്ടുള്ള വിശ്വാസവും കൂടിയാണ്. നിങ്ങൾ അല്ലാഹുവിന്റെ ഈ വചനം കാണുന്നില്ലേ?

﴿وَمَا كَانَ اللَّهُ لِيُضِيعَ إِيمَانَكُمْ﴾ [البقرة: ١٤٣]،

"അല്ലാഹു ഒരിക്കലും നിങ്ങളുടെ ഈമാനിനെ (വിശ്വാസത്തെ) പാഴാക്കുന്നവനല്ല." (ബഖറ: 143) ഇവിടെ വിശ്വാസം എന്നു പറഞ്ഞത് ബൈത്തുൽ മുഖദ്ദസ്സിലേക്ക് തിരിഞ്ഞ് നമസ്കരിച്ചതിനെ കുറിച്ചാണ്. [2]

ഇവിടെ വാക്കും പ്രവർത്തിയും ഹൃദയത്തിന്റെ കരുത്തും ഉൾപ്പെട്ട നമസ്കാരത്തിനാണ് ഈമാൻ എന്ന് അല്ലാഹു പേരിട്ടിരിക്കുന്നത്." [3]

**عن الربيع بن سليمان قال: «سمعت الشافعي يقول: الإيمان قول وعمل يزيد وينقص»**

---

[1] മനാഖിബുശാഫിഈ 1/413.

[2] നിസ്കാരത്തെ ഈമാൻ എന്ന് വിശേഷിപ്പിച്ചതിൽ നിന്ന് പ്രവർത്തനങ്ങൾക്കും ഇസ്ലാമിക സാങ്കേതികാർഥപ്രകാരം വിശ്വാസം എന്നു പ്രയോഗിക്കാം എന്ന് മനസ്സിലായി. ഇമാം മാലിക് യുടെ ഈമാനുമായി ബന്ധപ്പെട്ട പ്രസ്താവനകൾ എന്ന അദ്ധ്യായത്തിലെ മൂന്നാമത്തെ ഉദ്ധരണിയിലും ഇതേ കാര്യം വായിക്കാം. (വിവ)

[3] ഇൻതിഖാഅ് / ഇബ്നു അബ്ദിൽ ബർ: പേജ്:81.

2) റബീഅ് ബ്നു സുലൈമാൻ പറയുന്നു: ഇമാം ശാഫിഈ ﵀ പറയുന്നതായി ഞാൻ കേട്ടു: "ഈമാൻ എന്നാൽ വാക്കും പ്രവർത്തിയുമാണ്. അത് വർദ്ധിക്കുകയും കുറയുകയും ചെയ്യുന്നതാണ്." [1]

عن أبي محمد الزبيري قال: «قال رجل للشافعي أي الأعمال عند الله أفضل؟ قال الشافعي: ما لا يقبل عملاً إلا به، قال: وما ذاك؟ قال: الإيمان بالله الذي لا إله إلا هو، أعلى الأعمال درجة، وأشرفها منزلة، وأسناها حظًّا.

3) അബുമുഹമ്മദ് സുബൈരി പറയുന്നു: ഒരു മനുഷ്യൻ ഇമാം ശാഫിഈ ﵀ യോട് ചോദിച്ചു: "അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ഠകരമായ കർമ്മം ഏതാണ്?"

ശാഫിഈ ﵀ പറഞ്ഞു: "ഒരു കർമ്മവും ഏതൊന്നില്ലാതെ അല്ലാഹു സ്വീകരിക്കുകയില്ലയോ, അതാണ് (ഏറ്റവും ശ്രേഷ്ഠമായ കർമ്മം)."

അയാൾ ചോദിച്ചു: "അതെന്താണ്?"

അദ്ദേഹം പറഞ്ഞു: അല്ലാഹുവിലുള്ള വിശ്വാസം; അവനല്ലാതെ ആരാധനക്കർഹനില്ല. ഇതാണ് കർമ്മങ്ങളിൽ ഏറ്റവും ഉന്നത പദവിയുള്ളതും, ഏറ്റവും ശ്രേഷ്ഠകരമായതും, ഏറ്റവുമധികം (പ്രതിഫലത്തിൽ) പങ്ക് നൽകുന്നതും."

قال الرجل: ألا تخبرني عن الإيمان: قول وعمل، أو قول بلا عمل؟ قال الشافعي: الإيمان عمل لله والقول بعض ذلك العمل، قال الرجل: صف لي ذلك حتى أفهمه، قال الشافعي: إن للإيمان حالات ودرجات وطبقات فمنها التام المنتهي تمامه، والناقص البين نقصانه، والراجح الزائد رجحانه.

ആ മനുഷ്യൻ വീണ്ടും ചോദിച്ചു: "ഈമാനിനെ കുറിച്ച് എനിക്ക് പറഞ്ഞു തരാമോ? അത് വാക്കും പ്രവർത്തിയും കൂടിയതാണോ, അതല്ല പ്രവർത്തനമില്ലാതെ വാക്കു മാത്രമാണോ?"

ശാഫിഈ ﵀ പറഞ്ഞു: "ഈമാനെന്നത് അല്ലാഹുവിന് വേണ്ടിയുള്ള പ്രവർത്തനമാണ്. ആ പ്രവർത്തനത്തിന്റെ ഒരു ഭാഗമാണ് വാക്ക്."

ആ മനുഷ്യൻ വീണ്ടും പറഞ്ഞു: "അതെനിക്ക് മനസ്സിലാക്കേണ്ടതിനായി ഒന്ന് വിശദമാക്കിയാലും."

[1] മനാഖിബുശാഫിഈ / ബയ്ഹഖി: 1/387.

## നാല് ഇമാമുകളുടെയും വിശ്വാസം

ശാഫിഈ പറഞ്ഞു: " തീർച്ചയായും! ഈമാനിന് പല അവസ്ഥകളും പദവികളും ശ്രേണികളുമുണ്ട്. ഏറ്റവും സമ്പൂർണ്ണത കൈവരിച്ച ഈമാനുണ്ട്; എന്നാൽ വ്യക്തമായ ന്യൂനതയുള്ള അപൂർണ്ണമായ ഈമാനുമുണ്ട്. പ്രകടമായ വിധത്തിൽ വർദ്ധനവ് കൈവരിച്ച തരത്തിലുള്ള ഈമാനുമുണ്ട്."

قال الرجل: وإن الإيمان لا يتم وينقص ويزيد؟ قال الشافعي: نعم، قال: وما الدليل على ذلك؟ قال الشافعي: إن الله جل ذكره فرض الإيمان على جوارح بني آدم، فقسّمه فيها، وفرّقه عليها، فليس من جوارحه جارحة إلا وقد وكلت من الإيمان بغير ما وكلت به أختها بفرض من الله تعالى:

ആ മനുഷ്യൻ പറഞ്ഞു: "ഈമാൻ പൂർത്തിയാകാതെ അതിൽ ഏറ്റക്കുറിച്ചിൽ ഉണ്ടാകുമെന്നോ?"

ശാഫിഈ ﷺ പറഞ്ഞു: " അതെ."

അയാൾ പറഞ്ഞു: " അതിനുള്ള തെളിവ് എന്താണ്?"

ശാഫിഈ ﷺ പറഞ്ഞു: " ആദം സന്തതികളുടെ എല്ലാ അവയവങ്ങൾക്ക് മേലും അല്ലാഹു ഈമാൻ നിർബന്ധമാക്കിയതോടൊപ്പം, അവക്കെല്ലാം അവൻ ഈമാനിനെ വീതം വെക്കുകയും വിഭജിക്കുകയും ചെയ്തിട്ടുണ്ട്.

അതിനാൽ എന്തെങ്കിലുമൊരു തരത്തിലുള്ള ഈമാൻ എൽപ്പിക്കപ്പെടാത്ത ഒരു അവയവവും മനുഷ്യന്റെ ശരീരത്തിലില്ല; ഇവ ഓരോ അവയവത്തിനും മറ്റ് അവയവങ്ങളിൽ നിന്ന് വ്യത്യസ്തമാണ്.

فمنها: قلبه الذي يعقل به، ويفقه ويفهم وهو أمير بدنه الذي لا ترد الجوارح ولا تصدر إلا عن رأيه وأمره.

ഹൃദയം ഈ അവയവങ്ങളിൽ ഒന്നാണ്; മനുഷ്യൻ ചിന്തിക്കുകയും ഗ്രഹിക്കുകയും ഉൾകൊള്ളുകയും ചെയ്യുന്നത് അത് മുഖേനയാണ്. അവന്റെ ശരീരത്തിന്റെ നായകനാണത്. അതിന്റെ നിർദ്ദേശമോ കൽപ്പനയോ കൂടാതെ ശരീരാവയവങ്ങൾ ഒരടി മുന്നോട്ടോ, പിന്നോട്ടോ വെക്കുന്നതല്ല.

ومنها: عيناه اللتان ينظر بهما، وأُذناه اللتان يسمع بهما، ويداه اللتان يبطش بهما، ورجلاه اللتان يمشي بهما، وفرجه الذي الباهُ من قبله، ولسانه الذي ينطق به، ورأسه الذي فيه وجهه.

അവൻ നോക്കിക്കാണുന്ന രണ്ടു കണ്ണുകളും കേൾക്കാനുപയോഗിക്കുന്ന രണ്ടു ചെവികളും പിടിക്കുന്ന രണ്ടുകൈകളും നടക്കുന്ന രണ്ടു കാലുകളും ആസക്തിയുണ്ടാക്കുന്ന ലൈംഗികാവയവവും സംസാരിക്കുന്ന നാവും തന്റെ മുഖമുള്ള ശിരസ്സുമെല്ലാം അതിൽ ഉൾപ്പെടുന്നു.

فرض على القلب غير ما فرض على اللسان، وفرض على اليدين غير ما فرض على الرجلين، وفرض على الفرج غير ما فرض على الوجه.

നാവിന് മേൽ അല്ലാഹു നിർബന്ധമാക്കിയതല്ല ഹൃദയത്തിന് മേൽ നിർബന്ധമാക്കിയിട്ടുള്ളത്. കാലുകൾക്ക് നിർബന്ധമാക്കിയതല്ല കൈകൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്. മുഖത്തിന് നിർബന്ധമാക്കിയതല്ല ഗുഹ്യാവയവത്തിന് നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്.

فأما فرض الله على القلب من الإيمان: فالإقرار والمعرفة والعقد والرضا والتسليم بأن الله لا إله إلا هو وحده لا شريك له، لم يتخذ صاحبه ولا ولدًا، وأن محمدًا - ﷺ- عبده ورسوله، والإقرار بما جاء من عند الله من نبي أو كتاب فذلك ما فرض الله جل ثناؤه على القلب وهو عمله:

ഹൃദയത്തിന്റെ മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത്: അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും, അവൻ ഏകനും യാതൊരു പങ്കുകാരനില്ലാത്തവനാണെന്നും, അവൻ ഇണയെയോ സന്താനത്തേയോ സ്വീകരിച്ചിട്ടില്ലെന്നും, മുഹമ്മദ് ﷺ അവന്റെ ദാസനും ദൂതനുമാണെന്നുമുള്ള കാര്യങ്ങൾ അംഗീകരിക്കുകയും തിരിച്ചറിയുകയും (മനസ്സിൽ) ഉറപ്പിക്കുകയും അതിൽ തൃപ്തിപ്പെടുകയും അതിന് കീഴോതുങ്ങുകയും ചെയ്യുക എന്നതാണ്.

അതോടൊപ്പം അല്ലാഹുവിൽ നിന്ന് വന്നെത്തിയ ഏതൊരു നബിയിലും, അവൻ അവതരിപ്പിച്ച ഏതൊരു ഗ്രന്ഥത്തിലും വന്നതെല്ലാം അംഗീകരിക്കുക; ഇതാണ് ഹൃദയത്തിന് മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത്. അതാണ് ഹൃദയത്തിന് ചെയ്യാനുള്ള പ്രവർത്തി.

﴿إِلَّا مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالْإِيمَانِ وَلَكِنْ مَنْ شَرَحَ بِالْكُفْرِ صَدْرًا﴾ [الرعد: ٢٨]، وقال: ﴿مِنَ الَّذِينَ قَالُوا آمَنَّا بِأَفْوَاهِهِمْ وَلَمْ تُؤْمِنْ قُلُوبُهُمْ﴾ [المائدة: ٤١] وقال: ﴿وَإِنْ تُبْدُوا مَا فِي أَنْفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُمْ بِهِ اللَّهُ﴾ [البقرة: ٢٨٤] فذلك ما فرض الله على القلب من الإيمان، وهو عمله، وهو رأس الإيمان.

## നാല് ഇമാമുകളുടെയും വിശ്വാസം

അല്ലാഹു പറയുന്നു:

﴿إِلَّا مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالْإِيمَانِ وَلَـٰكِن مَّن شَرَحَ بِالْكُفْرِ صَدْرًا﴾ [الرعد: ٢٨]

“തങ്ങളുടെ ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബ ന്ധമാക്കപ്പെട്ടവർ ഒഴികെ; (അവർ കുറ്റക്കാരല്ല); മറിച്ച്, തുറന്ന മനസ്സോടെ നിഷേ ധം സ്വീകരിച്ചവരാരോ (അവരുടെ മേൽ അല്ലാഹുവിങ്കൽനിന്നുള്ള കോപമുണ്ടായി രിക്കും.)” (നഹ്ൽ:106)

അല്ലാഹു പറയുന്നു:

﴿مِنَ الَّذِينَ قَالُوا آمَنَّا بِأَفْوَاهِهِمْ وَلَمْ تُؤْمِن قُلُوبُهُمْ﴾ [المائدة: ٤١]

“തങ്ങളുടെ നാവുകൾ കൊണ്ട് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുക യും, ഹൃദയങ്ങൾ വിശ്വാസം കൈക്കൊള്ളാതിരിക്കുകയും ചെയ്ത (വരാണ് നി ഷേധികൾ).” (മാഇദ: 41)

അല്ലാഹു പറയുന്നു:

﴿وَإِن تُبْدُوا مَا فِي أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ اللَّهُ﴾ [البقرة: ٢٨٤]

" മറച്ചുവെച്ചാലും അതിന്റെ പേരിൽ നിങ്ങളോട് കണക്ക് ചോദിക്കുകതന്നെ ചെയ്യും." (ബഖറ: 284)

ഇതാണ് അല്ലാഹു ഹൃദയത്തിനു മേൽ നിർബന്ധമാക്കിയ ഈമാൻ; ഈ വി ശ്വാസം ഉൾക്കൊള്ളുക എന്നതാണ് ഹൃദയത്തിന്റെ പ്രവർത്തനം. അതുതന്നെ യാണ് ഈമാനിന്റെ ശിരസ്സും.

وفرض الله على اللسان: القول والتعبير عن القلب بما عقد وأقر به، فقال في ذلك: ﴿قُولُوا آمَنَّا بِاللَّهِ﴾ [البقرة: ١٣٦]. وقال: ﴿وَقُولُوا لِلنَّاسِ حُسْنًا﴾ [البقرة: ٨٣]، فذلك ما فرض الله على اللسان من القول، والتعبير عن القلب، وهو عمله، والفرض عليه من الإيمان.

ഹൃദയത്തിൽ അംഗീകരിക്കുകയും ഉറപ്പിക്കുകയും ചെയ്തിട്ടുള്ളത് പറയുക യും പ്രസ്താവിക്കുകയും ചെയ്യുക എന്നതാണ് നാവിന്റെ മേൽ അല്ലാഹു നിർബ ന്ധമാക്കിയത്. അതിനെ സംബന്ധിച്ച് അവൻ ഇങ്ങനെ പറയുന്നു:

## നാല് ഇമാമുകളുടെയും വിശ്വാസം

﴿قُولُوا آمَنَّا بِاللَّهِ﴾ [البقرة: ١٣٦].

"ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് നിങ്ങൾ പറയുവിൻ." ( ബഖറ:136)

അല്ലാഹു പറയുന്നു:

﴿وَقُولُوا لِلنَّاسِ حُسْنًا﴾ [البقرة: ٨٣]

"നിങ്ങൾ ജനങ്ങളോട് നല്ലത് പറയുക." (ബഖറ:83)

ഇതാണ് അല്ലാഹു നാവിന്റെ മേൽ നിർബന്ധമാക്കിയ സംസാരം. അതായത് ഹൃദയത്തിലുള്ളത് പ്രസ്താവിക്കുകയും പറയുകയും ചെയ്യുക എന്നത്. നാവിന് മേൽ നിർബന്ധമാക്കിയ ഈ കാര്യം അതിന്റെ മേൽ നിർബന്ധമാക്കിയ ഈമാനിൽ പെട്ടതാണ്.

وفرض الله على (السمع): أن يتنزه عن الاستماع إلى ما حرم الله، وأن يُغض عما نهى الله عنه.

കാതിന്റെ മേൽ അല്ലാഹു നിർബന്ധമാക്കിയത്; അല്ലാഹു നിഷിദ്ധമാക്കിയത് കേൾക്കുന്നതിൽനിന്നും അകന്നു നിൽക്കണമെന്നും അവൻ വിരോധിച്ച കാര്യങ്ങളിൽനിന്നും അതിനെ മൂടിവെക്കണം എന്നുമാണ്.

﴿وَقَدْ نَزَّلَ عَلَيْكُمْ فِي الْكِتَابِ أَنْ إِذَا سَمِعْتُمْ آيَاتِ اللَّهِ يُكْفَرُ بِهَا وَيُسْتَهْزَأُ بِهَا فَلَا تَقْعُدُوا مَعَهُمْ حَتَّى يَخُوضُوا فِي حَدِيثٍ غَيْرِهِ إِنَّكُمْ إِذًا مِثْلُهُمْ﴾ [النساء: ١٤٠]

"അല്ലാഹുവിന്റെ വചനങ്ങൾ നിഷേധിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും നിങ്ങൾ കേട്ടാൽ അത്തരക്കാർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുതെന്നും, അങ്ങനെ ഇരിക്കുന്ന പക്ഷം നിങ്ങളും അവരെപ്പോലെ തന്നെ ആയിരിക്കുമെന്നും ഈ ഗ്രന്ഥത്തിൽ അല്ലാഹു നിങ്ങൾക്ക് അവതരിപ്പിച്ചുതന്നിട്ടുണ്ടല്ലോ." (നിസാഅ്:140)

പിന്നീട് (ഇത്തരം സംസാരങ്ങൾ) മറന്നു കൊണ്ട് കേട്ടുപോയേക്കാവുന്ന സന്ദർഭത്തെ അല്ലാഹു അതിൽ നിന്നും ഒഴിവാക്കുകയുണ്ടായി. അവൻ പറയുന്നു:

## നാല് ഇമാമുകളുടെയും വിശ്വാസം

﴿وَإِمَّا يُنْسِيَنَّكَ الشَّيْطَانُ فَلَا تَقْعُدْ بَعْدَ الذِّكْرَى مَعَ الْقَوْمِ الظَّالِمِينَ﴾ [الأنعام: ٦٨]

“ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ചുകളയുന്ന പക്ഷം (അങ്ങനെ മറന്നു കൊണ്ട് നീ അവരോടൊപ്പം ഇരുന്നാൽ) ഓർമ്മവന്നതിനു ശേഷം അക്രമികളാ യ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്.” (അൻആം: 68)

അല്ലാഹു പറയുന്നു:

﴿فَبَشِّرْ عِبَادِ * الَّذِينَ يَسْتَمِعُونَ الْقَوْلَ فَيَتَّبِعُونَ أَحْسَنَهُ أُولَئِكَ الَّذِينَ هَدَاهُمُ اللَّهُ وَأُولَئِكَ هُمْ أُولُو الْأَلْبَابِ﴾ [الزمر: ١٧، ١٨]

“അതിനാൽ, എന്റെ ദാസന്മാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക. അ തായത് (അല്ലാഹുവിന്റെ) വാക്ക് ശ്രദ്ധിച്ച്കേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്. അവർ തന്നെയാകുന്നു ബുദ്ധിമാന്മാർ.” (സുമർ:17, 18)

അല്ലാഹു പറയുന്നു:

﴿قَدْ أَفْلَحَ الْمُؤْمِنُونَ * الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ﴾ إلى قوله: ﴿لِلزَّكَاةِ فَاعِلُونَ﴾ [المؤمنون: ١-٤]

“സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാ രത്തിൽ ഭക്തി പുലർത്തുന്നവരാണ്. അനാവശ്യങ്ങളിൽനിന്ന് അകന്നുനിൽക്കു ന്നവരാണ്; സകാത്ത് നൽകുന്നവരും.” (മുഅ്മിനൂൻ 1-4)

അല്ലാഹു പറയുന്നു:

﴿وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا﴾ [الفرقان: ٧٢]

“വ്യർത്ഥമായ വാക്കുകൾ അവർ കേട്ടാൽ അതിൽ നിന്നവർ തിരിഞ്ഞു കള യും.” (ഖസ്വസ്: 55)

അല്ലാഹു പറയുന്നു:

﴿وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا﴾ [الفرقان: ٧٢]

“അനാവശ്യവൃത്തികൾ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ മാന്യന്മാ രായിക്കൊണ്ടാണ് അവർ കടന്നുപോകുക.” (ഫുർഖാൻ: 72)

## നാല് ഇമാമുകളുടെയും വിശ്വാസം

ഇപ്രകാരം അനുവദനീയമല്ലാത്തത് കേൾക്കുന്നതിൽ നിന്നും അകന്നു നിൽക്കുക എന്നതാണ് അല്ലാഹു ﷻ ചെവികൾക്ക് മേൽ മേൽ നിർബന്ധമാക്കിയിട്ടുള ളത്. അതാണ് അതിന്റെ ജോലിയും. അതാകട്ടെ, ഈമാനിന്റെ ഭാഗവുമാണ്.

و«فرض العينين»: ألا ينظر بهما إلى ما حرم الله، وأن يغضهما عمّا نهاه عنه، فقال تبارك وتعالى، في ذلك: ﴿قُلْ لِلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ﴾ [النور: ٣٠، ٣١] الآيتين: أن ينظر أحدهم إلى فرج أخيه، ويحفظ فرجه من أن ينظر إليه.

അല്ലാഹു വിരോധിച്ച കാര്യങ്ങൾ ദർശിക്കുന്നതിലേക്ക് നോക്കരുതെന്നും, അവൻ വിലക്കിയതിൽ നിന്ന് ദൃഷ്ടികളെ താഴ്ത്തണമെന്നതുമാണ് രണ്ടു കണ്ണുകളുടെയും മേൽ അവൻ നിർബന്ധമാക്കിയിട്ടുള്ളത്. ഇതിനെ കുറിച്ച് അല്ലാഹു ഇങ്ങനെ പറയുന്നു:

﴿قُلْ لِلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ﴾ [النور: ٣٠، ٣١]

“(നബിയേ) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക.(നൂർ:30, 31) അതായത് തന്റെ സഹോദരന്റെ ഗുഹ്യഭാഗത്തേക്ക് ദൃഷ്ടി അയക്കാതെയും, തന്റെ ഗുഹ്യഭാഗം മറ്റൊരാൾ കാണാതെയും സൂക്ഷിക്കണം എന്നർത്ഥം.

وقال: كل شيء من حفظ الفرج، في كتاب الله، فهو من الزنا إلا هذه الآية، فإنها من النظر، فذلك ما فرض الله على العينين من غض البصر، وهو عملها، وهو من الإيمان.

ഇമാം ശാഫിഈ ﵀ പറഞ്ഞു: ” ഗുഹ്യഭാഗം സൂക്ഷിക്കണമെന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പരാമർശിച്ചതെല്ലാം വ്യഭിചാരത്തെ ഉദ്ദേശിച്ചാണ്. എന്നാൽ ഈ ആയത്തിൽ അങ്ങനെയല്ല, ഇവിടെ ദർശിക്കുന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ചുരുക്കത്തിൽ, ദൃഷ്ടികൾ താഴ്ത്തുക എന്ന ആ കാര്യമാണ് രണ്ടുകണ്ണുകളുടെയും മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത്. അതാണ് അതിന്റെ പ്രവർത്തനം. അത് ഈമാനിന്റെ ഭാഗവുമാണ്.

## നാല് ഇമാമുകളുടെയും വിശ്വാസം

ثم أخبر عما فرض على القلب والسمع والبصر، في آية واحدة، فقال، سبحانه وتعالى، في ذلك: ﴿وَلَا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَئِكَ كَانَ عَنْهُ مَسْئُولًا﴾ [الإسراء: ٣٦] قال: يعني وفرض على الفرج: أن لا يهتكه بما حرم الله عليه: ﴿وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ﴾ [المؤمنون: ٥]، وقال: ﴿وَمَا كُنْتُمْ تَسْتَتِرُونَ أَنْ يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلَا أَبْصَارُكُمْ وَلَا جُلُودُكُمْ﴾ [فصلت: ٢٢] الآية يعني بالجلود: الفروج والأفخاذ فذلك ما فرض الله على الفروج من حفظهما عمّا لا يحل له، وهو عملها.

ഹൃദയത്തിന്റെയും കാതിന്റെയും കണ്ണിന്റെയും മേൽ നിർബന്ധമാക്കിയിട്ടുളളതിനെ സംബന്ധിച്ച് ഒരേ ആയത്തിൽതന്നെ വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

﴿وَلَا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَئِكَ كَانَ عَنْهُ مَسْئُولًا﴾ [الإسراء: ٣٦]

“നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.” (ഇസ്റാഅ്: 36)

ലൈംഗികാവയവത്തിനു മേൽ അവൻ നിർബന്ധമാക്കിയത്, അല്ലാഹു നിഷിദ്ധമാക്കിയത് പ്രവർത്തിച്ചു കൊണ്ട് അതിനെ കളങ്കപ്പെടുത്താതിരിക്കുക എന്നതാണ്. അല്ലാഹു പറയുന്നു:

﴿وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ﴾ [المؤمنون: ٥]

“തങ്ങളുടെ ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരുമത്രെ അവർ.” (മുഅ്മിനൂൻ: 5)

അല്ലാഹു പറയുന്നു:

﴿وَمَا كُنْتُمْ تَسْتَتِرُونَ أَنْ يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلَا أَبْصَارُكُمْ وَلَا جُلُودُكُمْ﴾ [فصلت: ٢٢]

“നിങ്ങളുടെ കാതോ നിങ്ങളുടെ കണ്ണുകളോ നിങ്ങളുടെ തൊലികളോ നിങ്ങൾക്കെതിരിൽ സാക്ഷ്യംവഹിക്കുമെന്നു കരുതി നിങ്ങൾ (അവയിൽ നിന്നും) ഒളിഞ്ഞിരിക്കാറുണ്ടായിരുന്നില്ല.” (ഫുസ്സിലത്: 22)

## നാല് ഇമാമുകളുടെയും വിശ്വാസം

ഇവിടെതൊലികൊണ്ട് വിവക്ഷിക്കുന്നത് ലൈംഗികാവയവങ്ങളും തുടകളുമാണ്. അനുവദിക്കപ്പെടാത്ത കാര്യങ്ങളിൽനിന്ന് ലൈംഗികാവയവങ്ങളെ കാത്തുസൂക്ഷിക്കുക എന്നാണ് അതിന്റെ മേൽ അല്ലാഹു കൽപ്പിച്ചിട്ടുള്ളത്. അതാണ് അതിന്റെ പ്രവർത്തനം.

«وفرض على اليدين»: ألا يبطش بهما إلى ما حرم الله تعالى، وأن يبطش بهما، إلى ما أمر الله من الصدقة وصلة الرحم، والجهاد في سبيل الله، والطهور للصلوات، فقال في ذلك: ﴿يَا أَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلَاةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ﴾ [المائدة: ٦] إلى آخر الآية، وقال: ﴿فَإِذا لَقِيتُمُ الَّذِينَ كَفَرُوا فَضَرْبَ الرِّقَابِ حَتَّى إِذَا أَثْخَنْتُمُوهُمْ فَشُدُّوا الْوَثَاقَ فَإِمَّا مَنًّا بَعْدُ وَإِمَّا فِدَاءً﴾ [محمد: ٤] لأن الضرب، والحرب، وصلة الرحم، والصدقة من عملها.

കൈകളുടെ മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത്, അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളെ അത് കൊണ്ട് പിടിക്കാതിരിക്കുക എന്നതും, അവൻ കൽപ്പിച്ച കാര്യങ്ങളായ ദാനധർമ്മം, കുടുംബബന്ധം ചേർക്കൽ, അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുക, നിസ്കാരത്തിനായി ശുദ്ധി വരുത്തുക തുടങ്ങിയവ അതുകൊണ്ട് പ്രവർത്തിക്കുകയും ചെയ്യാനാണ്.

അതിനെ കുറിച്ച് അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلَاةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ﴾ [المائدة: ٦]

“(അല്ലാഹുവിൽ) വിശ്വസിച്ചവരേ! നിങ്ങൾ നമസ്കാരത്തിന് തുനിഞ്ഞാൽ നിങ്ങളുടെ മുഖങ്ങൾ കഴുകുക. കൈകൾ മുട്ടുകൾ ഉൾപ്പെടെയും (കഴുകുക). നിങ്ങളുടെ തലകൾ തടവുകയും, നിങ്ങളുടെ കാലുകൾ നെരിയാണി ഉൾപ്പെടെ (കഴുകുകയും ചെയ്യുക)." (മാഇദ: 6)

അല്ലാഹു പറയുന്നു:

﴿فَإِذا لَقِيتُمُ الَّذِينَ كَفَرُوا فَضَرْبَ الرِّقَابِ حَتَّى إِذَا أَثْخَنْتُمُوهُمْ فَشُدُّوا الْوَثَاقَ فَإِمَّا مَنًّا بَعْدُ وَإِمَّا فِدَاءً﴾ [محمد: ٤]

“ആകയാൽ (അല്ലാഹുവിനെയും അവന്റെ ദൂതരെയും) നിഷേധിക്കുന്നവരുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ പിരടികളിൽ വെട്ടുക. അങ്ങനെ അവരെ നിങ്ങൾ അമർച്ചചെയ്തുകഴിഞ്ഞാൽ നിങ്ങൾ അവരെ ശക്തിയായി ബന്ധിക്കുക. എന്നിട്ട് അതിന് ശേഷം അവരോട് ദാക്ഷിണ്യം കാണിക്കുകയോ, അല്ലെങ്കിൽ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യുക.” (മുഹമ്മദ്: 4)

## നാല് ഇമാമുകളുടെയും വിശ്വാസം

അതായത് (യുദ്ധസമയത്ത്) വെട്ടുന്നതും പോരാടുന്നതും, കുടുംബബന്ധം ചേർക്കുന്നതും ദാനം ചെയ്യലുമെല്ലാം കൈകൊണ്ട് നിർവ്വഹിക്കേണ്ട പ്രവർത്തനമാണ്.

«وفرض على الرجلين»: ألا يمشي بهما إلى ما حرّم الله، جلّ ذكره، فقال في ذلك:

കാലുകളുടെ മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത്, അല്ലാഹു നിഷിദ്ധമാക്കിയതിലേക്ക് അതുമുഖേന നടന്നു പോകരുതെന്നതാണ്. അല്ലാഹു പറയുന്നു:

﴿وَلَا تَمْشِ فِي الْأَرْضِ مَرَحًا إِنَّكَ لَنْ تَخْرِقَ الْأَرْضَ وَلَنْ تَبْلُغَ الْجِبَالَ طُولًا﴾ [الإسراء: ٣٧].

“നീ ഭൂമിയിൽ അഹന്തയോടെ നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനൊന്നുമാവില്ല. ഉയരത്തിൽ നിങ്ങൾക്ക് പർവ്വതങ്ങൾക്കൊപ്പമെത്താനും ആവില്ല.” (ഇസ്റാഅ്: 37)

«وفرض على الوجه»: السجود لله بالليل والنهار، ومواقيت الصلاة، فقال في ذلك:

അല്ലാഹു മുഖങ്ങൾക്ക് മേൽ നിർബന്ധമാക്കിയത്, രാവും പകലും നിസ്കാര വേളകളിലും അല്ലാഹുവിന്ന് സുജൂദ് ചെയ്യുക എന്നതാണ്. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا ارْكَعُوا وَاسْجُدُوا وَاعْبُدُوا رَبَّكُمْ وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ﴾ [الحج: ٧٧]

“(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങൾ (അല്ലാഹുവിന്) റുകൂഅ് (വണങ്ങുക) ചെയ്യുകയും, സുജൂദ് (സാഷ്ടാംഘം) ചെയ്യുകയും, നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും, നന്മ പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.” (ഹജ്ജ്: 77)

അല്ലാഹു പറയുന്നു:

وقال: ﴿وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا﴾ [الجن: ١٨] يعني بالمساجد: ما يسجد عليه ابن آدم في صلاته، من الجبهة وغيرها، قال: فذلك ما فرض الله على هذه الجوارح.

“മസ്ജിദുകളെല്ലാം അല്ലാഹുവിന്റെതാകുന്നു. അതിനാൽ അവനോടൊപ്പം ഒരാളെയും നിങ്ങൾ വിളിച്ചു തേടരുത്.” (ജിന്ന്: 18)

## നാല് ഇമാമുകളുടെയും വിശ്വാസം

ഇവിടെ മസ്ജിദ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് നിസ്കാരത്തിൽ മനുഷ്യൻ സാഷ്ടാംഗം ചെയ്യുന്ന (അവയവങ്ങളായ) നെറ്റിത്തടവും മറ്റുമാണ്. ഇതാണ് അല്ലാഹു ഈ അവയവങ്ങളുടെ മേൽ നിർബന്ധമായി കൽപിച്ചിട്ടുള്ളത്.

وسمّى الطهور والصلوات إيمانًا في كتابه، وذلك حين صرف الله تعالى، وجه نبيه -ﷺ-، من الصلاة إلى بيت المقدس، وأمره بالصلاة إلى الكعبة. وكان المسلمون قد صلوا إلى بيت المقدس ستة عشر شهرًا، فقالوا: يا رسول الله، أرأيت صلاتنا التي كنا نصليها إلى بيت المقدس، ما حالها وحالنا؟

അംഗശുദ്ധീകരണത്തെയും നിസ്കാരത്തെയും ഈമാൻ എന്ന് ഖുർആനിൽ വിശേഷിപ്പിച്ചിരിക്കുന്നു. ബൈത്തുൽ മുഖദ്ദസിലേക്ക് നിസ്കരിച്ചതിൽ നിന്നും നബി ﷺ യുടെ മുഖത്തെ അല്ലാഹു തിരിക്കുകയും കഅ്ബയിലേക്ക് തിരിഞ്ഞു നമസ്കരിക്കാൻ കൽപിക്കുകയും ചെയ്ത ആയത്തുകൾക്ക് ഇടയിലാണ് അതുള്ളത്.

പതിനാറ് മാസങ്ങളായി മുസ്ലിംകൾ ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിച്ചിട്ടുണ്ടായിരുന്നു. അതിനാൽ അവർ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരെ, ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് ഞങ്ങൾ നിർവ്വഹിച്ചിരുന്ന നമസ്കാരത്തിന്റെ കാര്യം എന്താണ്?"

അപ്പോഴായിരുന്നു അല്ലാഹു ഇങ്ങനെ അവതരിപ്പിച്ചിരുന്നത്:

فأنزل الله تعالى: ﴿وَمَا كَانَ ٱللَّهُ لِيُضِيعَ إِيمَٰنَكُمْۚ إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٌ رَّحِيمٌ﴾ [البقرة: ١٤٣]

" അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പാഴാക്കിക്കളയുകയില്ല. തീർച്ചയായും അല്ലാഹു മനുഷ്യരോട് അത്യധികം ദയയുള്ളവനും കരുണാനിധിയുമാണ്." (ബഖറ:143)

فسمّى الصلاة إيمانًا، فمن لقي الله حافظًا لصلواته، حافظًا لجوارحه، مؤديًا بكل جارحة من جوارحه ما أمر الله به وفرض عليها—لقي الله مستكمل الإيمان من أهل الجنة، ومن كان لشيء منها تاركًا متعمدًا مما أمر الله به—لقي الله ناقص الإيمان.

ഇവിടെ നിസ്കാരത്തെയാണ് 'ഈമാൻ' (വിശ്വാസം) എന്ന് വിളിച്ചിരിക്കുന്നത് . അതിനാൽ വല്ലവനും തന്റെ നിസ്കാരം ശ്രദ്ധയോടെ നിർവഹിച്ചു കൊണ്ടും, ഓരോ അവയവങ്ങളുടെ മേലും അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത് പാലിച്ചു കൊണ്ടും, തന്റെ അവയവത്തെ സൂക്ഷിച്ചും അല്ലാഹുവിനെ കണ്ടുമുട്ടുകയാണെങ്കിൽ

## നാല് ഇമാമുകളുടെയും വിശ്വാസം

ഈമാൻ പൂർണ്ണമായ വിധത്തിൽ, സ്വർഗക്കാരിൽ പെട്ടവനായി കൊണ്ടാണ് അവൻ അല്ലാഹുവിനെ കണ്ടുമുട്ടുക. ഇനി ആരെങ്കിലും ബോധപൂർവ്വം ഇതിൽ വല്ലതും ഉപേക്ഷിക്കുകയാണെങ്കിൽ അപൂർണ്ണമായ ഈമാനുമായാണ് അവൻ അല്ലാഹുവിനെ കണ്ടുമുട്ടുക.

قال: وقد عرفت نقصانه وإتمامه، فمن أين جاءت زيادته؟.

ചോദ്യകർത്താവ് പറഞ്ഞു: "ഇപ്പോൾ ഈമാൻ പൂർണ്ണത കൈവരിക്കുന്നതും അതിൽ കുറവ് സംഭവിക്കുന്നതും എനിക്ക് മനസ്സിലായി; എന്നാൽ ഈമാൻ (പൂർണ്ണതക്ക് മേൽ) വർദ്ധിക്കുന്നു എന്നത് എവിടെ നിന്നാണ് ലഭിച്ചത്?"

قال الشافعي: قال الله، جل ذكره:

ശാഫിഈ പറയുന്നു: അല്ലാഹു പറഞ്ഞ വചനമാണ് അതിനുള്ള തെളിവ്:

﴿وَإِذَا مَا أُنْزِلَتْ سُورَةٌ فَمِنْهُمْ مَنْ يَقُولُ أَيُّكُمْ زَادَتْهُ هَذِهِ إِيمَانًا فَأَمَّا الَّذِينَ آمَنُوا فَزَادَتْهُمْ إِيمَانًا وَهُمْ يَسْتَبْشِرُونَ * وَأَمَّا الَّذِينَ فِي قُلُوبِهِمْ مَرَضٌ فَزَادَتْهُمْ رِجْسًا إِلَى رِجْسِهِمْ وَمَاتُوا وَهُمْ كَافِرُونَ﴾

"(ഖുർആനിലെ) ഏതെങ്കിലും ഒരദ്ധ്യായം അവതരിപ്പിക്കപ്പെട്ടാൽ (കപടവിശ്വാസികളിൽ പെട്ട) അവരിൽ ചിലർ പറയും: നിങ്ങളിൽ ഇത് ആർക്കാണ് വിശ്വാസം വർദ്ധിപ്പിച്ചുതന്നത്? എന്നാൽ, (അല്ലാഹുവിലും റസൂലിലും) വിശ്വസിച്ചവർക്കാകട്ടെ, അത് അവരുടെ വിശ്വാസം വർദ്ധിപ്പിക്കുക തന്നെയാണ് ചെയ്തത്. അവർ അതിൽ സന്തോഷം കൊള്ളുകയും ചെയ്യുന്നു.

എന്നാൽ മനസ്സുകളിൽ രോഗമുള്ളവരാകട്ടെ അവർക്ക് അവരുടെ ദുഷ്ടതയിലേക്ക് കൂടുതൽ ദുഷ്ടത കൂട്ടിച്ചേർക്കുകയാണ് അത് ചെയ്തത്. അവർ സത്യനിഷേധികളായിരിക്കെ തന്നെ മരിക്കുകയും ചെയ്തു." (തൗബ: 124, 125)

അല്ലാഹു പറയുന്നു:

﴿إِنَّهُمْ فِتْيَةٌ آمَنُوا بِرَبِّهِمْ وَزِدْنَاهُمْ هُدًى﴾ [الكهف: ١٣]

"തങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ച ഏതാനും യുവാക്കളായിരുന്നു (ഗുഹാവാസികളായ) അവർ. അവർക്കു നാം സന്മാർഗം വർദ്ധിപ്പിക്കുകയും ചെയ്തു." (കഹ്ഫ് 13)

## നാല് ഇമാമുകളുടെയും വിശ്വാസം

قال الشافعي: ولو كان هذا الإيمان كله واحدًا لا نقصان فيه ولا زيادة – لم يكن لأحد فيه فضل، واستوى الناس، وبطل التفضيل. ولكن بتمام الإيمان دخل المؤمنون الجنة، وبالزيادة في الإيمان تفاضل المؤمنون بالدرجات عند الله ﴿في الجنة]، وبالنقصان من الإيمان دخل المفرطون النار.

ഇമാം ശാഫിഈ ﷺ പറഞ്ഞു: "ഈമാൻ എന്നാൽ യാതൊരു ഏറ്റക്കുറവുമുണ്ടാകാത്ത ഒരു എകാകമായിരുന്നു എങ്കിൽ ഒരാൾക്കും അതിൽ മറ്റൊരാൾക്ക് മേൽ ശ്രേഷ്ഠത ഉണ്ടാകുമായിരുന്നില്ല. മറിച്ച്, ജനങ്ങളെല്ലാം തുല്ല്യപദവിയുള്ളവരും, അവർക്കിടയിലെ പദവികളിൽ വ്യത്യാസമുണ്ടാവുക എന്നത് അസാധ്യമാവുകയും ചെയ്യുമായിരുന്നു.

പക്ഷെ, ഈമാനിന്റെ പൂർണ്ണത കൊണ്ടാണ് സത്യവിശ്വാസികൾ സ്വർഗത്തിൽ പ്രവേശിക്കുന്നത്. അതിലുള്ള വർധനവിന്റെ അടിസ്ഥാനത്തിലാണ് സ്വർഗത്തിൽ സത്യവിശ്വാസികളുടെ അല്ലാഹുവിങ്കലുള്ള പദവികളിൽ ഏറ്റവ്യത്യാസമുണ്ടാകുന്നത്. ഈമാനിൽ സംഭവിച്ച കുറവ് കാരണത്താലാണ് വീഴ്ച വരുത്തിയവർ നരകത്തിൽ പ്രവേശിക്കുന്നതും."

قال الشافعي: إن الله، جل وعز، سابق بين عباده كما سُوبق بين الخيل يوم الرهان. ثم إنهم على درجاتهم من سبق عليه، فجعل كل امرئ على درجة سبقه، لا ينقصه فيها حقه، ولا يقدم مسبوق على سابق، ولا مفضول على فاضل. وبذلك فضل أول هذه الأمة على آخرها. ولو لم يكن لمن سبق إلى الإيمان فضل على من أبطأ عنه لَلَحِقَ آخر هذه الأمة بأولها»([١٤٨]).

ഇമാം ശാഫിഈ ﷺ പറയുന്നു: " കുതിരപന്തയ ദിവസം കുതിരകൾക്കിടയിൽ മത്സരം നടത്തപ്പെടുന്നത് പോലെ, അല്ലാഹു ﷻ തന്റെ ദാസന്മാർക്കിടയിൽ മത്സരം ഏർപ്പെടുത്തിയിരിക്കുന്നു.

അവന്റെ അടുത്തേക്ക് മുന്നിട്ടു വന്നവരുടെ ക്രമം അനുസരിച്ചായിരിക്കും അവർക്ക് പദവികളുണ്ടാവുക. അല്ലാഹു ഓരോ വ്യക്തിയേയും തന്റെ വിജയത്തിനനുസരിച്ച പദവിയിലാണ് നിശ്ചയിക്കുക. അതിൽ ആരുടെയും അവകാശത്തിൽ അവൻ കുറവു വരുത്തുകയില്ല. പിറകിൽ വന്നവനെ മുന്നിൽ വന്നെത്തിയവനേക്കാൾ മുൻപിലേക്ക് നിർത്തുകയോ, ശ്രേഷ്ഠനേക്കാൾ താഴെയുള്ളവനെമുന്നിലേക്ക് വെക്കുകയോ ഇല്ല.

ഇതു കൊണ്ട് തന്നെയാണ് ഈ ഉമ്മത്തിലെ ആദ്യകാലക്കാർ പിൽക്കാലക്കാരേക്കാൾ ശ്രേഷ്ഠരായത്. ഈമാനിലേക്ക് ആദ്യമാദ്യം കടന്നുവന്നവർക്ക് പിറകെ

പതുക്കെ വന്നെത്തിയവരേക്കാൾ ശ്രേഷ്ഠത ഇല്ലായിരുന്നെങ്കിൽ ഈ ഉമ്മത്തിലെ അവസാനകാലക്കാർ അതിലെ ആദ്യകാലക്കാർക്കൊപ്പം എത്തുമായിരുന്നു. [1]

## സ്വഹാബികളുടെ വിഷയത്തിൽ ഇമാം ശാഫിഇയുടെ പ്രസ്താവനകൾ:

عن الشافعي أنه قال: «أثنى الله تبارك وتعالى على أصحاب رسول الله -ﷺ- في القرآن والتوراة والإنجيل وسبق لهم لسان رسول الله -ﷺ- من الفضل ما ليس لأحد بعدهم، فرحمهم الله، وهنأهم بما أتاهم من ذلك ببلوغ أعلى منازل الصديقين والشهداء والصالحين، فهم أدوا إلينا سُنن رسول الله -ﷺ-، وشاهدوه والوحي ينزل عليه، فعلموا ما أراد رسول الله -ﷺ- عامًّا وخاصًّا وعزمًا وإرشادًا، وعرفوا من سُنته ما عرفنا وجهلنا، وهم فوقنا في كل علم واجتهاد، وورع وعقل، وأمر استدرك به علم واستنبط به وآراؤهم لنا أحمد وأولى بنا من آرائنا عندنا لأنفسنا والله أعلم»

1) ഇമാം ശാഫിഈ ﵀ പറയുന്നു: "അല്ലാഹു ﷻ ഖുർആനിലും തൗറാത്തിലും ഇഞ്ചീലിലും റസൂലുല്ലാഹി ﷺ യുടെ അനുചരന്മാരെ പ്രശംസിച്ചിരിക്കുന്നു. നബി ﷺ യുടെ നാവിലൂടെ തന്നെ അവരുടെ പിൻഗാമികൾക്കൊന്നുമുണ്ടാകാത്ത ശ്രേഷ്ഠത അവർക്കുണ്ടെന്ന് ആദ്യമേ പ്രസ്താവിച്ചിരിക്കുന്നു. അതിനാൽ അവർക്ക് അല്ലാഹു കാരുണ്യം ചൊരിയട്ടെ. സത്യസന്ധന്മാരുടെയും രക്തസാക്ഷികളുടെയും ഉന്നതപദവികൾ പ്രാപിക്കാൻ അനുഗ്രഹിച്ചുകൊണ്ട് അവരെ ആശീർവദിക്കട്ടെ.

അല്ലാഹുവിന്റെ ദൂതരുടെ ﷺ ചര്യകൾ അവരാണ് നമുക്ക് എത്തിച്ചു തന്നത്. നബി ﷺ ക്ക് ദിവ്യസന്ദേശം അവതരിക്കുമ്പോൾ അവരതിന് സാക്ഷികളായിരുന്നു. അത് കൊണ്ട് തന്നെ നബി ﷺ പറഞ്ഞ വാക്കുകളിൽ പൊതുവായ നിയമങ്ങൾ ഏതെന്നും, പ്രത്യേകമായി പറഞ്ഞവ ഏതെന്നും, തറപ്പിച്ചു പറഞ്ഞവയും ഒരു നിർദേശമായി പറഞ്ഞവയും ഏതെല്ലാമെന്നും അവർക്ക് ബോധ്യമുണ്ടായിരുന്നു.

നബി ﷺ യുടെ സുന്നത്തിൽ നിന്ന് നാം അറിഞ്ഞതും അറിയാതെ പോയതുമെല്ലാം അവർക്ക് അറിയാമായിരുന്നു. എല്ലാ വിജ്ഞാനങ്ങളിലും പരിശ്രമാങ്ങളിലും അവർ നമ്മേക്കാൾ മുകളിലാണ്. സൂക്ഷ്മത നിറഞ്ഞ ജീവിതം നയിക്കുന്ന

[1] മനാഖിബു ശാഫിഈ / ബയ്ഹഖി: 1/387-393.

തിലും, ബുദ്ധിയിലും അവർ അപ്രകാരം തന്നെ. വിജ്ഞാനം നേടിയെടുക്കാനും വിധികൾ നിർധാരണം ചെയ്തെടുക്കുന്നതിലും അവർ നമ്മെ മറികടന്നു.

നമ്മെ സംബന്ധിച്ചിടത്തോളം അവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളുമാണ് നമുക്ക് ഏറ്റവും നല്ലത്. നമ്മുടെ സ്വന്തം കാര്യങ്ങളിൽ നമ്മുടെ അഭിപ്രായങ്ങളെക്കാൾ അവരുടെ അഭിപ്രായമാണ് ഏറ്റവും ഉചിതമായുള്ളത്." [1]

عن ربيع بن سليمان قال: «سمعت الشافعي يقول في التفضيل: أبو بكر وعمر وعثمان وعلي»

2) റബീഅ് ഇബ്നു സുലൈമാൻ പറയുന്നു: സ്വഹാബികളുടെ ശ്രേഷ്ഠത ഇമാം ശാഫിഈ ﵀ ഈ ക്രമത്തിൽ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അബൂബക്കർ ﵁, ശേഷം ഉമർ ﵁, ശേഷം ഉഥ്മാൻ ﵁, ശേഷം അലി ﵁. [2]

عن محمد بن عبد الله بن عبد الحكم قال: «سمعت الشافعي يقول: أفضل الناس بعد رسول الله -ﷺ-، أبو بكر ثم عمر ثم عثمان ثم علي – رضي الله عنهم -»

3) മുഹമ്മദ് ഇബിനു അബ്ദില്ലാഹിബ്നു അബ്ദിൽ ഹകം പറയുന്നു: ഇമാം ശാഫിഈ ﵀ പറയുന്നത് ഞാൻ കേട്ടു: "റസൂലുല്ലാഹി ﷺ ക്കു ശേഷം ഏറ്റവും ശ്രേഷ്ഠൻ അബൂബക്ർ സിദ്ധീഖ് ആണ്. ശേഷം ഉമർ ബ്നുൽ ഖത്താബ്, ശേഷം ഉഥ്മാൻ ബ്നു അഫ്ഫാൻ, ശേഷം അലി ബ്നു അബീ ത്വാലിബ് ﷺ. [3]

عن يوسف بن يحيى البويطي قال: «سألت الشافعي أأصلي خلف الرافضي؟ قال: لا تصل خلف الرافضي ولا القدري ولا المرجئ، قلت: صفهم لنا، قال: من قال: الإيمان قول فهو مرجئ، ومن قال: إن أبا بكر وعمر ليسا بإمامين فهو رافضي، ومن جعل المشيئة إلى نفسه فهو قدري»

4) യൂസ്ഫു ഇബിൻ യഹ്യ അൽ-ബുവൈത്വി പറയുന്നു: "(ശിയാക്കളിൽ പെട്ട) ഒരു റാഫിദ്വിയായ വ്യക്തിയുടെ പിന്നിൽ തുടർന്നു നിസ്ക്കരിക്കാമോ എന്ന് ഞാൻ ശാഫിഈയോട് ചോദിച്ചു.

[1] മനാഖിബു ശാഫിഈ / ബയ്ഹഖി: 1/442.
[2] മനാഖിബു ശാഫിഈ / ബയ്ഹഖി: 1/432.
[3] മനാഖിബു ശാഫിഈ / ബയ്ഹഖി: 1/433.

അദ്ദേഹം പറഞ്ഞു: “നീ റാഫിദ്വിയുടെയോ ഖദരിയ്യിയുടെയോ മുർജിഇൗയുടെയോ പിന്നിൽ തുടർന്ന് നമസ്ക്കരിക്കരുത്.”

ഞാൻ പറഞ്ഞു: “അവർ ആരാണെന്ന് ഞങ്ങൾക്ക് ഒന്നു വിവരിച്ചു തന്നാലും.”

അദ്ദേഹം പറഞ്ഞു: “ഈമാൻ വാക്ക് മാത്രമാണ് എന്ന് പറയുന്നവനാണ് മുർജിഅ്. അബൂബക്റും ഉമറും ഇമാമുകളല്ല (മുസ്‌ലിംകളുടെ നേതാക്കളല്ല) എന്ന് പറയുന്നവനാണ് റാഫിദ്വി. ഒരു കാര്യം പ്രവർത്തിക്കുന്നതിൽ (അല്ലാഹുവിന്റെ ഉദ്ദേശ്യമില്ല; മറിച്ച്,) തന്റെ ഉദ്ദേശം മാത്രമേ ഉള്ളൂ എന്നു വാദിക്കുന്നവനാണ് ഖദരി.” [1]

## വചനശാസ്ത്രം, മതവിഷയങ്ങളിലെ തർക്കം എന്നിവയോടുള്ള ഇമാം ശാഫിഇക്കുള്ള എതിർപ്പ്:

١- أخرج الهروي عن الربيع بن سليمان قال: «سمعت الشافعي يقول: ... لو أن رجلاً أوصى بكتبه من العلم لآخر، وكان فيها كتب الكلام، لم تدخل في الوصية لأنه ليس من العلم»

1) റബീഅ് ഇബ്നു സുലൈമാൻ പറയുന്നു: ഇമാം ശാഫിഈ ﷺ പറയുന്നത് ഞാൻ കേട്ടു: " ... ഒരു മനുഷ്യൻ തന്റെ വൈജ്ഞാനിക ഗ്രന്ഥങ്ങൾ മരണശേഷം മറ്റൊരാൾക്ക് നൽകാൻ വസ്വിയ്യത്ത് ചെയ്യുകയും, അയാളുടെ ഗ്രന്ഥങ്ങളിൽ വചനശാസ്ത്ര ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കുകയും ചെയ്താൽ (നടപ്പിലാക്കേണ്ട) വസ്വിയ്യത്തിൽ ആ വചനശാസ്ത്ര ഗ്രന്ഥങ്ങൾ ഉൾപ്പെടുകയില്ല. കാരണം വചനശാസ്ത്രം വിജ്ഞാനത്തിൽ ഉൾപ്പെടുകയില്ല.” [2]

عن الحسن الزعفراني قال: «سمعت الشافعي يقول: ما ناظرت أحدًا في الكلام إلا مرة وأنا أستغفر الله من ذلك»

2) ഹസ്സൻ അസ്സഅ്ഫറാനി പറയുന്നു: ഇമാം ശാഫിഈ ﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ഒരു പ്രാവശ്യം മാത്രമല്ലാതെ വചനശാസ്ത്രത്തിൽ ഞാൻ ഒരാളോടും സംവാദം നടത്തിയിട്ടില്ല. അതിൽനിന്നുതന്നെ ഞാൻ അല്ലാഹുവോട് പൊറുക്കലിനെ ചോദിച്ചുകൊണ്ടിരിക്കുന്നു." [3]

---

[1] ദമ്മുൽകലാം / ഹറവി: 215, സിയർ / ദഹബി: 10/31.

[2] ദമ്മുൽകലാം / ഹറവി: 213, സിയർ / ദഹബി: 10/30.

[3] ദമ്മുൽകലാം /ഹറവി: 213, സിയർ / ദഹബി: 10/30.

## നാല് ഇമാമുകളുടെയും വിശ്വാസം

٣- وأخرج الهروي عن الربيع بن سليمان قال: «قال الشافعي: لو أردت أن أضع على كل مخالف كتابًا كبيرًا لفعلت، ولكن ليس الكلام من شأني، ولا أحب أن ينسب إلي منه شيء»

3), റബീഅ് ഇബ്നു സുലൈമാൻ പറയുന്നു: "ഇമാം ശാഫിഈ ﷺ പറഞ്ഞു: "ഓരോ എതിരാളിക്കെതിരെയും വലിയൊരു ഗ്രന്ഥമെഴുതണമെന്ന് ആഗ്രഹിച്ചാൽ തീർച്ചയായും എനിക്ക് അത് ചെയ്യാൻ കഴിയുമായിരുന്നു. പക്ഷെ, തർക്കശാസ്ത്രം എന്റെ രീതിയിൽ പെട്ടതല്ല. അതിൽ പെട്ട എന്തെങ്കിലുമൊന്ന് എന്നിലേക്ക് ചേർക്കപ്പെടുന്നത് ഞാൻ ഇഷ്ടപ്പെടുന്നുമില്ല." [1]

عن أبي ثور قال: «قال لي الشافعي: ما رأيت أحدًا ارتدى شيئًا من الكلام فأفلح»

4) അബൂ ഥൗർ പറയുന്നു: ഇമാം ശാഫിഈ ﷺ എന്നോട് പറഞ്ഞു: "വചനശാസ്ത്രത്തിൽ നിന്ന് വല്ലതും എടുത്തണിഞ്ഞ ഒരാളും വിജയിച്ചതായി ഞാൻ കണ്ടിട്ടില്ല." [2]

عن يونس المصري قال: «قال الشافعي: لأن يبتلي الله المرء بما نهى الله عنه خلا الشرك بالله خير من أن يبتليه بالكلام»

5) യൂനുസ് അൽ-മിസ്വ്‌രി പറയുന്നു: ഇമാം ശാഫിഈ ﷺ പറഞ്ഞു: "അല്ലാഹുവിൽ പങ്ക് ചേർക്കുന്നതൊഴികെ അല്ലാഹു വിരോധിച്ചിട്ടുള്ള മറ്റെന്തു കൊണ്ടും ഒരു വ്യക്തിയെ അല്ലാഹു പരീക്ഷിക്കുന്നതാണ് വചനശാസ്ത്രം മുഖേന അയാളെ പരീക്ഷിക്കുന്നതിനെക്കാൾ അയാൾക്ക് നല്ലത്." [3]

മതത്തിന്റെ മൗലികവിഷയങ്ങളിൽ ഇമാം ശാഫിഇക്കുള്ള അഭിപ്രായങ്ങളും വചനശാസ്ത്രവിജ്ഞാനത്തോടുള്ള അദ്ദേഹത്തിന്റെ സമീപനവുമാണ് ഇവിടെ വിവരിച്ചത്.

---

[1] ദമ്മുൽകലാം /ഹറവി: 215.

[2] അൽഇബാനാ അൽകുബ്റാ / ഇബ്നു ബത്വ: 535, 536.

[3] മനാഖിബു ശാഫിഈ / ഇബ്നു അബീഹാതിം: 182.

## നാല് ഇമാമുകളുടെയും വിശ്വാസം

## ഇമാം അഹ്മദ് ﷺ യുടെ വിശ്വാസം

### തൗഹീദുമായി ബന്ധപ്പെട്ട ഇമാം അഹ്മദ് ﷺ യുടെ പ്രസ്താവനകൾ:

جاء في طبقات الحنابلة «إن الإمام أحمد سُئل عن التوكل، فقال: قطع الاستشراق بالإياس من الخلق»

1) ഇമാം അഹ്മദ് ﷺ യോട് തവക്കുലിനെ (അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുന്നതിനെ) കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: "സൃഷ്ടികളിൽ പ്രതീക്ഷ വെക്കാതെ, അവരിലുള്ളത് ആഗ്രഹിക്കുന്നത് അവസാനിപ്പിക്കലാണത്." [1]

قال أحمد: «لم يزل الله عزّ وجل متكلمًا والقرآن كلام الله عزّ وجل غير مخلوق وعلى كل جهة، ولا يوصف الله بشيء أكثر مما وصف به نفسه عز وجل»

2) ഇമാം അഹ്മദ് പറയുന്നു: "അല്ലാഹു ﷻ എന്നെന്നും സംസാരിക്കുന്നവനായിരുന്നു. ഖുർആൻ; അത് ഏത് വിധത്തിലായിരുന്നാലും അല്ലാഹുവിന്റെ വചനമാണ്. അതൊരിക്കലും സൃഷ്ടിയല്ല. അല്ലാഹു സ്വന്തത്തെ വിശേഷിപ്പിച്ചതിലധികമായി ഒരു കാര്യവും അവനെ വിശേഷിപ്പിക്കരുത്." [2]

عن أبي بكر المروزي قال: «سألت أحمد بن حنبل عن الأحاديث التي تردها الجهمية في الصفات والرؤية والإسراء وقصة العرش فصححها وقال: تلقتها الأمة بالقبول وتمر الأخبار كما جاءت»

3) അബൂബക്കർ അൽ മർവസിയിൽ പറയുന്നു: "അല്ലാഹുവിന്റെ വിശേഷണങ്ങളെ കുറിച്ചും, അവനെ (അന്ത്യനാളിൽ വിശ്വാസികൾ) കാണുന്നതാണെന്നും, (നബി ﷺ യുടെ ആകാശയാത്ര ഉൾക്കൊള്ളുന്ന) ഇസ്റാഇനെ കുറിച്ചും, (അല്ലാഹുവിന്റെ സിംഹാസനമായ) അർശിനെ കുറിച്ചുമെല്ലാം വന്നിട്ടുള്ള ഹദീസുകളെ (പിഴച്ച കക്ഷിയായ) ജഹ്മിയ്യാക്കൾ നിഷേധിക്കുന്നതിനെ കുറിച്ച് ഞാൻ ഇമാം അഹ്മദിനോട് ചോദിച്ചു.

[1] ത്വബഖാതുൽ ഹനാബില: 1/416.

[2] മിഹനതു അഹ്മദ് / ഇബ്നു അബിൽ ഇസ്സ്: 68.

അപ്പോൾ അദ്ദേഹം പറഞ്ഞു: “മുസ്‌ലിം സമുദായം ഒന്നടങ്കം ആ ഹദീസുകളെ സ്വീകരിക്കുകയാണ് ചെയ്തത്. പ്രസ്തുത ഹദീസുകൾ (അർത്ഥം തെറ്റിക്കാതെ) വായിക്കപ്പെടേണ്ടതാണ്.” [1]

قال عبد الله بن أحمد في كتاب السنة: إن أحمد قال: «من زعم أن الله لا يتكلم فهو كافر إلا أننا نروي هذه الأحاديث كما جاءت»

4) ഇമാം അഹ്മദിന്റെ പുത്രൻ അബ്ദുല്ലാഹ് പറയുന്നു: അഹ്മദ് പറഞ്ഞു: “അല്ലാഹു സംസാരിക്കുകയില്ലെന്ന് ആരെങ്കിലും വാദിക്കുകയാണെങ്കിൽ അവൻ കാഫിറാകും. നാമാകട്ടെ ഈ ഹദീസുകൾ വന്നപോലെ തന്നെ ഉദ്ധരിക്കുക മാത്രമാണ് ചെയ്യുന്നത്. [2]

عن حنبل أنه سأل الإمام أحمد عن الرؤية فقال: «أحاديث صحاح نؤمن بها ونقر، وكل ما روي عن النبي -ﷺ-، بأسانيد جيدة نؤمن به ونقر»

5) ഹമ്പൽ പറയുന്നു: ഞാൻ ഇമാം അഹ്മദിനോട് അല്ലാഹുവിനെ ദർശിക്കുന്നതിനെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: “സ്വീകാര്യമായ ഹദീസുകളിലുള്ളതാണത്. നാം അത് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. കുറ്റമറ്റ പരമ്പരകളിലൂടെ നബി ﷺ യിൽ നിന്നും ഉദ്ധരിക്കപ്പെട്ടതെല്ലാം നാം വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.” [3]

وأورد ابن الجوزي في المناقب كتاب أحمد بن حنبل لمسدد وفيه: «صفوا الله بما وصف به نفسه، وانفوا عن الله ما نفاه عن نفسه ...»

6) ഇമാം അഹ്മദ് മുസദ്ദദിന് എഴുതിയ കത്തിൽ ഇപ്രകാരം പറഞ്ഞു: “അല്ലാഹു അവനെ തന്നെ വിശേഷിപ്പിച്ചത് കൊണ്ട് നിങ്ങളും അവനെ വിശേഷിപ്പിക്കുക. അവന്റെ സ്വന്തത്തിന് അവൻ നിഷേധിച്ചതെന്തോ അത് അവനില്ലെന്ന് നിങ്ങളും നിഷേധിക്കുക.” [4]

---

[1] ത്വബഖാതുൽ ഹനാബില / ഇബ്നു അബീ യഅലാ: 1/56.

[2] അസ്സുന്ന / അബ്ദുല്ലാഹി ബ്നു അഹ്മദ്: പേജ്: 71.

[3] ശറഹുൽ ഇഅ്തിഖാദ് / ലാലകാഈ: 2/507.

[4] മനാഖിബുൽ ഇമാം അഹ്മദ് / ഇബ്നുൽ ജൗസി: 221.

## നാല് ഇമാമുകളുടെയും വിശ്വാസം

جاء في كتاب الرد على الجهمية للإمام أحمد قوله: «وزعم – جهم بن صفوان – أن من وصف الله بشيء مما وصف به نفسه في كتابه أو حدّث عن رسوله كان كافرًا وكان من المشبهة»

7) ഇമാം അഹ്മദ് തന്റെ 'അൽറദ്ദു അലൽ ജഹ്മിയ്യ' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "അല്ലാഹു അവന്റെ ഗ്രന്ഥത്തിലൂടെ അവനെ കുറിച്ച് വിശേഷിപ്പിച്ചത് വല്ലവനും അവനെ വിശേഷിപ്പിക്കുകയോ അവന്റെ പ്രവാചകനിൽനിന്നും ഉദ്ധരിക്കുകയോ ചെയ്താൽ അവൻ കാഫിറാകുമെന്നും, (അല്ലാഹുവിനെ സൃഷ്ടികളോട് ഉപമിക്കുന്ന) മുശബ്ബിഹ് വിഭാഗത്തിൽ ഉൾപ്പെടുകയും ചെയ്യുമെന്നാണ് (പിഴച്ചവനായ) ജഹ്മ്ബ്നു സ്വഫ്വാൻ വാദിക്കുന്നത്." [1]

وأورد ابن تيمية في «الدرء» قول الإمام أحمد: «نحن نؤمن بأن الله على العرش كيف شاء وكما شاء بلا حدّ ولا صفة يبلغها واصف أو يحده أحد، فصفات الله منه وله وهو كما وصف نفسه لا تدركه الأبصار»

8) ഇമാം അഹ്മദ് പറയുന്നു: "അല്ലാഹു -അവൻ ഉദ്ദേശിക്കുന്ന വിധത്തിലും ഉദ്ദേശിക്കുന്ന രീതിയിലും- അവന്റെ സിംഹാസനത്തിന്മേലാണ് എന്ന് നാം വിശ്വസിക്കുന്നു. ഏതൊരാളുടെയും നിർവ്വചനത്തിനും വിശേഷിപ്പിക്കുന്നവന്റെ വിശേഷണത്തിനും അതീതമാണത്. അല്ലാഹുവിന്റെ വിശേഷണങ്ങൾ അവനിൽനിന്ന് തന്നെയുള്ളതും അവന്റേതുമാണ്. അവൻ അവനെ സ്വയം വിശേഷിപ്പിച്ചത് പോലെയാണ്. ദൃഷ്ടികൾ അവനെ വലയം ചെയ്യുകയില്ല." [2]

وأورد ابن يعلى عن أحمد أنه قال: «من زعم أن الله لا يرى في الآخرة فهو كافر مكذب بالقرآن»

9) ഇമാം അഹ്മദ് പറയുന്നു: "വല്ലവനും പരലോകത്ത് അല്ലാഹുവിനെ ദർശിക്കുകയില്ല എന്ന് വാദിക്കുകയാണെങ്കിൽ അവൻ അവിശ്വാസിയും ഖുർആനിനെ നിഷേധിച്ചു തള്ളുന്നവനുമാണ്." [3]

عن عبد الله بن أحمد قال: «سألت أبي عن قوم يقولون: لما كلّم الله موسى لم يتكلم بصوت فقال أبي: تكلم الله بصوت وهذه الأحاديث نرويها كما جاءت»

---

[1] അൽറദ്ദു അലൽ ജഹ്മിയ്യ: 104.

[2] ദർഉ തആറുദ്വിൽ അഖ്ലി വന്നഖ്ൽ / ഇബ്നു തൈമിയ്യ: 2/30.

[3] ത്വബഖാതുൽ ഹനാബില / ഇബ്നു അബീ യഅലാ: 1/59, 145.

10) അഹ്മദിന്റെ പുത്രൻ അബ്ദുല്ലാഹ് പറയുന്നു: "അല്ലാഹു മൂസാ ﷺ യോട് സംസാരിച്ചപ്പോൾ ശബ്ദം മുഖേന സംസാരിച്ചിട്ടില്ല എന്ന് പറയുന്ന ഒരു വിഭാഗത്തെ കുറിച്ച് ഞാൻ എന്റെ പിതാവിനോട് ചോദിച്ചു: അപ്പോൾ എന്റെ പിതാവ് പറഞ്ഞു: "ശബ്ദത്തോടെ അല്ലാഹു സംസാരിച്ചു. ഈ (വിഷയത്തിലുള്ള) ഹദീസുകളെല്ലാം വന്നത് പോലെ തന്നെ നിവേദനം ചെയ്യുകയാണ് വേണ്ടത്." [1]

عن عبدوس بن مالك العطار قال: سمعت أبا عبد الله أحمد بن حنبل يقول: «... والقرآن كلام الله وليس بمخلوق ولا تضعف أن تقول ليس بمخلوق فإن كلام الله منه وليس منه شيء مخلوق»

11) അബ്ദൂസ്ബ്നു മാലികിൽ അത്വാർ പറയുന്നു: "ഇമാം അഹ്മദുബ്നു ഹമ്പൽ പറയുന്നത് ഞാൻ കേട്ടു: ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. അത് ഒരിക്കലും സൃഷ്ടിയല്ല. 'ഖുർആൻ സൃഷ്ടിയല്ല' എന്ന് പറയുന്നതിൽ നീ പ്രയാസം വിചാരിക്കരുത്. അല്ലാഹുവിന്റെ സംസാരം അവനിൽനിന്നുമുള്ളതാണ്. അവനിൽനിന്നുമുള്ള യാതൊന്നും സൃഷ്ടിക്കപ്പെട്ടതല്ല." [2]

## ഖദ്റുമായി (വിധിവിശ്വാസം) ബന്ധപ്പെട്ട ഇമാം അഹ്മദിന്റെ പ്രസ്താവനകൾ:

أورد ابن الجوزي في المناقب كتاب أحمد بن حنبل لمسدد وفيه: «ويؤمن بالقدر خيره وشره وحلوه ومُرّه من الله»

1) അഹ്മദ്ബ്നു ﷺ ഹമ്പൽ മുസദ്ദദിന്ന് എഴുതിയ കത്തിൽ ഇപ്രകാരം കാണാം: "(ഒരു മുസ്‌ലിമായ മനുഷ്യൻ) അല്ലാഹുവിന്റെ വിധിയിലും, അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കണം. അതിലെ മധുരമുള്ളതും കയ്പ്പുള്ളതുമെല്ലാം അല്ലാഹുവിൽ നിന്നാണ് എന്നും അവൻ വിശ്വസിക്കണം)." [3]

٢- وأخرج الخلال عن أبي بكر المروزي قال: «سُئل أبو عبد الله فقال: الخير والشر مقدر على العباد؟ فقيل له: الله خلق الخير والشر، قال: نعم، الله قدره»([١٧٣]).

2) അല്ലാമാ അബൂബക്ർ അൽ-മർവസി പറയുന്നു: ഇമാം അഹ്മദിനോട് ഒരിക്കൽ ചോദിക്കപ്പെട്ടു: "നന്മയും തിന്മയും സൃഷികൾക്ക് മേൽ വിധിക്കപ്പെട്ടതാ

[1] ത്വബഖാതുൽ ഹനാബില / ഇബ്നു അബീ യഅലാ: 1/185.
[2] ശറഹു ഉസ്വൂലിൽ ഇഅ്തിഖാദ് / ലാലകാഈ: 1/157.
[3] മനാഖിബു ഇമാം അഹ്മദ് / ഇബ്നുൽ ജൗസി: 169, 172.

ണോ?!" അപ്പോൾ ആരോ പറഞ്ഞു: "അല്ലാഹുവാണ് നന്മകളെയും തിന്മകളെയും സൃഷ്ടിച്ചത്." [1]

وجاء في كتاب السُّنَّة للإمام أحمد قوله: «والقدر خيره وشره وقليله وكثيره، وظاهره وباطنه، وحلوه ومره، ومحبوبه ومكروهه، وحسنه وسيئه، وأوله وآخره من الله قضاء قضاه على عباده وقدر قدره، ولا يعدو واحد منهم مشيئة الله عز وجل ولا يجاوز قضاءه»

3) ഇമാം അഹ്മദ് പറയുന്നു: "വിധി സമ്പൂർണ്ണമായും –അതിലെ നന്മയായാലും തിന്മയായാലും, കൂടുതലായാലും കുറഞ്ഞതായാലും, പ്രത്യക്ഷമായാലും പരോക്ഷമായാലും, മധുരമായാലും കയ്പ്പായാലും, ഇഷ്ടകരമായാലും അനിഷ്ടകരമായാലും, ഗുണമുള്ളതായാലും ദോഷമുള്ളതായാലും, അതിന്റെ ആദ്യമായാലും അവസാനമായാലും- അല്ലാഹുവിങ്കൽ നിന്നുള്ള നിർണ്ണയപ്രകാരമാണ്.

അല്ലാഹുവാണ് അത് അവന്റെ അടിമകൾക്ക് വിധിച്ചതും നിർണ്ണയിച്ചതും. അവരിൽ ഒരാളും തന്നെ അല്ലാഹുവിന്റെ ഉദ്ദേശത്തെ മറികടക്കുന്നതോ, അവന്റെ വിധിയിൽ നിന്ന് പുറത്ത് കടക്കുന്നതോ അല്ല." [2]

عن محمد بن أبي هارون عن أبي الحارث قال: «سمعت أبا عبد الله يقول: فالله عزّ وجلّ قدّر الطاعة والمعاصي، وقدر الخير والشر، ومن كتب سعيدًا فهو سعيد، ومن كتب شقيًّا فهو شقي»

4) അബ്ദുൽ ഹാരിഥ് പറയുന്നു: "അബൂ അബ്ദില്ലാഹ് (ഇമാം അഹ്മദ് ﵀) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "അല്ലാഹുവാണ് പുണ്യവും പാപവും നിർണ്ണയിച്ചിട്ടുള്ളത്. നന്മയും തിന്മയും അവൻ തന്നെ നിർണ്ണയിച്ചത്. ആരെയെങ്കിലും അല്ലാഹു സൗഭാഗ്യവാൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവൻ സൗഭാഗ്യവാനായിരിക്കും. ആരെയെങ്കിലും അവൻ ദൗർഭാഗ്യവാൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവൻ ദൗർഭാഗ്യവാനുമായിരിക്കും." [3]

---

[1] അസ്സുന്ന / ഖല്ലാൽ: 85.

[2] ഉസ്വൂലുസ്സുന്നഃ / ഇമാം അഹ്മദ്: 68.

[3] അസ്സുന്നഃ / ഖല്ലാൽ: 85.

## നാല് ഇമാമുകളുടെയും വിശ്വാസം

قال عبد الله بن أحمد سمعت أبي وسأله علي بن جهم عمن قال بالقدر يكون كافرًا؟ قال: «إذا جحد العلم إذا قال: إن الله لم يكن عالمًا حتى خلق علمًا فعلم فجحد علم الله فهو كافر»

5) ഇമാം അഹ്മദിന്റെ പുത്രൻ അബ്ദുല്ല പറയുന്നു: "ഖദ്റിനെ (അല്ലാഹുവിന്റെ വിധിയെ) നിഷേധിക്കുന്നവൻ കാഫിറാകുമോ? എന്ന് എന്റെ പിതാവിനോട് അലിയ്യു ഇബ്നു ജഹ്മ് ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

അപ്പോൾ അദ്ദേഹം പറഞ്ഞു: "അയാൾ അല്ലാഹുവിന്റെ അറിവിനെ നിഷേധിക്കുകയാണെങ്കിൽ... അതായത് 'അല്ലാഹു അറിവിനെ സൃഷ്ടിക്കുന്നത് വരെ അവൻ അറിവുള്ളവനായിരുന്നില്ല; സൃഷ്ടിച്ചതിന് ശേഷമാണ് അവൻ അറിഞ്ഞത്' എന്ന് അവൻ പറയുന്നു എങ്കിൽ അവൻ കാഫിറാണ്." [1]

قال عبد الله بن أحمد: «سألت أبي مرة أخرى عن الصلاة خلف القدري، فقال: إن كان يخاصم فيه ويدعو إليه فلا تصل خلفه»

6) ഇമാം അഹ്മദിന്റെ പുത്രൻ അബ്ദുല്ല പറയുന്നു: "ഖദ്റിനെ നിഷേധിക്കുന്നവന്റെ പിന്നിൽ നമസ്കരിക്കുന്നതിനെ സംബന്ധിച്ച് എന്റെ പിതാവിനോട് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അയാൾ ഈ വിഷയത്തിൽ തർക്കിക്കുകയും, അതിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു എങ്കിൽ നീ അവന്റെ പിറകിൽ നിസ്കരിക്കരുത്." [2]

## ഈമാനുമായി (വിശ്വാസം) ബന്ധപ്പെട്ട ഇമാം അഹ്മദ്ﷺ യുടെ പ്രസ്താവനകൾ:

عن أحمد قال: «من أفضل خصال الإيمان الحب في الله والبغض في الله»

1) ഇമാം അഹ്മദ് പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുക എന്നത് ഈമാനിന്റെ ഏറ്റവും ശ്രേഷ്ഠകരമായ സവിശേഷതകളിൽ പെട്ടതാണ്." [3]

---

[1] അസ്സുന്നഃ / അബ്ദുല്ലാഹി ബ്നു അഹ്മദ്: 119.

[2] അസ്സുന്നഃ / അബ്ദുല്ലാഹി ബ്നു അഹ്മദ്: 384.

[3] ത്വബഖാതുൽ ഹനാബില / ഇബ്നു അബീ യഅലാ: 2/275.

## നാല് ഇമാമുകളുടെയും വിശ്വാസം

عن أحمد قال: «الإيمان يزيد وينقص كما جاء في الخبر: «أكمل المؤمنين إيمانًا أحسنهم خلقًا»

2) ഇമാം അഹ്മദ് പറയുന്നു: “ഈമാൻ കൂടുകയും കുറയുകയും ചെയ്യും. അ പ്രകാരമാണ് ഹദീസിൽ വന്നിട്ടുള്ളത്: “സത്യവിശ്വാസികളിൽ ഏറ്റവും സമ്പൂർണ്ണ ഈമാനുള്ളവർ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവരാണ്.” [1] [2]

عن سليمان بن أشعث قال: «إن أبا عبد الله قال: الصلاة والزكاة والحج والبر من الإيمان والمعاصي تنقص الإيمان»

3) സുലൈമാനുബ്നു അശ്അഥ് പറയുന്നു: ഇമാം അഹ്മദ് പറഞ്ഞിട്ടുണ്ട്: “നി സ്കാരവും സകാത്തും ഹജ്ജും പുണ്യകർമ്മവും ഈമാനിന്റെ ഭാഗമാണ്. പാപങ്ങ ൾ ഈമാനിന് കുറവ് വരുത്തുന്നു.” [3]

قال عبد الله بن أحمد: «سألت أبي عن رجل يقول: الإيمان قول وعمل، يزيد وينقص ولكن لا يستثني أمرجئ؟ قال: أرجو ألا يكون مرجئًا. سمعت أبي يقول: الحجة على ما لا يستثني قول رسول الله -ﷺ-، لأهل القبور: «وإنا إن شاء الله بكم لاحقون»

4) അഹ്മദിന്റെ പുത്രൻ അബ്ദുല്ലാഹ് പറയുന്നു: ഞാൻ എന്റെ പിതാവിനോട് ചോദിച്ചു: “ ഈമാൻ വാക്കും പ്രവർത്തിയും കൂടിയാണ്. അത് കൂടുന്നതും കുറയു ന്നതുമാണ് എന്ന് ഒരാൾ പറയുന്നു; (പക്ഷെ ‘എനിക്ക് ഈമാനുണ്ട്; ഇൻശാ അ ല്ലാഹ് (അല്ലാഹു ഉദ്ദേശിച്ചാൽ) എന്ന് പറഞ്ഞു കൊണ്ട്) അയാൾ ‘ഇസ്തിഥ്നാ’ ന ടത്തുന്നില്ല. എങ്കിൽ അയാൾ ‘പിഴച്ച കക്ഷിക്കാരനായ മുർജിഅ് ആകുമോ?”

അദ്ദേഹം പറഞ്ഞു: “അയാൾ 'മുർജിഅ്' ആവുകയില്ലെന്നാണ് ഞാൻ പ്രതീ ക്ഷിക്കുന്നത്.”

അബ്ദുല്ലാഹ് പറയുന്നു: “എന്റെ പിതാവ് (ഇമാം അഹ്മദ്) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: “ഇൻശാഅല്ലാഹ് പറയാത്തവനെതിരിലുള്ള തെളിവ് നബി ﷺ ഖ

[1] അഹ്മദ്, അബൂദാവൂദ്, തിർമുദി എന്നിവർ അബൂഹുറൈറയിൽ നിന്ന് ഉദ്ധരിച്ചത്.

[2] മനാഖിബുൽ ഇമാം അഹ്മദ് / ഇബ്നുൽ ജൗസി: 173, 153, 168.

[3] അസ്സുന്നഃ / ഖല്ലാൽ: 96.

ബ്റാളികളോടായി പറഞ്ഞ വചനമാണ്. അവിടുന്ന് അവരോടു പറഞ്ഞു: "ഞങ്ങളും -ഇൻശാ അല്ലാഹ്- നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്." [1]

قال عبد الله بن أحمد: «سمعت أبي – رحمه الله – سُئل عن الإرجاء فقال: نحن نقول: الإيمان قول وعمل يزيد وينقص، إذا زنى وشرب الخمر نقص إيمانه»

5) അഹ്മദിന്റെ പുത്രൻ അബ്ദുല്ലാഹ് പറയുന്നു: എന്റെ പിതാവിനോട് -അല്ലാഹു അദ്ദേഹത്തോട് കരുണകാണിക്കട്ടെ- (ഈമാനിൽ പ്രവർത്തനം പെടില്ലെന്നു പറയുന്ന പിഴച്ച വാദമായ) ഇർജാഇനെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "നാം പറയുന്നു: ഈമാൻ വാക്കും പ്രവർത്തിയും കൂടിയാണ്. അത് വർദ്ധിക്കുകയും കുറയുകയും ചെയ്യും. ഒരാൾ വ്യഭിചരിക്കുകയോ മദ്യപിക്കുകയോ ചെയ്താൽ അയാളുടെ ഈമാൻ കുറയുന്നതാണ്." [2]

## സ്വഹാബികളുടെ വിഷയത്തിൽ ഇമാം അഹ്മദ് ﷺ യുടെ പ്രസ്താവനകൾ:

جاء في كتاب السُّنَّة للإمام أحمد ما يأتي: «ومن السُّنَّة ذكر محاسن أصحاب رسول الله –ﷺ–، كلهم أجمعين، والكف عن ذكر مساوئهم والخلاف الذي شجر بينهم، فمن سبّ أصحاب رسول الله –ﷺ–، أو أحدًا منهم فهو مبتدع، رافضي خبيث، مجلف، لا يقبل الله منه صرفًا، ولا عدلاً، بل حبهم سُنَّة، والدعاء لهم قربة، والاقتداء بهم وسيلة، والأخذ بآثارهم فضيلة»

1) ഇമാം അഹ്മദിന്റെ 'ഉസ്വൂലുസ്സുന്നഃ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു: "അഹ്ലുസ്സുന്നത്തിന്റെ ആദർശത്തിൽ പെട്ടതാണ് നബി ﷺ യുടെ മുഴുവൻ സ്വഹാബികളെ കുറിച്ചും നന്മ മാത്രം പറയുക എന്നത്. അവരുടെ ദോഷങ്ങളെയും അവർക്കിടയിൽ ഉടലെടുത്തിരുന്ന പ്രശ്നങ്ങളെയും പരാമർശിക്കാതിരിക്കുക എന്നതും അതിൽ പെട്ടതാണ്.

ആരെങ്കിലും നബി ﷺ യുടെ സ്വഹാബികളെയോ അവരിൽ ആരെയെങ്കിലുമോ അധിക്ഷേപിക്കുകയാണെങ്കിൽ അവൻ മുബ്തദിഉം (ദീനിൽ പുത്തനാചാരം കൊണ്ടുവന്നവൻ) റാഫിദ്വിയും (നബി(ﷺ) യുടെ ഖലീഫമാരെ നിരാകരിക്കുന്നവ

[1] അസ്സുന്നഃ / അബ്ദുല്ലാഹി ബ്നു അഹ്മദ്: 1/307, 308.

[2] അസ്സുന്നഃ / അബ്ദുല്ലാഹി ബ്നു അഹ്മദ്: 1/307.

നും) നീചനും സംസ്കാര ശൂന്യനുമാണ്. അവന്റെ നിർബന്ധ കർമ്മങ്ങളോ ഐച്ഛികാരാധനകളോ അല്ലാഹു സ്വീകരിക്കുകയില്ല.

സ്വഹാബാക്കളെ സ്നേഹിക്കുന്നത് സുന്നത്തിന്റെ വഴിയാണ്. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് പുണ്യകർമ്മവും, അവരെ മാതൃകയാക്കുന്നത് അല്ലാഹുവിലേക്ക് സാമീപ്യം നൽകുന്നതും, അവരുടെ വാക്കുകൾ എടുക്കുന്നത് ശ്രേഷ്ഠതയുമാണ്."

ثم قال: «ثم أصحاب رسول الله -ﷺ-، بعد الأربعة خير الناس، ولا يجوز لأحد أن يذكر شيئًا من مساوئهم ولا يطعن على أحد منهم بعيب ولا بنقص، فمن فعل ذلك فقد وجب على السلطان تأديبه وعقوبته، ليس له أن يعفو عنه»

ശേഷം അദ്ദേഹം പറയുന്നു: "(ഖലീഫമാരായ അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി ﷺ എന്നീ) നാല് പേർക്ക് ശേഷം നബി ﷺ യുടെസ്വഹാബികളാണ് ജനങ്ങളിൽ ഏറ്റവും ഉൽകൃഷ്ടർ. അവരുടെ ദോഷങ്ങൾ പറയുക എന്നത് ഒരാൾക്കും അനുവദനീയമല്ല. അവരിൽ ഒരാളേ കുറിച്ചും ഒരു ന്യൂനതയോ കുറവോ പറയരുത്. ആരെങ്കിലും അപ്രകാരം ചെയ്താൽ അവനെ മര്യാദ പഠിപ്പിക്കേണ്ടതും ശിക്ഷിക്കേണ്ടതും ഭരണാധികാരിയുടെ നിർബന്ധ ബാധ്യതയാണ്. അവന് വിട്ടുവീഴ്ച നൽകാൻ ഭരണാധികാരിക്ക് അനുവാദമില്ല." [1]

أورد ابن الجوزي رسالة أحمد إلى مسدد وفيها: «وأن تشهد للعشرة أنهم في الجنة أبو بكر وعمر وعثمان وعلي وطلحة والزبير وسعد وسعيد وعبد الرحمن بن عوف وأبو عبيدة بن الجرّاح ومن شهد له النبي - ﷺ-، شهدنا له بالجنة»

2) അഹ്മദ്ബ്നു ഹമ്പൽ മുസദ്ദദിന് എഴുതിയ എഴുത്തിൽ അദ്ദേഹം പറയുന്നു : "(സ്വഹാബികളിൽ പെട്ട, സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട) പത്ത് പേർ സ്വർഗക്കാരാണെന്ന് നീ സാക്ഷ്യം വഹിക്കുകയും വേണം.

അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി, ത്വൽഹ, സുബൈർ, സഅദ്, സഈദ്, അബ്ദുറഹ്മാൻ ഇബ്നുഔഫ്, അബൂഉബൈദതു ഇബ്നുൽ ജർറാഹ് ﷺ എന്നിവരാണ് അവർ. അതോടൊപ്പം, നബി ﷺ ആർക്കെങ്കിലും സ്വർഗമുണ്ടെന്നു സാക്ഷ്യം വഹിച്ചുവോ അവർക്ക് സ്വർഗമുണ്ടെന്ന് നമ്മളും സാക്ഷ്യം വഹിക്കുന്നതാണ്." [2]

---

[1] ഉസ്വൂലുസ്സുന്നഃ / ഇമാം അഹ്മദ്: 77, 78.

[2] മനാഖിബുൽ ഇമാം അഹ്മദ് / ഇബ്നുൽ ജൗസി: 170.

## നാല് ഇമാമുകളുടെയും വിശ്വാസം

قال عبد الله بن أحمد: «سألت أبي عن الأئمة فقال: أبو بكر ثم عمر ثم عثمان ثم علي»

3) അഹ്മദിന്റെ പുത്രൻ അബ്ദുല്ല പറയുന്നു: "ആരാണ് ഇമാമുമാർ എന്ന് ഞാൻ എന്റെ പിതാവിനോട് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അബൂബക്ർ, ശേഷം ഉമർ, ശേഷം ഉഥ്മാൻ, ശേഷം അലി ﷡." [1]

قال عبد الله بن أحمد: «سألت أبي عن قوم يقولون: إن عليًّا ليس بخليفة، قال هذا قول سوء ردي»

4) അഹ്മദിന്റെ പുത്രൻ അബ്ദുല്ല പറയുന്നു: "അലി ﷠ ഖലീഫയല്ല എന്ന് പറയുന്ന ഒരു വിഭാഗത്തെ കുറിച്ച് ഞാൻ എന്റെ പിതാവിനോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: "മോശവും നീചവുമായ വാക്കാണത്." [2]

وأورد ابن الجوزي عن أحمد قال: «من لم يثبت الخلافة لعلي فهو أضل من حمار أهله»

5) ഇമാം അഹ്മദ് ﵀ പറയുന്നു: "അലി ﷠ വിന് ഖിലാഫത്ത് സ്ഥാപിക്കാത്തവൻ തന്റെ വീട്ടുകാരുടെ കഴുതയേക്കാൾ വഴിതെറ്റിയവനാണ്." [3]

عن أحمد قال: «من لم يربع علي بن أبي طالب الخلافة فلا تكلموه، ولا تناكحوه»

6) ഇമാം അഹ്മദ് പറയുന്നു: "അലി ബ്നു അബീത്വാലിബിനെ നാലാം ഖലീഫയായി അംഗീകരിക്കാത്തവനോട് നിങ്ങൾ സംസാരിക്കരുത്. അവനുമായി വിവാഹം കഴിപ്പിച്ചു കൊടുക്കുകയും ചെയ്യരുത്." [4]

---

[1] അസ്സുന്നഃ: 235.

[2] അസ്സുന്നഃ: 235.

[3] മനാഖിബുൽ ഇമാം അഹ്മദ് / ഇബ്നുൽ ജൗസി: 163.

[4] ത്വബഖാതുൽ ഹനാബില: 1/45.

## വചനശാസ്ത്രം, മതവിഷയങ്ങളിലെ തർക്കം എന്നിവയോടുള്ള ഇമാം അഹ്മദിനുള്ള എതിർപ്പ്:

عن أبي بكر المروزي قال: «سمعت أبا عبد الله يقول: من تعاطى الكلام لم يفلح، ومن تعاطى الكلام لم يخل أن يتجهم»

1) അബൂബക്ർ അൽ-മറൂസിയിൽ പറയുന്നു: "അബൂഅബ്ദില്ല (ഇമാം അഹ്മദ്) പറയുന്നത് ഞാൻ കേട്ടു: "വചന ശാസ്ത്രവുമായി ഇടപഴകുന്നവൻ വിജയിക്കുകയില്ല. വചനശാസ്ത്രമേറ്റെടുക്കുന്നവൻ ജഹ്മിയാകാതെ തരമില്ല." [1]

عن أحمد قال: «إنه لا يفلح صاحب كلام أبدًا ولا تكاد ترى أحدًا نظر في الكلام إلا وفي قلبه دغل»

2) ഇമാം അഹ്മദ് ﵀ പറയുന്നു: വചനശാസ്ത്രത്തിന്റെ വക്താവ് ഒരിക്കലും തന്നെ വിജയിക്കുകയില്ല. വചനശാസ്ത്രത്തിൽ പഠനം നടത്തുന്ന ഏതൊരാളുടെയും ഹൃദയത്തിൽ തിന്മ കുടികൊള്ളുന്നതായിട്ടല്ലാതെ നിനക്കു കണ്ടെത്താനാകില്ല." [2]

عن عبد الله بن أحمد بن حنبل قال: «كتب أبي إلى عبيد الله بن يحيى بن خاقان لست بصاحب كلام، ولا أرى الكلام في شيء من هذا، إلا ما كان في كتاب الله أو في حديث رسول الله -ﷺ-، فأما غير ذلك فإن الكلام فيه غير محمود»

3) അഹ്മദിന്റെ പത്രൻ അബ്ദുല്ലാ പറയുന്നു: "എന്റെ പിതാവ് ഉബൈദില്ലാഹിബ്നു യഹ്യബ്നു ഖാഖാൻ എന്നാ വ്യക്തിക്ക് എഴുതിയ കത്തിൽ പറഞ്ഞു: "ഞാൻ ഒരു വചനശാസ്ത്രക്കാരനല്ല. (ഖുർആൻ സൃഷ്ടിയാണോ അല്ലേ എന്നതു പോലുള്ള) ഇത്തരം വിഷയങ്ങളിലൊന്നും വചനശാസ്ത്രം പ്രയോഗിക്കുന്നത് അനുവദനീയമാണെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിലോ റസൂലുല്ലാഹി ﷺ യുടെ ഹദീസിലോ വന്നതല്ലാതെ (അതിൽ പരിഗണനീയമല്ല). ഇതിന് പുറത്തുള്ള വിഷയങ്ങളിലാകട്ടെ, വചനശാസ്ത്രം പ്രയോഗിക്കുന്നത് നല്ല ഒരു കാര്യവുമല്ല." [3]

عن موسى بن عبد الله الطرسوسي قال: «سمعت أحمد بن حنبل يقول: لا تجالسوا أهل الكلام وإن (ذبوا) عن السُّنَّة »

---

[1] ഇബാന / ഇബ്നു ബത്ത്വ: 2/538.

[2] ജാമിഉ ബയാനിൽ ഇൽമി / ഇബ്നു അബ്ദിൽ ബർറ്: 2/95.

[3] ദമ്മുൽകലാം / ഹറവി: 216.

## നാല് ഇമാമുകളുടെയും വിശ്വാസം

4) മൂസാബ്നു അബ്ദുല്ലാ അത്ത്വർത്വൂസീ പറയുന്നു: "അഹ്മദ്ബിൻ ഹമ്പൽ ഇ പ്രകാരം പറയുന്നത് ഞാൻ കേട്ടു: "വചനശാസ്ത്രക്കാരോട് നിങ്ങൾ കൂടിയിരിക്കരുത്; അവർ സുന്നത്തിനെ പ്രതിരോധിക്കുന്നവരായിരുന്നാലും ശരി." [1]

عن أبي الحارث الصايغ قال: «من أحب الكلام لم يخرج من قلبه، ولا ترى صاحب كلام يفلح»

5) അബുൽ ഹാരിസ് അസ്സ്വാഇഗ് നിവേദനം: (ഇമാം അഹ്മദ് പറഞ്ഞു:) "വചനശാസ്ത്രത്തെ വല്ലവരും ഇഷ്ടപ്പെട്ടാൽ അവന്റെ ഹൃദയത്തിൽ നിന്നും പിന്നെ അത് പുറത്തു പോകില്ല. വചനശാസ്ത്രക്കാരൻ വിജയിക്കുന്നത് നീ കാണുകയുമില്ല." [2]

عن عبيد الله بن حنبل قال: «حدثني أبي قال: سمعت أبا عبد الله يقول: عليكم بالسنة والحديث وينفعكم الله به، وإياكم والخوض والجدال والمراء فإنه لا يفلح من أحب الكلام، وكل من أحدث كلامًا لم يكن آخر أمره إلا إلى بدعة، لأن الكلام لا يدعو إلى خير، ولا أحب الكلام ولا الخوض ولا الجدال، وعليكم بالسُّنن والآثار والفقه الذي تنتفعون به، ودعوا الجدال وكلام أهل الزيغ والمراء، أدركنا الناس ولا يعرفون هذا، ويجانبون أهل الكلام، وعاقبة الكلام لا تئول إلى خير، أعاذنا الله وإياكم من الفتن وسلمنا وإياكم من كل هلكة»

6) ഉബൈദുല്ലാഹി ബ്നു ഹമ്പൽ നിവേദനം: എന്റെ പിതാവ് എന്നോട് പറഞ്ഞു: "അബൂ അബ്ദില്ല (ഇമാം അഹ്മദ്) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "നിങ്ങൾ സുന്നത്തും ഹദീഥും മുറുകെ പിടിക്കുക. അത് മുഖേന അല്ലാഹു നിങ്ങൾക്ക് ഗുണം ചെയ്യും.

തർക്കവിതർക്കങ്ങളിലും കലഹങ്ങളിലും മുഴുകുന്നത് നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും വചനശാസ്ത്രത്തെ ഇഷ്ടപ്പെടുന്നവൻ വിജയിക്കുകയില്ല. വചനശാസ്ത്രമെന്ന നവീനപ്രവണതയിലേർപ്പെടുന്നവരെല്ലാം അന്തിമമായി ബിദ്അത്തിലേക്കല്ലാതെ എത്തുകയില്ല. കാരണം വചനശാസ്ത്രം ഒരു നന്മയിലേക്കും കൊണ്ടെത്തിക്കുന്നില്ല.

വചനശാസ്ത്രത്തേയോ തർക്കങ്ങളെയോ ഞാൻ ഇഷ്ടപ്പെടുന്നില്ല. നബി ﷺ യുടെ സുന്നത്തും, മുൻഗാമികളുടെ ചര്യയും നിങ്ങൾക്ക് പ്രയോജനം നൽകുന്ന

[1] മനാഖിബുൽ ഇമാം അഹ്മദ് / ഇബ്നുൽ ജൗസി: 163.

[2] അൽ ഇബാന / ഇബ്നുബത്വ: 2/539.

വിജ്ഞാനവും നിങ്ങൾ മുറുകെ പിടിക്കുക. തർക്കങ്ങളും വക്രതയുള്ളവരുടെയും താർക്കികരുടെയും വചനശാസ്ത്രചർച്ചകളും നിങ്ങൾ വെടിയുക.

ഞങ്ങൾ മുൻഗാമികളെ കണ്ടപ്പോൾ അവർക്കാർക്കും ഇതൊന്നും അറിയില്ലായിരുന്നു. വചനശാസ്ത്രക്കാരിൽ നിന്ന് അവർ അകലം പാലിക്കുകയായിരുന്നു ചെയ്തിരുന്നത്. വചനശാസ്ത്രം നന്മയിൽ പര്യവസാനിക്കുകയില്ല. എല്ലാ പരീക്ഷണങ്ങളിൽനിന്നും നാശത്തിൽനിന്നും നമ്മെയെല്ലാം അല്ലാഹു കാത്തുരക്ഷിക്കട്ടെ.” [1]

عن أحمد قال: «إذا رأيت الرجل يحب الكلام فاحذره»

7) ഇമാം അഹ്മദ് പറഞ്ഞു: “ഒരു മനുഷ്യൻ വചനശാസ്ത്രത്തെ ഇഷ്ടപ്പെടുന്നതായി നീ കാണുന്നുവെങ്കിൽ അയാളെ നീ സൂക്ഷിക്കുക.” [2]

മതത്തിന്റെ മൗലിക വിഷയങ്ങളിലുള്ള ഇമാം അഹ്മദിന്റെ ചില പ്രസ്താവനകളും, വചനശാസ്ത്രത്തോടുള്ള അദ്ദേഹത്തിന്റെ സമീപനവുമാണ് മുകളിൽ നാം ഉദ്ധരിച്ചത്.

[1] അൽ ഇബാന / ഇബ്നുബത്വ: 2/539.

[2] അൽ ഇബാന: / ഇബ്നുബത്വ: 2/540.

## സമാപനം

ഇതുവരെ വിവരിച്ചതിൽ നിന്നും നാലു ഇമാമുകളുടെയും പ്രസ്താവനകളിലുള്ള ഐക്യവും യോജിപ്പും വളരെ വ്യക്തമാണ്. കാരണം അവരുടെയെല്ലാം വിശ്വാസം –അഖീദ- ഒന്നായിരുന്നു.

ഈമാനുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ ഇമാം അബൂഹനീഫ ﵀ ക്ക് മാത്രം വേറിട്ടൊരഭിപ്രായമുണ്ടെന്നുള്ളതാണ് ഇതിനൊരപവാദമായിട്ടുള്ളത്. അതിൽ നിന്ന് അദ്ദേഹം പിൻവാങ്ങിയിട്ടുണ്ടെന്നും പറയപ്പെടുന്നു.

മുസ്‌ലിംകളെ സുസമ്മതമായ ഒരു വചനത്തിൽ ഏകോപിപ്പിക്കുവാനും മതത്തിൽ ഭിന്നിക്കുന്നതിൽ നിന്നും അവരെ രക്ഷിക്കുവാനും ഈ ഒരു വിശ്വാസം മാത്രമേ അനുയോജ്യമായിട്ടുള്ളൂ. കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും അവന്റെ റസൂലിന്റെ സുന്നത്തിൽ നിന്നും സ്വാംശീകരിച്ചിട്ടുള്ളതാണ് ഈ വിശ്വാസം.

എന്നാൽ ജനങ്ങളിൽ വളരെ കുറച്ചു പേർ മാത്രമേ ഈ ഇമാമുകളുടെ വിശ്വാസത്തെ അറിയുകയും അർഹമായ രൂപത്തിൽ മനസ്സിലാക്കുകയും ഉൾകൊള്ളുകയും ചെയ്തിട്ടുള്ളൂ.

എന്നാൽ ഇമാമീങ്ങൾ (അല്ലാഹുവിന്റെ വിശേഷണങ്ങൾക്ക് അർത്ഥമോ വിശദീകരണമോ നൽകാത്ത) മുഫവ്വിദ്വ ചിന്താഗതിക്കാരായിരുന്നു എന്ന ഒരു പ്രചാരണം വ്യാപകമായിട്ടുണ്ട്. ഇമാമീങ്ങൾക്ക് പ്രമാണങ്ങളുടെ (അർത്ഥമറിയാതെയുള്ള) വായന മാത്രമേ സാധ്യമായിരുന്നുള്ളൂ എന്നാണ് അവരുടെ വാദം. അല്ലാഹു അവന്റെ സന്ദേശം അവതരിപ്പിച്ചത് ഒരു പ്രയോജനവുമില്ലാതെ അവതരിപ്പിച്ചു എന്നാണ് ആ പറയുന്നതിന്റെ മറുവശം.

എന്നാൽ അല്ലാഹു ഖുർആനിൽ പറഞ്ഞത് നോക്കൂ:

﴿كِتَابٌ أَنْزَلْنَاهُ إِلَيْكَ مُبَارَكٌ لِيَدَّبَّرُوا آيَاتِهِ وَلِيَتَذَكَّرَ أُولُو الْأَلْبَابِ﴾ [ص: ٢٩]

“നിനക്കു നാം അവതരിപ്പിച്ചുതന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെ പറ്റി അവർ ചിന്തിച്ചുനോക്കുവാനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി.” (സ്വാദ്: 29)

## നാല് ഇമാമുകളുടെയും വിശ്വാസം

﴿وَإِنَّهُ لَتَنْزِيلُ رَبِّ الْعَالَمِينَ * نَزَلَ بِهِ الرُّوحُ الْأَمِينُ * عَلَى قَلْبِكَ لِتَكُونَ مِنَ الْمُنْذِرِينَ * بِلِسَانٍ عَرَبِيٍّ مُبِينٍ﴾ [الشعراء: ١٩٢-١٩٥]

"തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്രീൽ) നിന്റെ ഹൃദയത്തിൽ അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നീ താക്കീതു നൽകുന്നവരുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബിഭാഷയിലാണ് (അത് അവതരിപ്പിച്ചത്)" (ശുഅറാഅ്: 192-195)

﴿إِنَّا أَنْزَلْنَاهُ قُرْآنًا عَرَبِيًّا لَعَلَّكُمْ تَعْقِلُونَ﴾ [يوسف: ٢]

"നിങ്ങൾ ഗ്രഹിക്കേണ്ടതിനായി അത് അറബിഭാഷയിൽ വായിക്കപ്പെടുന്ന ഒരു പ്രമാണമായി നാം അവതരിപ്പിച്ചിരിക്കുന്നു." (യൂസുഫ്: 2)

അല്ലാഹു വേദഗ്രന്ഥം അവതരിപ്പിച്ചത് അതിനെ കുറിച്ച് ഉറ്റാലോചിക്കാനും അതിൽ നിന്നും പാഠമുൾകൊള്ളുവാനും വേണ്ടിയാണ്. സ്പഷ്ടമായ അറബിഭാഷയിൽ അവൻ അത് അവതരിപ്പിച്ചത് ജനങ്ങൾക്ക് അതിന്റെ അർത്ഥം മനസ്സിലാക്കുന്നതിനും ഗ്രഹിക്കുന്നതിനും വേണ്ടിയാണ് എന്നും അവൻ അറിയിച്ചിരിക്കുന്നു.

അല്ലാഹു ഒരു കാര്യം സ്പഷ്ടമായി അവതരിപ്പിച്ചു എന്ന് വന്നാൽ അതിന്റെ അർത്ഥം –അത് അവതരിച്ചു കിട്ടിയ ജനങ്ങൾക്ക്, അവരുടെ ഭാഷയിൽ- പഠിക്കാൻ എളുപ്പമുള്ളതായിരിക്കണം.

മാത്രമല്ല, അതിന്റെ അർത്ഥം അറിയുക അസാധ്യമായിട്ടുള്ളതാണെങ്കിൽ ഖുർആനിന്റെ അവതരണം ഒരു പാഴ്ക്രിയ മാത്രമായിത്തീരുന്നു. ഒരു സമൂഹത്തിന് അവതരിച്ചുകിട്ടുന്ന വാക്യങ്ങൾ യാതൊരു അർത്ഥവുമില്ലാതെ കേവലാക്ഷരങ്ങളുടെ സ്ഥാനത്താണെങ്കിൽ അതിൽ പ്രയോജനമൊന്നുമില്ലല്ലോ?!

അതിനാൽ (ഇമാമീങ്ങൾ അല്ലാഹുവിന്റെ വിശേഷണങ്ങൾ വിശദീകരിക്കാത്തവരായിരുന്നു എന്ന) ഈ അഭിപ്രായം, സ്വഹാബികളുടെയും താബിഉകളുടെയും അവർക്കുശേഷം വന്ന ഇമാമുകളുടെയും വിശ്വാസത്തിന് നേരെയുള്ള കയ്യേറ്റമാണ്. അവർക്ക് യാതൊരു ബന്ധവുമില്ലാത്ത കാര്യം അവരുടെ മേൽ കെട്ടിച്ചമക്കുകയാണ് ഈ വാദം പറയുന്നവർ ചെയ്യുന്നത്.

യഥാർത്ഥത്തിൽ അല്ലാഹു അവതരിപ്പിച്ച പ്രമാണങ്ങളുടെ ആശയാർത്ഥങ്ങൾ മുൻഗാമികൾക്ക് അറിയാമായിരുന്നു. നബി ﷺ ജീവിച്ചിരുന്ന കാലഘട്ടത്തോട് അടുത്തുള്ളവരായിരുന്നു എന്നതിനാൽ അവർക്ക് അത് ഗ്രഹിക്കാൻ സാധിച്ചിരുന്നു.

## നാല് ഇമാമുകളുടെയും വിശ്വാസം

അല്ല! ജനങ്ങളിൽ അതിന് ഏറ്റവും അർഹരായിട്ടുള്ളവർ അവർ തന്നെയാണ്. കാരണം ഖുർആനിന്റെയും സുന്നത്തിന്റെയും പ്രമാണങ്ങൾ അറിയിച്ച സൂചനകളിൽ നിന്ന് അനേകം ഇബാദത്തുകൾ അല്ലാഹുവിന് വേണ്ടി നിർവ്വഹിച്ചവരാണ് അവർ. അല്ലാഹുവിൽ നിന്നുള്ള മതനിയമങ്ങളുടെ ഭാഗമാണ് ആ ആരാധനകൾ എന്നും, അവ സത്യമാണെന്നും വിശ്വസിച്ചവരായിരുന്നു അവർ.

ഇങ്ങനെ തങ്ങളുടെ ആരാധ്യനിലേക്ക് എത്തിക്കുന്ന വഴി അവർ പ്രമാണങ്ങളിൽ നിന്ന് മനസ്സിലാക്കിയെങ്കിൽ എങ്ങനെയാണ് ആ ആരാധ്യനെ കുറിച്ച് –അവന്റെ പൂർണ്ണതയുടെ വിശേഷണങ്ങളിലൂടെ- അവർ അറിയാതിരിക്കുക?! അല്ലാഹു സ്വന്തത്തെ കുറിച്ച് വിവരിച്ചു കൊണ്ട് തന്റെ ദാസന്മാർക്ക് അവതരിപ്പിച്ചു നൽകിയ ആ വചനങ്ങളുടെ അർത്ഥം എങ്ങനെയാണ് അവർ ഗ്രഹിക്കാതിരിക്കുക?!

ചുരുക്കത്തിൽ, ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ള തെളിമയാർന്ന വിശ്വാസമാണ് ഈ നാലു ഇമാമുകളുടേയും വിശ്വാസം. ആ വിശ്വാസത്തിൽ അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്ന 'തഅ്ത്വീലി'ന്റെയോ, അവയുടെ അർത്ഥം മാറ്റിപ്പറയുന്ന 'തഅ്വീലി'ന്റെയോ, അവയെ സൃഷ്ടികളോട് സദൃശ്യപ്പെടുത്തുന്ന 'തശ്ബീഹി'ന്റെയോ തുല്ല്യതപ്പെടുത്തുന്ന 'തംസീലി'ന്റെയോ കലർപ്പുകൾ കയറിപ്പറ്റിയിട്ടില്ല.

അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിച്ചവരും അവയെ സദൃശ്യപ്പെടുത്തിയവരും അല്ലാഹുവിന്റെ വിശേഷണങ്ങളിൽ നിന്ന് മനസ്സിലാക്കിയത് സൃഷ്ടികളുമായി ബന്ധപ്പെട്ട അർത്ഥം മാത്രമാണ്; അതൊരിക്കലും അല്ലാഹു മനുഷ്യരെ സൃഷ്ടിച്ച ശുദ്ധപ്രകൃതത്തിന് യോജിക്കുന്ന രീതിയല്ല. കാരണം അല്ലാഹുവിന്റെ സത്തയിലോ വിശേഷണങ്ങളിലോ പ്രവർത്തനങ്ങളിലോ അവന് തുല്ല്യനായി മറ്റൊന്നുമില്ല.

ഈ ഗ്രന്ഥം മുസ്ലിംകൾക്ക് പ്രയോജനപ്പെടുവാനും ഒരേ വിശ്വാസത്തിലും മാർഗത്തിലും അഥവാ ഖുർആനിന്റെയും സുന്നത്തിന്റെയും വിശ്വാസത്തിലും മുഹമ്മദ് ﷺ യുടെ മാർഗത്തിലും ചര്യയിലും അല്ലാഹു അവരെ ഏകോപിപ്പിക്കുവാനും ഞാൻ അല്ലാഹുവോട് അകമഴിഞ്ഞ് പ്രാർത്ഥിക്കുന്നു. നമ്മുടെ ഉദ്ദേശം അല്ലാഹു അറിയുന്നവനാണ്. അവൻ നമുക്ക് മതിയായവനും ഏറ്റവും നല്ല കാര്യസ്ഥനുമാണ്.

وآخر دعوانا أن الحمد لله رب العالمين، وصلى الله على نبينا محمد.

# ഉള്ളടക്കം

**ആമുഖം ........................................................................................ 3**

**നാലു ഇമാമീങ്ങളുടെയും വിശ്വാസം ഒന്നുതന്നെ .................... 5**

**ഇമാം അബൂഹനീഫ ﵀ യുടെ വിശ്വാസം.................................. 8**

തൗഹീദുമായി ബന്ധപ്പെട്ട പ്രസ്താവനകൾ: ............................ 8

ഖദ്റുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:................................ 17

ഈമാനുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:........................... 22

സ്വഹാബികളുടെ വിഷയത്തിലുള്ള പ്രസ്താവനകൾ:............. 23

വചനശാസ്ത്രത്തോടുള്ള എതിർപ്പ്:........................................ 25

**ഇമാം മാലിക് ബിനു അനസി ﵀ ന്റെ വിശ്വാസം ..................... 29**

തൗഹീദുമായി ബന്ധപ്പെട്ട പ്രസ്താവനകൾ: .......................... 29

ഖദ്റുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:................................ 33

ഈമാനുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:........................... 36

സ്വഹാബികളുടെ വിഷയത്തിലുള്ള പ്രസ്താവനകൾ:............. 37

വചനശാസ്ത്രത്തോടുള്ള എതിർപ്പ്:........................................ 41

**ഇമാം ശാഫിഇൗ ﵀ യുടെ വിശ്വാസം ....................................... 45**

തൗഹീദുമായി ബന്ധപ്പെട്ട പ്രസ്താവനകൾ: .......................... 45

ഖദ്റുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:................................ 59

ഈമാനുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:........................... 61

സ്വഹാബികളുടെ വിഷയത്തിലുള്ള പ്രസ്താവനകൾ:............. 75

വചനശാസ്ത്രത്തോടുള്ള എതിർപ്പ്:........................................ 77

## നാല് ഇമാമുകളുടെയും വിശ്വാസം

**ഇമാം അഹ്മദ് ﵀ യുടെ വിശ്വാസം: ........................................79**

തൗഹീദുമായി ബന്ധപ്പെട്ട പ്രസ്താവനകൾ: ..........................79

ഖദ്റുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:................................82

ഈമാനുമായി ബന്ധപ്പെട്ട പ്രസ്താവനകൾ:...........................84

സ്വഹാബികളുടെ വിഷയത്തിലുള്ള പ്രസ്താവനകൾ:.............86

വചനശാസ്ത്രത്തോടുള്ള എതിർപ്പ്:........................................89

സമാപനം **..........................................................................92**